# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 52

വാല്യം - 16 ലക്കം - 2 മകരം - 1199 ഫെബ്രുവരി 2024



# എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

## 66-ാമത് വാർഷികാഘോഷവും
## 29-ാമത് കഥകളി അവാർഡ്ദാനവും

### 2024 ഫെബ്രുവരി 27 ന് ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി ഡി എം ഹാളിൽ

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 66–ാം വാർഷികാഘോഷവും, 29–ാമത് കഥകളി പുരസ്കാരങ്ങളും 2024 ഫെബ്രുവരി 27 ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഹാളിൽ നടക്കുന്ന പൊതു ചടങ്ങിൽ വച്ച് വിതരണം ചെയ്യും.

ഈ വർഷത്തെ കളഹംസം (വേഷം) അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. കലാനിലയം ഗോപാലകൃഷ്ണൻ അവർകളാണ്. തൗര്യത്രികം അവാർഡുകൾ ശ്രീ. കലാമണ്ഡലം ജയപ്രകാശ് (കഥകളി സംഗീതം), ശ്രീ. കലാമണ്ഡലം ബാലസുന്ദരൻ (ചെണ്ട), ശ്രീ. ബിജു ആറ്റുപുറം (മദ്ദളം) എന്നിവർക്കാണ്. കൂടാതെ ശ്രീ. ചിങ്ങോലി പുരുഷോത്തമൻ (ചുട്ടി), ശ്രീ. നെടുമുടി മധുസൂദന പണിക്കർ (അണിയറ) എന്നിവരും അവാർഡിന് അർഹരായിട്ടുണ്ട്. കഥകളിയിലെ സ്ത്രീസാന്നിദ്ധ്യങ്ങൾക്കായുള്ള പ്രത്യേക പുരസ്ക്കാരം ശ്രീമതി. ദീപ പാലനാടിനും നല്കുന്നു. തുടർന്ന് നളചരിതം ഒന്നാം ദിവസം കഥകളിയും ഉണ്ടായിരിക്കും.

ഏവരുടേയും മഹനീയസാന്നിദ്ധ്യം സാദരം ക്ഷണിച്ചു കൊള്ളുന്നു.



**കലാനിലയം ഗോപാലകൃഷ്ണൻ**
കളഹംസം(വേഷം)



**കലാമണ്ഡലം ജയപ്രകാശ്**
സംഗീതം



**കലാമണ്ഡലം ബാലസുന്ദർ**
ചെണ്ട



**ബിജു ആറ്റുപുറം**
മദ്ദളം



**ചിങ്ങോലി പുരുഷോത്തമൻ**
ചുട്ടി



**നെടുമുടി മധുസൂദന പണിക്കർ**
അണിയറ



**ദീപ പാലനാട്**



## കഥ: നളചരിതം ഒന്നാം ദിവസം

കഥാസാരം

നളമഹാരാജാവിന്റെ കൊട്ടാരത്തിൽ നാരദമഹിർഷി എത്തി കുണ്ഡിനപുരത്തെ രാജകുമാരി ദമയന്തി നളന് യോഗിച്ച ളാണെന്ന് പറയുന്നു. ദമയന്തിയുടെ രൂപലാവണ്യത്തെപ്പറ്റി കേട്ട് രാജ്യകാര്യങ്ങളിൽ ശ്രദ്ധയില്ലാതെ ഉദ്യാനത്തിലിരിക്കുന്ന നളൻ അവിടെ ഒരു സ്വർണ്ണവർണ്ണമുള്ള അരയന്നത്തെ കണ്ട് അതിനെ പിടിക്കുന്നു. ഹംസം വിലപിച്ചപ്പോൾ അതിനെ വിട്ടയക്കുന്നു. ഹംസം തിരിച്ച് നളന്റെ അടുത്തെത്തി, താൻ ദമയന്തിയുടെ മനസ്സറിഞ്ഞു വരാം എന്ന് പറഞ്ഞു കുണ്ഡിനപുരിയിലേക്ക് പോകുന്നു.

കുണ്ഡിനപുരത്തെ ഉദ്യാനത്തിൽ ഇരിക്കുന്ന ദമയന്തിയെ തോഴിമാരിൽ നിന്ന് അകറ്റി ഹംസം നളനേക്കുറിച്ച് പറഞ്ഞ് നളനോടുള്ള പ്രേമം ഉറപ്പിച്ചു ഈ വിവരം നളനെ അറിയിക്കാനായി തിരിച്ചു പോകുന്നു.

## കാര്യപരിപാടി

| | |
|---|---|
| മുഖ്യാതിഥി | : **ബഹു. ജസ്റ്റിസ്. പി. ഗോപിനാഥ്** <br> കേരള ഹൈക്കോടതി |
| സ്വാഗതം | : **ശ്രീ. എസ്. ശരത് കുമാർ** <br> കൺവീനർ കഥകളി ക്ലബ്ബ് |
| അദ്ധ്യക്ഷപ്രസംഗം | : **ശ്രീ. ആലപ്പാട്ട് മുരളീധരൻ** <br> (പ്രസിഡന്റ് എറണാകുളം കരയോഗം) |
| ആമുഖ പ്രഭാഷണം | : **ശ്രീ. പി. രാമചന്ദ്രൻ (വേണു)** <br> (ജനറൽ സെക്രട്ടറി എറണാകുളം കരയോഗം |
| അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തൽ | : **ശ്രീമതി. പ്രീത ജയപ്രകാശ്** |
| പുരസ്കാരസമർപ്പണം | : **ബഹു. ജസ്റ്റിസ്. പി. ഗോപിനാഥ്** |
| ആശംസകൾ | : **ശ്രീ. കെ. രാധാകൃഷ്ണൻ** |
| മറുപടി പ്രസംഗം | : **അവാർഡ് ജേതാക്കൾ** |
| നന്ദി | : **ശ്രീ. സതീഷ് വർമ്മ** |

**തുടർന്ന് കഥകളി നളചരിതം ഒന്നാം ദിവസം**

നളൻ : കലാ: പ്രശാന്ത്, നാരദൻ : ഹരിദാസ്, ഹംസം: സദനം ഭാസി, ദമയന്തി : വെള്ളിനേഴി ഹരിദാസ്, സഖിമാർ: ആർ. എൽ.വി. രാജലക്ഷ്മി, ആർ.എൽ.വി. കൃഷ്ണേന്ദു, പാട്ട് (ആദ്യ പകുതി) കലാമണ്ഡലം ജയപ്രകാശ് (അവാർഡ് ജേതാവ്) & പാർട്ടിയും, പാട്ട് (രണ്ടാം പകുതി ) : ശ്രീമതി. ദീപ പാലനാട് അവാർഡ് ജേതാവ് & പാർട്ടിയും, ചെണ്ട: കലാമണ്ഡലം ബാല സുന്ദർ, മദ്ദളം: ബിജു ആറ്റുപുറം, ചുട്ടി : പുരുഷോത്തമൻ ചിങ്ങോലി, ഉടുത്തു കെട്ട്: മധുസൂദന പണിക്കർ, ചേർത്തല രാമചന്ദ്രൻ മുതൽ പേർ



## എഡിറ്റോറിയൽ

# ജയ് ശ്രീറാം

അങ്ങനെ അഞ്ച് നൂറ്റാണ്ടുകളായി നാം ചുമന്നിരുന്ന അടിമത്വത്തിന്റെ അവശിഷ്ടഭാണ്ഡങ്ങളിലൊന്ന് ഇറക്കി വെച്ച് പകരം അവിടെ സ്വാഭിമാനത്തിന്റെ ക്ഷേത്രം ഉയർന്നിരിക്കുന്നു- ഭവ്യമായ ശ്രീരാമക്ഷേത്രം. 2024 ജനുവരി 22ന് ഉച്ചക്ക് 12.29ന് ശ്രീരാമജന്മസ്ഥാനത്ത് ബാലകരൂപവിഗ്രഹപ്രാണപ്രതിഷ്ഠ അത്യാഘോഷപൂർവ്വം നടത്തപ്പെട്ടു. ഈ സുദിനം ഭാരതത്തിന്റെ സംസ്ക്കാരിക സ്വാതന്ത്ര്യദിനമായി നാം കൊണ്ടാടണം. യുഗയുഗങ്ങളായി ഭാരതം പല നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നെങ്കിലും സനാതനധർമ്മവും അതിന്റെ സംസ്കാരവുമാണ് നമ്മെയെല്ലാം ഒന്നിപ്പിച്ചിരുന്നത്. ഇന്നും അങ്ങനെ തന്നെ.ആ സംസ്കാരത്തെ ഉന്മൂലം ചെയ്യുന്നതിനു വേണ്ടിയാണ് വൈദേശിക ശക്തികൾ എന്നും നമ്മുടെ ക്ഷേത്രങ്ങളെ തകർത്തുകൊണ്ടിരുന്നത്. അതിന്റെ ദൃഷ്ടാന്തങ്ങളാണ് അയോദ്ധ്യയും കാശിയും മധുരയുമെല്ലാം. ഇങ്ങനെയുള്ള അനേകമനേകം പവിത്രസ്ഥാനങ്ങളുള്ളതുകൊണ്ടുതന്നെയാണ് ഭാരതം പുണ്യഭൂമി എന്ന് അറിയപ്പെടുന്നത്. സോമനാഥക്ഷേത്രത്തിനായുള്ള ജ്യോതിർലിംഗ സ്ഥാപനം നിർവ്വഹിച്ചുകൊണ്ട് ആരാധ്യനായ അന്നത്തെ രാഷ്ട്രപതി പറഞ്ഞത് 'ജനമനസ്സുകളിൽ ഭക്തിയും ശ്രദ്ധയും ഉള്ള ഒരു പ്രതീകത്തെയും നശിപ്പിക്കാനുള്ള അധികാരം ലോകത്തിൽ ഒരു വ്യക്തിക്കും ശക്തിക്കും ഇല്ലെന്നുള്ള സന്ദേശമാണ് സോമനാഥക്ഷേത്ര പുനർനിർമ്മാണം നല്കുന്നത്'. ഈ വാക്കുകൾ എന്നും പ്രസക്തമാണ്. അങ്ങനെയുള്ള പുണ്യസങ്കേതങ്ങൾ തകർത്ത് ആ സ്ഥാനത്ത് എന്ത് നിർമ്മിച്ചാലും അത് കാലം തുടച്ച്നീക്കും. ധർമ്മാനുസൃതമായി എന്താണോ അവിടെയെല്ലാം സ്ഥാപിതമായിരുന്നത് അതെല്ലാം പുനസ്ഥാപിക്കപ്പെടും. അത് പ്രകൃതിനിയമമാണ്.

# ഉള്ളടക്കം

വാല്യം 16 | ലക്കം 2 | ഫെബ്രുവരി 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| ചട്ടമ്പിസ്വാമിതിരുവടികൾ | 14 |
| പഞ്ചാക്ഷരീസ്തോത്രമാഹാത്മ്യം | 17 |
| ആഗോളതാപനം വീണ്ടും ആശങ്കാജനകം | 20 |
| ദൃക്ക് ദൃശ്യ വിവേകം | 23 |
| ചെമ്പകരാമൻപിള്ള | 27 |
| അമ്മമ്മ | 32 |
| കാൻസർ രോഗം | 37 |
| ഡെങ്കിപനി | 40 |
| അമ്മ | 43 |
| വ്യാസന്റെ സ്ത്രീകഥാപാത്രങ്ങൾ | 45 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ശ്രീരാമദേവന്റെ ദേഹത്യാഹത്തിനുശേഷം ശ്രീരാമജന്മസ്ഥാനത്ത് അദ്ദേഹത്തിന്റെ ക്ഷേത്രം നിർമ്മിച്ചത് രാമപുത്രനായ ലവനാണെന്നാണ് വിശ്വാസം. കാലങ്ങളേറെ കഴിഞ്ഞ് C.E. 1114 –ൽ ശ്രീരാമഭക്തനായ ഗോവിന്ദചന്ദ എന്ന രാജാവ് ശ്രീരാമവിഗ്രഹം നിലനിർത്തിക്കൊണ്ട് അവിടെ ഒരു മനോഹരക്ഷെത്രം പണി കഴിപ്പിച്ചു എന്ന് പറയപ്പെടുന്നു. അതല്ല വിക്രമാദിത്യന്റെ കാലത്താണ് ക്ഷേത്രപുനർനിർമ്മാണം നടന്നതെന്നും പറയപ്പെടുന്നുണ്ട്. ആ ക്ഷേത്രമാണ് 1528–ൽ ബാബർ എന്ന വൈദേശികാക്രമണകാരിയുടെ ആജ്ഞ അനുസരിച്ച് രാക്ഷസിയതയുടെ ആൾരൂപമായിരുന്ന പടത്തലവൻ മീർബാഖി തകർത്തത്. ഹിന്ദുവിനെ വീണ്ടും ചവുട്ടി താഴ്ത്തുന്നതിനുവേണ്ടി ക്ഷേത്രസ്ഥാനത്തു തന്നെ മറ്റൊരു നിർമ്മാണം നടത്തി. ഇങ്ങനെ ഇടിച്ചു താഴ്ത്തുന്നതിനു വേണ്ടി തന്നെ ആയിരിക്കണം അയോദ്ധ്യയിലും കാശിയിലും മധുരയിലുമെല്ലാം ക്ഷേത്രങ്ങൾ തകർത്ത് അവിടവിടെത്തന്നെ പള്ളികൾ പണിതത്. എത്ര മതഭ്രാന്തനായിരുന്നു ഈ ആക്രമണകാരി എന്നുള്ളത് ചിന്തിക്കുക എന്നിട്ടും സ്വന്തം രാജ്യത്തെ ആക്രമിച്ച് ഇവിടെയുണ്ടായിരുന്ന ക്ഷേത്രങ്ങളേയെല്ലാം കൊള്ളയടിച്ച് എണ്ണിതിട്ടപ്പെടുത്താൻ പോലും സാധിക്കാത്തത്ര സ്വർണ്ണരത്ന നിധികളെല്ലാം കവർന്നെടുത്ത ഈ കാപാലികർക്കുവേണ്ടി നിലക്കൊള്ളുന്നവർ ഇന്നും ഇവിടെ ഉണ്ടല്ലോ എന്നതോർക്കുമ്പോഴാണ് നമുക്ക് അവരെ ഓർത്ത് ലജ്ജ തോന്നുന്നത് എന്തുതന്നെ ആയാലും രാഷ്ട്രത്തേക്കൾ വലുതലല്ലോ മതവും ജാതിയും. അതുകൊണ്ടു തന്നെ ജാതിമതചിന്തകൾക്കെല്ലാം മേലേ വേണം രാഷ്ട്രചിന്ത–ഭാരതീയർ എന്ന അഭിമാനബോധം.

1526–ൽ മീർബാഖി ക്ഷേത്രം കയ്യേറിയ അന്നു തുടങ്ങിയതാണ് ശ്രീരാമജന്മസ്ഥാനത്തിന്റെ മോചനത്തിനായുള്ള പരിശ്രമങ്ങൾ. എത്ര ലക്ഷങ്ങളായിരിക്കും ഈ സ്വാഭിമാന പോരാട്ടത്തിൽ വീരചരമമടഞ്ഞത്. ഏതായാലും ഇപ്പോഴിതാ രാമജന്മഭൂമി നാം വീണ്ടെടുത്ത് അവിടെ ശ്രീരാമക്ഷേത്രവും നിർമ്മിച്ചിരിക്കുന്നു. ക്ഷേത്രത്തിന് സമീപത്തായി മറ്റ് 13 ക്ഷേത്രങ്ങൾ കൂടി നിർമ്മിക്കുന്നുണ്ട്. മഹാഗണപതി, ശ്രീപരമേശവരൻ, സൂര്യൻ, ജഗദംബികം, അന്നപൂർണ്ണേശ്വരി, വാല്മീകി, വസിഷ്ഠൻ, വിശ്വാമിത്രൻ, ശബരി, ജഡായു തുടങ്ങിയവരുടെ ക്ഷേത്രങ്ങളാണ് അയോദ്ധ്യാനഗരിയിൽ പുതിയതായി ഉണ്ടാകാൻ പോകുന്നത്

നമ്മുടെ സാംസ്കാരിക തനിമയുടെ ഉയർത്തെഴുനേല്പിന്റെ അടയാളപ്പെടുത്തലായി അയോദ്ധ്യയും രാമക്ഷേത്രവും പുനർ നിർമ്മിക്കുമ്പോൾ നാം നന്ദിയോടെ ചിലരെ സ്മരിക്കേണ്ടതുണ്ട്. അതിൽ ആദ്യം രാമജന്മഭൂമിപ്രക്ഷോഭങ്ങളിൽ വീരമൃത്യു വരിച്ച കോത്താരി സഹോദന്മാരെ പോലെ വീരചരമമടഞ്ഞ ലക്ഷകണക്കിന് ധീരദേശസ്നേഹികൾ പിന്നീട് സ്വതന്ത്രഭാരതത്തിലെ ആദ്യമന്ത്രിസസഭയുടെ കാലത്ത് ശ്രീരാമവിഗ്രഹം അവിടെ നിന്ന് നീക്കം ചെയ്യാനുള്ള ഉത്തരവ് നടപ്പാക്കാതെ ജോലി രാജിവെച്ച് രാമജന്മഭൂമിയുടെ സ്ഥലത്തിന്റെ മോചനത്തിനായുള്ള സമരത്തിൽ പങ്കുചേർന്ന ആലപ്പുഴക്കാരൻ ശ്രീ. കെ.കെ. നായർ. തന്റെ ജോലി സത്യസന്ധതയോടെ നിറവേറ്റി ക്ഷേത്രാവശിഷ്ടങ്ങളെല്ലാം കണ്ടെടുത്ത് റിപ്പോർട്ട് തയ്യാറാക്കിയ അന്നത്തെ ആർക്കിയോളജിക്കൽ വകുപ്പ് ഡെപ്യൂട്ടറി ഡയറക്ടറായ ശ്രീ. കെ.കെ. മുഹമ്മദ് സർക്കാരിനും എതിർകക്ഷികൾക്കും വേണ്ടി സുപ്രീംകോടതിയിൽ അണിനിരന്ന അഭിഭാഷക കൂട്ടങ്ങളുടെ വാദങ്ങളെയെല്ലാം നിഷ്പ്രഭമാക്കി, രാമജന്മഭൂമി ഹിന്ദുക്കൾക്ക് ക്ഷേത്രം നിർമ്മിക്കാൻ വിട്ടു നല്കണമെന്ന് വാദിച്ച് അതു നേടിയെടുത്ത അഭിഭാഷകകുലപതി പത്മവിഭൂഷൻ കെ.പരാശരൻ. ഇവരെയെല്ലാം ഏക്കാലവും നമ്മൾ നന്ദിയോടെ സ്മരിക്കണം.

അങ്ങനെ ഭാരതത്തിന്റെ സാംസ്കാരികമണ്ഡലത്തിൽ ഒരു പുതുയുഗാരംഭം കുറിച്ചിരിക്കുന്നു. അടിമത്വത്തിന്റെ അവശേഷിക്കുന്ന അടയാളങ്ങളും തുടച്ച് മാറ്റി സനാതനധർമ്മാധിഷ്ഠിത സംസ്കാരം പുനസ്ഥാപിക്കാൻ നമുക്ക് കഴിയട്ടെ അതിനുള്ള പ്രചോദനമാവട്ടെ അയോധ്യയിലെ ഭവ്യമായ ശ്രീരാമക്ഷേത്രം– പ്രതീക്ഷയോടെ കാത്തിരിക്കാം. ജയ് ശ്രീറാം–

*****

ജയ്ഹിന്ദ്



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

**2025** എറണാകുളം കരയോഗത്തിന്റെ ശതാബ്ദി വർഷമാണ്. കരയോഗത്തെ സംബന്ധിച്ച് ശതാബ്ദിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിപാടികളും പദ്ധതികളും ആണ് തയ്യാറാക്കേണ്ടത് എന്ന് ആലോചിക്കേണ്ട സമയമാണ്. അതിന്റെ മുന്നോടിയായി ജനുവരി 31ന് എറണാകുളം കരയോഗത്തിലെ മുൻഭരണസമിതി അംഗങ്ങളെ ഉൾപ്പെടെയുള്ള മുതിർന്ന അംഗങ്ങളെ ക്ഷണിച്ചുകൊണ്ടും കരയോഗത്തിലെ അംഗങ്ങൾക്ക് അറിയിപ്പ് നൽകികൊണ്ടും പ്രാഥമിക യോഗം കൂടുകയുണ്ടായി. യോഗത്തിൽ എത്തിച്ചേർന്ന അംഗങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുമുണ്ടായി. കരയോഗം ഭരണസമിതി മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടെ കൂടുതൽ അഭിപ്രായങ്ങൾ സ്വരൂപി ക്കുകയും ആയതും കൂടി പരിഗണിച്ച് പദ്ധതിയുടെ പരിപാടികൾ തയ്യാറാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇവയെല്ലാം വിശകലനം ചെയ്ത് 2024 ജൂണിൽ കൂടുന്ന 99-ാമത് വാർഷികപൊതുയോഗത്തിന്റെ അംഗീകാരത്തോടെ മുന്നോട്ട് പോകുകയെന്നതാണ് ലക്ഷ്യം.

കരയോഗസൗഹൃദത്തിന്റെ മുൻലക്കങ്ങളിൽ പലപ്പോഴായി ശതാബ്ദിയെ സംബന്ധിച്ചും, അംഗങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ടും കുറിച്ചിരുന്നു. കൂടുതൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഒരിക്കൽ കൂടി ഈ പംക്തിയിൽ അഭ്യർത്ഥിക്കുന്നു.

നമ്മുടെ സാമ്പത്തീകമായ പരിമിതികളിൽ നിന്നുകൊണ്ട് നഗരത്തിലെ ഒരു പ്രധാന സാമൂഹിക സേവന ജീവകാരുണ്യപ്രസ്ഥാനം എന്ന നിലയിൽ, മാതൃകാപരമായും നഗരത്തെതന്നെ ഉൾപ്പെടുത്തികൊണ്ടുമുള്ള ആശയങ്ങളും കർമ്മപദ്ധതികളും ആണ് നമുക്ക് നടപ്പാക്കേണ്ടത്. അതിനുവേണ്ടി ഈ ശതാബ്ദി ആഘോഷവേളയിൽ വരും തലമുറയ്ക്കും നഗരത്തിനും ഉപകാരപ്രദമാകുന്ന പദ്ധതികൾ ആണ് നൽകേണ്ടത് എന്ന് ഓർമ്മപ്പെടുന്നു.

എറണാകുളം കരയോഗം 37-ാമത് ശ്രീമദ് ഭാഗവത സപ്താഹയഞ്ജം വിദ്യാവാചസ്പതി ജ്ഞാനഹംസം ബ്രഹ്മശ്രീ കിഴക്കുമ്പാട്ട് വിനോദകുമാരശർമ്മ ആചാര്യനായി 2024 ഫെബ്രുവരി 18 മുതൽ 25 വരെ ടി.ഡി.എം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയെ UNESCO പൈതൃക പട്ടികയിൽ ഉൾക്കൊള്ളിക്കുവാൻ വേണ്ടിയുള്ള 'നമ്മുടെ കൊച്ചി' എന്ന പ്രൊജക്റ്റിനെക്കുറിച്ചുള്ള ചർച്ച 17-02-2024 ശനിയാഴ്ച 4 മണി മുതൽ 6 മണിവരെ ടിഡിഎം ഹാളിൽ നടത്തുന്നു. ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ 2024 ഫെബ്രുവരി മാസത്തെ പരിപാടി 18 ഞായറാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ കവിത - ജിയും ഒ.എൻ.വിയും എന്ന വിഷയം ചർച്ച ചെയ്യുന്നു. അവതരണം ശ്രീ. ടി.എൻ.ടി. നായർ (ജി), ശ്രീ. കെ. രാധാകൃഷ്ണൻ (ഒ.എൻ.വി.)

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് വിദ്യാസാഗറിന്റെ പാട്ടുകൾ ടി.ഡി. എം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ഫെബ്രുവരി 23 വെള്ളി

യാഴ്ച വൈകുന്നേരം 6.00 ന് അമൃതാ ജയ കൃഷ്ണൻ അവതരിപ്പിക്കുന്ന ഭരതനാട്യം ടിഡിഎം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 66-ാം വാർഷികാഘോഷത്തോട നുബന്ധിച്ച് 29-ാമത് കളഹംസം (വേഷം), തൗര്യത്രികം (പാട്ട്, ചെണ്ട, മദ്ദളം) കൂടാതെ ചുട്ടി, അണിയറ എന്നീ അവാർഡുകൾ 2024 ഫെബ്രുവരി 27 ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഗംഗാ ഹാളിൽ വച്ച് നല്കുന്നു. ഈ വർഷത്തെ അവാർഡു ജേതാക്കൾ കളഹംസം (വേഷം) അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. കലാനിലയം ഗോപാലകൃഷ്ണൻ അവർകളാണ്. തൗര്യത്രികം അവാർഡുകൾ ശ്രീ. കലാമണ്ഡലം ജയപ്രകാശ്, (കഥകളി സംഗീതം), ശ്രീ. കലാമണ്ഡലം ബാലസുന്ദരൻ (ചെണ്ട), ശ്രീ. ബിജു ആറ്റുപുറം (മദ്ദളം), കൂടാതെ ശ്രീ. ചിങ്ങോലി പുരുഷോത്തമൻ (ചുട്ടി), ശ്രീ. നെടുമുടി മധുസൂദന പണിക്കർ (അണിയറ) എന്നിവർക്കാണ് നല്കുന്നത്. കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യങ്ങൾക്കായുള്ള പ്രത്യേക പുരസ്ക്കാരം ശ്രീമതി. ദീപ പാലനാടിനും നല്കുന്നു. തുടർന്ന് നളചരിതം ഒന്നാം ദിവസം കഥകളിയും ഉണ്ടായിരിക്കും.

എറണാകുളം കരയോഗം 2025 ലെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തപ്പെടേണ്ട പരിപാടികളേയും പദ്ധതികളേയും കുറിച്ച് ആലോചിക്കുന്നതിനായി കരയോഗത്തിലെ വനിതകളുടെ ഒരു യോഗം ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 4 മണിക്കും യുവജനങ്ങളുടെ ഒരു യോഗം ഫെബ്രുവരി 18-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണിക്കും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

## കരയോഗം അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗത്തിലെ അംഗങ്ങൾ നിർബന്ധമായും എറണാകുളം കരയോഗം നിയമാവലി 12-ാം വകുപ്പ് അനുസരിച്ച് ഓരോ അംഗവും തന്റെ പേരിലോ, മേൽ വിലാസത്തിലോ വരുന്ന മാറ്റങ്ങൾ അപ്പപ്പോൾ കരയോഗം ജനറൽ സെക്രട്ടറിയെ നിശ്ചിതഫോറത്തിൽ മതിയായ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.**

**കരയോഗാംഗങ്ങളിൽ പലരും മേൽവിലാസം മാറിയിട്ടും എറണാകുളം കരയോഗത്തെ രേഖാമൂലം അറിയിക്കാത്തതു കൊണ്ട് അംഗങ്ങളുമായുള്ള ആശയവിനിമയങ്ങൾക്കും കരയോഗത്തിൽ നടക്കുന്ന പരിപാടികളെ സംബന്ധിച്ചുള്ള കൃത്യമായി വിവരങ്ങൾ അറിയിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നു എന്ന് ഇതിൽ അറിയിച്ചുകൊള്ളുന്നു. ആയതുകൊണ്ട് മേൽവിലാസം മാറുമ്പോൾ ആ വിവരം അംഗങ്ങൾ ദയവു ചെയ്ത് അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**എന്ന്**
**ജനറൽ സെക്രട്ടറി**
**പി. രാമചന്ദ്രൻ (വേണു)**



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഇങ്ങനെ ചിലത്

പ്രിയപ്പെട്ട കൂട്ടുകാരെ

**രാ**മായണം കൊച്ചുകൂട്ടുകാർക്ക് കേട്ടറിവുള്ള ഒരു കൃതിയായിരിക്കുമല്ലോ? രാമായണം എന്നാൽ രാ-മായണം എന്നാണ്. രാ എന്നാൽ ഇരുട്ട്. ഇരുട്ട് മായണം എന്നുതന്നെയാണ് രാമായണം എന്ന പേരു കൊണ്ടു അർത്ഥമാക്കുന്നത്. ഇരുട്ടുമായുമ്പോൾ എന്താണ്? അവിടേക്ക് വെളിച്ചം വന്നെത്തുന്നു. അഥവാ വെളിച്ചം കടന്നുവരുമ്പോൾ ഇരുട്ട് താനേ ഒഴിഞ്ഞുമാറുന്നു.

രാമായണത്തിലെ മുഖ്യസ്ത്രീ കഥാപാത്രമാണ് സീതാദേവി. ശ്രീരാമന്റെ പ്രിയപത്നി. രാവണൻ സീതയെ കട്ടുകൊണ്ടുപോയതും രാമലക്ഷ്മണന്മാർ വാനരപ്പടയുമായി ചെന്ന് ലങ്ക ഭസ്മീകരിച്ച് സീതയെ വീണ്ടെടുക്കുന്നതുമാണ് രാമായണം പറയുന്നത്.

സീതാ ഭൂമി പുത്രിയാണ്. അതായതത് ഭൂമി തന്നെയാണ് അവൾ. ഭൂമിയിൽ തന്നെയാണ് നദികളും. നദിക്ക് ഭൂമിയെ മുക്കാനാകുന്നതുപോലെ ഭൂമിക്ക് നദിയെ നികത്താനുമാകും. എന്നിരുന്നാലും പരസ്പരശക്തിയേക്കാൾ പരസ്പരബഹുമാനമാണ് വേണ്ടതെന്ന് പഴയ തത്ത്വശാസ്ത്രം പഠിപ്പിക്കുന്നു. പ്രപഞ്ചത്തിലെ ഓരോ അണുവിനേയും ബഹുമാനിക്കാനും വാഴ്ത്താനുമുള്ള വകതിരിവാണ് ഇന്നത്തെ യുവത്വം പുലർത്തേണ്ടത്. മരങ്ങളേയും നദികളേയും, അഗ്നിയേയും മഴയേയും മാനിച്ചിരുന്ന ഒരു കാലം പണ്ടുണ്ടായിരുന്നു, ശാസ്ത്രഭാഷയിൽ പറഞ്ഞാൽ ഇന്നത്തെ ഇക്കോളജിക്കൽ ബാലൻസിന് വേണ്ടിയാണ് പണ്ടുള്ളവർ പ്രാർത്ഥിച്ചതും പ്രവർത്തിച്ചതുമെന്ന് നമുക്ക് ബോദ്ധ്യമാകും. സർപ്പങ്ങളെ കുടിയിരുത്താൻ വേണ്ടി നാം നിർമ്മിച്ച സർപ്പക്കാടുകളും കാവുകളും ഈ ഭൂമിയുടെ ജീവചൈതന്യം നിലനിർത്തുകയായിരുന്നു എന്ന് ഇന്ന് നമ്മളിൽ ചിലരെങ്കിലും തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. അത്രയും ആശ്വാസകരം.

കൊടുങ്കാറ്റും മലവെള്ളവും ഭൂമികുലുക്കവും കൊണ്ട് ഭയപ്പെടുന്ന നാം ഇനി എന്നാണ് ഈ പ്രപഞ്ചത്തെ ആരാധിച്ചു തുടങ്ങുക. ആരാധിക്കുകയെന്നാൽ ഹാനി വരുത്താതെ കാത്തു സൂക്ഷിക്കുകയെന്നുതന്നെയാണ്. ഈ പ്രപഞ്ചത്തിലെ ഓരോ ചരാചരങ്ങളും നമ്മുടെയെല്ലാം ജീവനേയും ജീവിതത്തേയും സ്വാധീനിക്കുന്നുവെന്നും സംരക്ഷിക്കുന്നുവെന്നും ഉള്ള ബോധം നമുക്കുണ്ടാകേണ്ട സമയം. സമാഗതമായിരിക്കുന്ന കാലം തന്നെയാണ് ഇത്.

കാലാവസ്ഥയും ഭൂമിയും ഇവിടെ ഈയിടെയായി വിതച്ചുകൊണ്ടിരിക്കുന്ന കെടുതികളുടെ അനന്തരഫലം വളരെ വലുതായിരിക്കും എന്നു തന്നെ പറയട്ടെ നമ്മുടെ പാദസ്പർശം കൊണ്ട്, ഒരെറുമ്പിനു പോലും വേദനിക്കരുതെന്ന് ആഗ്രഹിക്കുകയും, ജലത്തിലിറങ്ങും മുമ്പ് അനുവാദം ചോദിച്ചിറങ്ങുകയും ചെയ്തിരുന്ന ഒരു പൂർവ്വകാലം നമുക്കുണ്ടായിരുന്നു.

സനാതനധർമ്മത്തിന്റെ പരമമായ പ്രമാണങ്ങൾ വേദങ്ങളാണ്. ഭാഗവതം പഠിപ്പിക്കുന്നതും ഇതു തന്നെ. ആത്മബുദ്ധി ഉദിച്ചാൽ ഒരുവൻ സന്യാസി ശ്രേഷ്ഠനാകുന്നു. പിന്നീടവൻ പ്രപഞ്ചത്തിൽ നിന്ന് മുക്തനാകുകയും ചെയ്യുന്നു. ഇതത്രെ യഥാർത്ഥ ബ്രാഹ്മണ ധർമ്മം.

സമസ്ത ലോകവും ഭഗവാനിൽ ലയിക്കുന്നു. കാലത്രയങ്ങളും ആ പരം പൊരുൾ തന്നെ. സർവ്വ ജീവജാലങ്ങളിലുമുള്ളതും സർവ്വേശ്വര സാന്നിദ്ധ്യം തന്നെ.

കാലം ഈശ്വരനാണ്. കാലം പഞ്ചഭൂതങ്ങളേയും പ്രജകളേയും സൃഷ്ടിക്കുന്നു. പാലിക്കുന്നു. സംഹരിക്കുന്നു. അതിനാൽത്തന്നെ കാലത്തെ അതിക്രമിക്കാൻ ആർക്കുമാവില്ല. കണ്ടുക്കണ്ടങ്ങിരിക്കുന്നവരെ കണ്ടില്ലെന്നു വരുത്തുന്ന ഭവാൻ കാലമാണ്. കാലം കളിക്കുന്നു. മനുഷ്യരാശിക്ക് ആയുസ്സു നശിക്കുന്നു. കാലം കൊണ്ട് ഏറെ മാറ്റങ്ങളുണ്ടാവും. പലതും മറക്കാം. രോഗം വന്നുപെടാം. കാലം പ്രകൃതിയിൽ വൻസൃഷ്ടി തന്നെ നടത്തുന്നു. പ്രളയംകൊണ്ട് എല്ലാം നശിപ്പിക്കുന്നു. കാലചക്രം അതിതീക്ഷ്ണമായി കറങ്ങുന്നു. അവിടെ നമ്മൾ മനുഷ്യരുടെ പ്രയാണം മുന്നോട്ടു തന്നെ.

*****



# വാസ്തുശാസ്ത്രം


ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## കിടപ്പുമുറിയും വാസ്തുവും

**വീ**ടു പണിയുമ്പോൾ വാതിലുകളുടെയും ജനാലകളുടെയും സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്.

അടുക്കളയിലേക്ക് ഉദയം വരുന്നതിനായി അടുക്കളയുടെ കിഴക്കുഭാഗത്ത് ജനൽ വേണം. അടുക്കളയുടെ കിഴക്കെ ഭിത്തിയിൽ കഴിയുന്നത്ര വടക്കോട്ട് ജനൽ മാറ്റിവെയ്ക്കണം. ജനൽ മദ്ധ്യത്തിനു തെക്കായിരിക്കരുത്. അടുക്കളയിലേക്ക് കടക്കുന്ന വാതിൽ അടുക്കളയുടെ തെക്കുപടിഞ്ഞാറെ മൂലയിൽ വരാതെ നോക്കണം.

മകരം ഒന്നു മുതലുള്ള ഉദയവും, അസ്തമയവും വളരെ പ്രധാനപ്പെട്ടതാണ്. അത് വീട്ടിലേയ്ക്കു വരുന്നത് എവിടെ വരുന്നു എങ്ങനെ വരുന്നു എന്നതിനെ ആശ്രയിച്ചാണ് അവിടെ താമസിക്കുന്നവരുടെ ആരോഗ്യം.




ഇന്നലെ കണ്ട ഒരു വീടിന്റെ പ്ലാൻ ആണ് മുകളിൽ കൊടുത്തിരിയ്ക്കുന്നത്.


A, B രണ്ടു കിടപ്പുമുറികളാണ്.

A എന്ന മുറി നോക്കുക. കേരളത്തിൽ തെക്ക് പടിഞ്ഞാറ് കാറ്റാണ് ഏകദേശം 9 മാസക്കാലം ആ കാറ്റ് തെക്കു പടിഞ്ഞാറ് നിന്നു ജനൽ വഴി അകത്തു കടന്ന് പുറത്തു പോകുവാൻ വഴിയില്ല. മുറിയുടെ വാതിൽ കിഴക്കു വടക്കോട്ട് മാറ്റിയാൽ കാറ്റ് അതുവഴി പുറത്തു പോകുന്നത് കൊണ്ട് തുടർച്ചയായി (contnuous) കാറ്റുണ്ടാകുന്നതുമാണ്. ഓക്സിജന്റെ കുറവുമൂലമുള്ള രോഗങ്ങൾ ഉണ്ടാകുകയില്ല.

ഈ മുറിയുടെ ടോയ്‌ലറ്റിലേയ്ക്കുള്ള വാതിൽ ടോയ്‌ലെറ്റിന്റെ തെക്കു പടിഞ്ഞാറാണ്. ഒരു മുറിയുടെയും തെക്ക് പടിഞ്ഞാറ് വാതിൽ വരരുത്. അതു കിഴക്കോട്ട് മാറ്റണം. (d3)

B. എന്ന കിടപ്പുമുറിയുടെ ടോയ്‌ലറ്റിന്റെ വാതിൽ മുറിയുടെ തെക്കുപടിഞ്ഞാറ് ആണ്. തെക്കു പടിഞ്ഞാറെ വാതിൽ തെക്കു കിഴക്കോട്ട് മാറ്റണം. (D3 കാണുക) പണിയുമ്പോൾ തന്നെ ടോയ്‌ലറ്റ് സ്ഥാനം മാറ്റി പണിയുവാൻ ശ്രദ്ധിച്ചാൽ മതി.

താഴെ കൊടുത്തിരിക്കുന്ന ചിത്രം
sketch) ശ്രദ്ധിയ്ക്കുക




ടോയ്‌ലറ്റ് മാറ്റിയപ്പോൾ പടിഞ്ഞാറും, വടക്കും ജനൽ കൊടുക്കുവാൻ സാധിക്കുന്നതാണ്. തെക്കുപടിഞ്ഞാറൻ കാറ്റ് മുറിയിൽ കൂടി യാതൊരു തടസം ഇല്ലാതെ....കടന്ന് പോകുന്നതാണ്. ഇതുപോലെ വീടിന്റെ തെക്കു പടിഞ്ഞാറും, വടക്കു പടിഞ്ഞാറും തെക്കുകിഴക്കും കിടപ്പുമുറി വന്നാൽ രണ്ടും ജനാലകൾ കൊടുക്കുവാൻ കഴിയുന്നതാണ്. തെക്കു പടിഞ്ഞാറ് കാറ്റ് യാതൊരു തടസ്സവും ഇല്ലാതെ കടന്ന് പോകുന്നതാണ്. അതുപോലെ തന്നെ പോക്കുവെയിൽ കിടപ്പുമുറിയിലേക്ക് തെക്കുനിന്നും പടിഞ്ഞാറ് നി ന്നും കിട്ടുന്നതാണ്.

അടുക്കളയുടെയും കിടപ്പുമുറിയുടെയും സ്ഥാനം വളരെ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകും.

ദിവസവും ജനാലകൾ തുറക്കണം. 10 കൊല്ലമായി തുറക്കാത്ത ജനാലകളുണ്ട്. അവിടെ പല വിധ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകും.

******

ക്ഷേത്രങ്ങളിലൂടെ

# ചെറുവള്ളിക്കാവ് ഭഗവതി ക്ഷേത്രവും ജഡ്ജിയമ്മാവനും



ഇന്ദിരാഭായി ഫോൺ : 8078552892

ആദിപരാശക്തിയായ അമ്മ ഒരു ഭക്തന്റെ ഓലക്കുടയിൽ വന്ന് കുടികൊണ്ട ഒരു പുണ്യ ക്ഷേത്രം. ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രം. ഭഗവതി ചെറുവള്ളിയിലിരുന്ന് ഊഞ്ഞാലാടി സ്വയം സാന്നിദ്ധ്യമരുളിയ ക്ഷേത്രമാണ് ചെറുവള്ളി ഭഗവതി ക്ഷേത്രം. നിരവധി ചെറുവള്ളിക്കാവു ദേവീ ക്ഷേത്രങ്ങളുടെ മൂലക്ഷേത്രമാണിത്. പലവർഷങ്ങളായി കോടതി വരാന്തയിൽ കയറിയിറങ്ങിയിട്ടും നീതി ലഭിക്കാതാവുമ്പോൾ ഭ ക്തർ അഭയം തേടി ചെറുവള്ളിക്കാവ് ഭഗവതി ക്ഷേത്രത്തിലെ ഉപദേവനെ നീതിക്കായി സമീപിക്കുന്ന ക്ഷേത്രം. കനിവിന്റെ അപ്പീൽകോടതിയെന്നു വിശേഷിപ്പിക്കുന്ന ഉപദേവസ്ഥാനം അലങ്കരിക്കുന്ന ജഡ്ജിയമ്മാവൻ അവരുടെ പ്രശ്നങ്ങൾക്ക് തീർപ്പുകല്പിക്കുന്നു. ക്ഷേത്രങ്ങളിൽ നാളും പേരും പറഞ്ഞ് പൂജകൾ നടത്തുമ്പോൾ ജഡ്ജിയമ്മാവന് കേസിന്റെ നമ്പർ പറഞ്ഞാണ് പൂജകൾ നടത്തുക. അന്ധവിശ്വാസമെന്നോ തമാശയെന്നോ പറയാൻ തുനിയും മുമ്പ് അനുഭവസ്ഥരുടെ അനുഭവങ്ങൾ കേൾക്കാൻ മനസ്സുവയ്ക്കുക. നീതി തേടി ഭക്തരെത്തുന്ന ഈ സന്നിധി നീതിദേവതാ ദാസനായ ജഡ്ജിയമ്മാവൻ ഭദ്രകാളിയമ്മയുടെ തിരുസന്നിധിയിലിരുന്നു കേസുകൾക്ക് തീർപ്പു കല്പിക്കുന്നു. കേസുകൾ സത്യസന്ധമായിരിക്കണം എന്ന നിർബന്ധവും അദ്ദേഹത്തിനുണ്ട്. സദാചാരത്തിന്റെയും നീതിബോധത്തിന്റെയും മറുവാക്കായിരുന്നു ജഡ്ജിയമ്മാവൻ.

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ പൊൻകുന്നത്തിനടുത്തു സ്ഥിതി ചെയ്യുന്ന ഒരു ഭദ്രകാളിക്ഷേത്രമാണ് ചെറുവള്ളിക്കാവ് ഭഗവതിക്ഷേത്രം. കോട്ടയം ജില്ലയിൽ ചെറുവള്ളിക്കാവ് എന്ന പേരിൽ വേറെയും ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങളുടെയെല്ലാം മൂലക്ഷേത്രമാണ് പൊൻകുന്നത്തിനടുത്തുള്ള ചെറുവള്ളിക്കാവ് ഭഗവതിക്ഷേത്രം. ചെറുവള്ളിക്കാവിലമ്മയുടെ ഭക്തർ മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിച്ചപ്പോൾ അവരുടെ ആരാധനാമൂർത്തിയായ ഭഗവതിയേയും അതാതുപ്രദേശങ്ങളിൽ പ്രതിഷ്ഠിച്ചാരാധിച്ചു പോന്നു. അങ്ങനെ ആ പ്രദേശങ്ങളിലെല്ലാം ചെറുവള്ളിക്കാവ് ഭഗവതിക്ഷേത്രം എന്ന പേരിൽ ക്ഷേത്രങ്ങളുണ്ടായി. ചെറുവള്ളിക്കാവിലമ്മ ഭദ്രകാളിയാണെങ്കിലും അമ്മയെ ആദിപരാശക്തിയായും ശ്രീ മഹാമായയായും ആരാധിച്ചു പോരുന്നു. ചെറുവള്ളിക്കാവിലമ്മ കിഴക്കോട്ടു ദർശനമായി ഇവിടെ കുടികൊള്ളുന്നു. വരിക്കപ്ലാവിൻതടയിൽ തീർത്ത ദാരുവിഗ്രഹമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ദേവിയുടെ വിഗ്രഹത്തിന് കേടുപാടുകളുണ്ടാകാതിരിക്കാനും ചൈതന്യവർദ്ധനവിനും വേണ്ടി വിശേഷവഴിപാടായ ചാന്താട്ടം നടത്താറുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് ശ്രീ ആദിശങ്കരാചാര്യസ്വാമികളുടെ ആഗ്രഹമനുസരിച്ച് ശ്രീ മൂകാംബികാ ദേവീ ഇവിടെ കറുത്ത മഞ്ഞാടി എന്ന സ്ഥലത്ത് തേജോമയിയായി അവതരിച്ചു. ആ സമയത്ത് ഗിരിവർഗ്ഗക്കാരായ ധാരാളം ആളുകൾ ഈ പ്രദേശത്തു വസിച്ചിരുന്നു. ദേവി അവിടെ ഒരു സ്ത്രീയെ കണ്ട് എന്തു ചെയ്യുകയാണെന്നവരോടു ചോദിച്ചു. ഞാൻ ചെറുവള്ളിക്കിഴങ്ങു തിരയുകയാണ് എന്നവർ മറുപടി നൽകി. ഗിരിവർഗ്ഗസ്ത്രീ ചെറുവള്ളിക്കിഴങ്ങു തിരഞ്ഞസ്ഥലം ചെറുവള്ളിക്കാവ് എന്ന പേരിലറിയപ്പെട്ടു.

ശ്രീമൂകാംബികാദേവി ഒരു ഭക്തന്റെ ഓലക്കുടയിൽ കുടികൊള്ളുകയും അദ്ദേഹത്തോടൊപ്പം ചെറുവള്ളിയിലെത്തുകയും ചെയ്തു.

ക്ഷേത്രത്തിൽ ഇന്നു കാണുന്ന പാട്ടമ്പലം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആ ഭക്തൻ തന്റെ ഓലക്കുട വച്ച് ക്ഷേത്രക്കുളത്തിൽ സ്നാനത്തിനായി പോയി. തിരികെ വന്ന് തന്റെ കുട എടുക്കാൻ ശ്രമിച്ചിട്ട് അദ്ദേഹത്തിന് സാധിച്ചില്ല. ദേവി അവിടെതന്നെ കുടികൊള്ളുകയും ചെയ്തു. ഇതാണ് ചെറുവള്ളിക്കാവിലമ്മയുടെ ആഗമനത്തെപ്പറ്റിയുള്ള ഐതിഹ്യം. പിന്നീട് ഓലക്കുട വെച്ച സ്ഥലത്തിനു തെക്കുഭാഗത്തായി ക്ഷേത്രം പണികഴിപ്പിച്ച് ദേവിയെ അവിടേക്ക് മാറ്റി പ്രതിഷ്ഠിക്കുകയും ചെയ്തു. തറയിൽ കുടുംബത്തിലെ ഒരു ഭക്തന്റെ ഓലക്കുടയിലാണ് ദേവി ഇവിടേക്കെത്തിയത്. ഇന്നും ദേവിയുടെ ഉത്സവ എഴുന്നള്ളത്തിന് ഓലക്കുടയുമായി മുന്നിൽ നടക്കുന്നത് തറയിൻ കുടുംബത്തിലെ ഒരു അംഗമായിരിക്കും. അമ്മയുടെ എഴുന്നള്ളത്ത് കറുത്തമഞ്ഞാടിയിലെത്തുമ്പോൾ അമ്മ ആദ്യദർശനം നൽകിയ ചെറുവള്ളിക്കിഴങ്ങു മാന്തിക്കൊണ്ടിരുന്ന ഗിരിവർഗ്ഗ സ്ത്രീയെന്ന സങ്കല്പിച്ച് അവിടെ നിവേദ്യം സമർപ്പിക്കാറുണ്ട് എല്ലാ വർഷവും മകരമാസം 28-ാം തീയതി ഗിരിവർഗ്ഗക്കാർ അമ്മയെകാണാൻ കൂട്ടമായി എത്തുന്നു. അമ്മയ്ക്ക് കാഴ്ചകളും വഴിപാടും നൽകി അവർ മടങ്ങുന്നു. ഈ ക്ഷേത്രം പണ്ട് വഞ്ഞിപ്പുഴമഠത്തിൻെറ വകയായിരുന്നു. മണ്ഡലക്കാലത്ത് ഇവിടെ കളമെഴുത്തും പാട്ടും നടക്കാറുണ്ട്. ഗണപതി, വീരഭദ്രൻ, ശാസ്താവ്, വിഷ്ണു, സുബ്രഹ്മണ്യൻ, ദുർഗ്ഗ, രക്ഷസ്സ്, ശിവപാർവ്വതി, നാഗങ്ങൾ എന്നീ ഉപദേവസ്ഥാനങ്ങൾ ക്ഷേത്രമതില്ക്കകത്തും പുറത്ത് യക്ഷിയമ്മയും കൊടുംകാളിയും ഉണ്ട്. ഇതിനു പുറമെ ക്ഷേത്രമതിൽക്കകത്ത് പ്രത്യേക ശ്രീകോവിലിൽ മറ്റെങ്ങുമില്ലാത്ത ഒരു അപൂർവ്വ ഉപദേവപ്രതിഷ്ഠകാണാം. അതാണ് ജഡ്ജിഅമ്മാവൻ.

ജന്മാന്തരങ്ങളുടെ പുണ്യമായി ലഭിക്കുന്ന മനുഷ്യജന്മം ഈശ്വരവിശ്വാസത്തിലധിഷ്ഠിതമായി സത്യസന്ധമായി സഹജീവികൾക്കു പദ്രവമാകാതെ ഉപകാരപ്രദമായ നന്മകളെ നൽകി ജീവിക്കണമെന്നാഗ്രഹിച്ച ഒരു മഹാത്മാവിന്റെ ദാരുണ്യാന്ത്യകഥ പറയുന്ന ചരിത്രമാണ് ജഡ്ജിയമ്മാവന്റെ കഥ.

ക്ഷേത്രശ്രീകോവിലിൽ പ്രതിഷ്ഠിതമായ വിഗ്രഹദർശനത്തിലൂടെ ഭക്തജനങ്ങൾ ഈശ്വരമഹിമയെകണ്ടറിയുന്നു. ഈശ്വരവിശ്വാസികളായ മനുഷ്യർ തെറ്റു ചെയ്താൽ ഈശ്വരകോപത്തിനിരയാകുമെന്നും ജീവിതാന്ത്യം നരകം അനുഭവിക്കേണ്ടിവരും എന്നും ഭയക്കുന്നവരാണ്. ചെറുവള്ളിക്കാവിലെ ജഡ്ജിയമ്മാവന്റെ പ്രതിഷ്ഠാചൈതന്യം നീതിമാനായ ഗോവിന്ദപിള്ള എന്ന ജഡ്ജിയുടേതാണ്. ഏകദേശം മുന്നൂറ്റമ്പതുവർഷങ്ങൾക്കുമുമ്പ് തിരുവല്ലയിലെ തലവടി എന്ന സ്ഥലത്ത് രാമവർമ്മപുരം മഠത്തിൽ ചോതിനക്ഷത്രത്തിൽ ജനിച്ച ആളായിരുന്നു ഗോവിന്ദപിള്ള. ചെറുവള്ളി എന്ന സ്ഥലത്ത് പൂയം പള്ളിയാണ് അദ്ദേഹത്തിന്റെ മൂലകുടുംബമെന്നും ചെറുവള്ളിക്കാവിലമ്മ അദ്ദേഹത്തിന്റെ കുടുംബപരദേവതയാണ് എന്നും വിശ്വസിക്കുന്നു. തിരുവിതാംകൂർ രാജാവായിരുന്ന ധർമ്മരാജയുടെ കാലത്ത് സദർ കോടതി ജഡ്ജിയായിരുന്നു ഗോവിന്ദപ്പിള്ള. കേസുകൾ നിഷ്പക്ഷമായി തീർപ്പാക്കിയിരുന്ന ഗോവിന്ദപ്പിള്ളക്ക് ഒരിക്കൽ മാത്രം ഒരു തെറ്റു പറ്റി. സത്യസന്ധനും ധർമ്മിഷ്ഠനുമായ അദ്ദേഹം ഒരു തെറ്റിദ്ധാരണമൂലം സ്വന്തം അനന്തിരവനായിരുന്ന പത്മനാഭപിള്ളയെ വധശിക്ഷക്കു വിധിക്കുകയും ശിക്ഷ നടപ്പിലാക്കുകയും ചെയ്തു. പത്മനാഭപിള്ള പല കുറ്റകൃത്യങ്ങളിലും പെട്ടിട്ടുള്ള ആളായിരുന്നു എങ്കിലും ഈ കേസിൽ പത്മനാഭപിള്ള നിരപരാധി ആയിരുന്നു. എന്ന് പിന്നീടാണ് ജഡ്ജി മനസ്സിലാക്കിയത്. തെറ്റുപറ്റിപ്പോയതിൽ ദുഖിതനായ ജഡ്ജി ഒരു നിരപാധിയെ വധശിക്ഷക്കുവിധിച്ച തന്നെ കൊലപാതകിയായി കണ്ട് ശിക്ഷിക്കണം എന്ന് അന്നത്തെ രാജാവിനോടപേക്ഷിച്ചു. തെറ്റേറ്റുപറഞ്ഞതു തന്നെ പ്രായശ്ചിത്തമായി

കാണുന്നു അതിനാൽ അറിയാതെ പറ്റിപ്പോയ തെറ്റിന് ശിക്ഷവേണ്ട താൻ ക്ഷമിച്ചിരിക്കുന്നു എന്നു രാജാവു പറഞ്ഞെങ്കിലും ഗോവിന്ദപ്പിള്ള പിൻമാറിയില്ല. ജഡ്ജിയുടെ നിർബന്ധത്തിനു വഴങ്ങി ഗോവിന്ദപ്പിള്ളക്കു സ്വയം ശിക്ഷവിധിക്കാം എന്നും രാജാവ് ഉത്തരവിട്ടു. ഗോവിന്ദപ്പിള്ള തന്റെ കാൽപാദം വെട്ടി തന്റെ ജന്മനാ ടായ തിരുവല്ലയിൽ തന്നെ തൂക്കിലിടണം എന്നും മൃതദേഹം ജനങ്ങൾക്കു കാണുവാനായി മൂന്നു ദിവസം തൂക്കിയിടണം എന്നും സ്വയം ശിക്ഷ വിധിച്ചു. അറിഞ്ഞു ചെയ്താലും അറിയാതെ ചെയ്താലും തെറ്റു തെറ്റു തന്നെ എന്നും ചെയ്ത തെറ്റിന് ശിക്ഷ അനുഭവിക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ കർക്കശവും സത്യസന്ധവുമായ മനോഭാവത്തെയാണ് ഇതു വെളിവാക്കുന്നത്. ജഡ്ജി സ്വയം വിധിച്ച ശിക്ഷാവിധി പ്രകാരം തലവടിയിലുള്ള മുകളടിമുക്ക് എന്ന സ്ഥലത്ത് പമ്പാനദിയുടെ തീരത്ത് കാലിന്റെ ഉപ്പൂറ്റിവെട്ടി അദ്ദേഹത്തെ തൂക്കിലേറ്റി. മൂന്നു ദിവസം ജഡം അവിടെ തൂങ്ങി കിടന്നു. പമ്പാനദിയിലൂടെ വള്ളത്തിൽ സഞ്ചരിച്ചവരും മറ്റാളുകളും അദ്ദേഹത്തിന്റെ മൃതദേഹം കണ്ട് പരിഹസിച്ചു. ജഡ്ജിയുടെ ആത്മാവിന് ഈ പരിഹാസം അത്ര രസിച്ചില്ല. തന്നെ പരിഹസിച്ചവരെയും തന്റെ സത്യസന്ധതയെ കളിയാക്കുകയും ചെയ്തവരെയും വള്ളം മറിച്ചും മറ്റു പലതരത്തിലുമുള്ള ഉപദ്രവങ്ങളാൽ ശിക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആത്മാവ് മോക്ഷം കിട്ടാതെ അലഞ്ഞു നടക്കുകയും നാട്ടിൽ പലർക്കും കുടുംബത്തിലുള്ളവർക്കും ഉപദ്രവങ്ങളുണ്ടാക്കുകയും ചെയ്തു. പിന്നീട് ജഡ്ജിയുടെ കുടുംബത്തിലെ കാരണവർ ചെമ്പകരാമൻ പിള്ള പ്രശ്നം വയ്പ്പിക്കുകയും ആത്മശാന്തിക്കുള്ള കർമ്മങ്ങൾ നടത്തുകയും കുടുംബപരദേവതയായ ചെറുവള്ളിക്കാവിലമ്മയുടെ സന്നിധിയിൽ അദ്ദേഹത്തിന്റെ ആത്മാവിനെ കുടിയിരുത്തുകയും ചെയ്തു. അങ്ങനെ അദ്ദേഹം ചെറുവള്ളിക്കാവിലമ്മയുടെ തിരുസന്നിധിയിൽ അമ്മയുടെ അനുഗ്രഹത്തോടെ സത്യസന്ധമായും നിഷ്പക്ഷമായും കേസുകൾക്ക് തീർപ്പുകല്പിച്ചുകൊണ്ട് ജനനന്മക്കായി കുടി കൊള്ളുന്നു-എല്ലാവരുടേയും ജഡ്ജിയമ്മാവനായി. ദേവിയുടെ സഹായിയായ അറുകൊലയുടെ സഹായത്തോടെ ജനങ്ങളുടെ ന്യായമായ സങ്കടങ്ങൾക്ക് അനുകൂലവിധി നൽകി അനുഗ്രഹിക്കുന്നു ജഡ്ജിയമ്മാവൻ.

അത്താഴപൂജകഴിഞ്ഞ് ദേവിയുടെ നടയടച്ച് മറ്റു ഉപദേവപൂജകളും കഴിഞ്ഞ് യക്ഷിയമ്മക്കും കൊടുംകാളിക്കും ഗുരുതിയും കഴിഞ്ഞ് നടയടച്ചശേഷമാണ് ജഡ്ജിയമ്മാവന്റെ നട തുറക്കുന്നത്. ദേവിക്ക് കുങ്കുമാഭിഷേകവും കടുംപായസവും വഴിപാടായി നടത്തുമ്പോൾ ജഡ്ജിയമ്മാവന് വെറ്റില അടക്ക സമർപ്പണം കരിക്കഭിഷേകം അടനിവേദ്യം എന്നിവയാണ് പ്രധാനം. ജഡ്ജിയമ്മാവന്റെ നടയിൽ പ്രാർത്ഥിച്ച് കാര്യസാദ്ധ്യം നേടിയ ശേഷം വഴിപാടുകൾ സമർപ്പിക്കുന്നതിനായി ജാതിമതഭേദമെന്യേ ധാരാളം ഭക്തജനങ്ങൾ നിത്യേന ഈ ക്ഷേത്രത്തിലെത്താറുണ്ട്. വർഷങ്ങളോളം നീണ്ടുപോകുന്ന വ്യവഹാരങ്ങൾക്ക് ജഡ്ജിയമ്മാവന്റെ തിരുനടയിലെ പ്രാർത്ഥനകൊണ്ട് വളരെ വേഗത്തിൽ കാര്യസാദ്ധ്യമുണ്ടാകുന്നു എന്നാണ് ഭക്തജനാഭിപ്രായം. ഋതുഭേദങ്ങളെപ്പോലെ മനുഷ്യരുടെയും മനുഷ്യജീവിതത്തിന്റെയും നിറങ്ങളും ഭാവങ്ങളും മാറിക്കൊണ്ടിരിക്കുന്നതും സത്യസന്ധതയ്ക്ക് ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഈ കാലഘട്ടത്തിൽ ചെറുവള്ളിക്കാവ് ദേവീക്ഷേത്രത്തിലെ അപൂർവ്വ പ്രതിഷ്ഠയായ ജഡ്ജിയമ്മാവന്റെ തിരുമുന്നിൽ പ്രാർത്ഥിച്ച് ഫലസിദ്ധിനേടിയവരും ഫലസിദ്ധി ആഗ്രഹിക്കുന്നവരും ഒരു കാര്യം തീർച്ചയായും ആഗ്രഹിക്കും. ജഡ്ജിയമ്മാവൻ ഇന്നത്തെ കാലഘട്ടത്തിൽ ജഡ്ജിയായി ഒരിക്കൽ കൂടി പുനർജനിച്ചിരുന്നെങ്കിൽ എന്ന്.

ചെറുവള്ളിക്കാവിലെത്തി ശക്തിസ്വരൂ

പിണിയായ ജഗദംബയേയും തൊഴുത് ജഡ്ജിയമ്മാവനുമുന്നിൽ കേസുകെട്ടുകളും നിരത്തി പ്രാർത്ഥിച്ച് അനുകൂലഫലം ലഭിക്കും എന്ന ശുഭാപ്തിവിശ്വാസവുമായി ക്ഷേത്രത്തിലേക്ക് തിരിഞ്ഞു നോക്കാതെ മടങ്ങുക. ന്യായമായ ആവശ്യങ്ങൾക്ക് ഫലസിദ്ധിയുണ്ടാകും എന്ന കാര്യം ഉറപ്പാണ്. ഭക്തരെ സംബന്ധിച്ച് ഭഗവാനിലുള്ള വിശ്വാസം അവരുടെ ജീവിതത്തിന്റെ മുന്നോട്ടുള്ള പാതയിലെ വിജയത്തിന്റെ പടവുകളാണ്. ഭഗവാനിലുള്ള ഈ വിശ്വാസം അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. ജീവിതയാത്ര അനായാസമാക്കുവാൻ സഹായിക്കുന്നു.

ചെറുവള്ളിക്കാവിലമ്മയുടെ തിരുനടയിലെ തൃക്കാഴ്ചകളും കണ്ട് ആദിപരാശക്തിയായ അമ്മയുടെ രൗദ്രരൂപമായ ഭദ്രകാളിയമ്മയേയും കണ്ട് പ്രൗഢഗംഭീരമായ ക്ഷേത്രക്കാഴ്ചകളും കൺനിറയെ കണ്ട് മനം നിറയെ പ്രാർത്ഥിച്ച് ജഡ്ജിയമ്മാവനെ തൊഴുതു വണങ്ങി ജീവിതവിജയത്തിനുള്ള അനുഗ്രഹവുമായി മടങ്ങാൻ എല്ലാ ഭക്തർക്കും സാധിക്കുമാറാകട്ടെ...

*****

## എറണാകുളം കരയോഗം

# എറണാകുളം കരയോഗം ശതാബ്ദി

**1925–2025**

## വനിതാ സംഗമം

2025 എറണാകുളം കരയോഗം ശതാബ്ദിവർഷത്തോടനുബന്ധിച്ച് നടത്തേണ്ട ആഘോഷപരിപാടികളെകുറിച്ച് ആലോചിക്കുന്നതിന് എറണാകുളം കരയോഗം വനിതാ അംഗങ്ങളുടെ സംഗമം ഫെബ്രുവരി 16–ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ടി.ഡി.എം. ഹാളി ൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

ആഘോഷപരിപാടിയിൽ സജീവമായി പങ്കെടുക്കുവാൻ താല്പര്യമുള്ള എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യം ക്ഷണിച്ച് കൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക്

പ്രൊഫ. സുമംഗലാദേവി – 9447785214

ജനറൽ സെക്രട്ടറി
പി.രാമചന്ദ്രൻ (വേണു)

## യുവജന സംഗമം

2025 എറണാകുളം കരയോഗം ശതാബ്ദിവർഷത്തോടനുബന്ധിച്ച് നടത്തേണ്ട ആഘോഷപരിപാടികളെകുറിച്ച് ആലോചിക്കുന്നതിന് എറണാകുളം കരയോഗത്തിലെ യുവജനങ്ങളുടെ ഒരു യോഗം ഫെബ്രുവരി 18–ാം തീയതി വൈകുന്നേരം 5 മണിക്ക് ടി.ഡി.എം. ഹാളിൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

ആഘോഷപരിപാടിയിൽ സജീവമായി പങ്കെടുക്കുവാൻ താല്പര്യമുള്ള എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യം ക്ഷണിച്ച് കൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക്

മനോജ് ആലപ്പാട്ട് – 9447061888

ജനറൽ സെക്രട്ടറി
പി.രാമചന്ദ്രൻ (വേണു)

## പതിനാറാമത് 'എറണാകുളം കരയോഗം - പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2024'

കേരളനദീസംരക്ഷണസമിതിയുടെ സ്ഥാപക അദ്ധ്യക്ഷനും 'ഭൂമിക്കുപനി' ജലം, ജീവ ജലം തുടങ്ങിയ നിരവധി ആധികാരിക പരിസ്ഥിതിശാസ്ത്രകൃതികളുടെ രചയിതാവുമായ യശശ്ശരീരനായ ശ്രീ.പി.എസ്.ഗോപിനാഥൻ നായർ ഏർപ്പെടുത്തിയിട്ടുള്ള 15,001/- (പതിനയ്യായിരത്തിഒന്ന്) രൂപയും, പ്രശസ്തി പത്രവും അടങ്ങുന്ന 'എറണാകുളം കരയോഗം-പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്' എന്ന പേരിലുള്ള സംസ്ഥാനതല പരിസ്ഥിതി സംരക്ഷണ അവാർഡ് 2008 മുതൽ നല്കി വരികയാണ്. പ്രഥമ അവാർഡ് ദാനചടങ്ങ് 2008 ഏപ്രിൽ 22ന് 'ഭൗമദിന'ത്തോടനുബന്ധിച്ച് എറണാകുളം ടി.ഡി.എം ഹാളിലാണ് നടന്നത്. കേരളത്തിലെ പരിസ്ഥിതി സംരക്ഷണ-വിദ്യാഭ്യാസമേഖലകളിൽ പ്രാഗല്ഭ്യം നേടിയവർ ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുക. അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ പരിസ്ഥിതി സംരക്ഷണരംഗത്ത് മികച്ച സേവനം കാഴ്ചവെച്ചവരൊ, ഭൂമി,ജലം,വായു, ശബ്ദ, മലിനീകരണ പ്രശ്നങ്ങൾക്ക് ബഹുജനങ്ങളുടേയും, മലിനീകരണ നിയന്ത്രണബോർഡിന്റേയും, സംസ്ഥാന സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിൽ വിജയിച്ചവരൊ, വനനശീകരണത്തിനെതിരായി ബഹുജനപ്രതിരോധം സംഘടിപ്പിക്കുന്നതിന് പരിശ്രമിച്ചവരൊ, പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനബോധവല്ക്കരണങ്ങൾക്ക് മുൻകയ്യെടുത്തവരൊ, പരിസ്ഥിതി സംബന്ധമായ പഠനങ്ങൾ നടത്തുക വഴി ഈ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിച്ചവരൊ ആയ വ്യക്തികൾ/ സംഘടനകൾ/സ്ഥാപനങ്ങൾ അവാർഡിന് നിർദ്ദേശിക്കപ്പെടാവുന്നതാണ്.

അർഹതയുള്ള വ്യക്തികളെ ഏതെങ്കിലും രജിസ്റ്റേർഡ് പരിസ്ഥിതി സംഘടനകൾക്കൊ, വ്യക്തികൾക്കൊ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. നിർദ്ദിഷ്ടവ്യക്തിയെ സംബന്ധിക്കുന്ന ബയോഡാറ്റ സഹിതമുള്ള പൂർണ്ണവും ആധികാരികവുമായ വിവരങ്ങൾ നിർദ്ദേശത്തോടൊപ്പം ഉണ്ടായിരിക്കണം. ഒന്നിലധികം സംഘടനകൾക്ക് ഒരേ പേരുകൾ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡിനുള്ള നിർദ്ദേശങ്ങൾ 2024 മാർച്ച് 10 നു മുമ്പായി, കൺവീനർ, പരിസ്ഥിതി കമ്മിറ്റി, 'എറണാകുളം കരയോഗം - പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2024' എറണാകുളം കരയോഗം, ടി.ഡി.എം.ഹാൾ, കൊച്ചി-682016 എന്ന വിലാസത്തിലൊ, E-mail:ekmkgm @gmail.com. web:www ernakulam karayogam.com. എന്നതിലൂടേയൊ അയയ്ക്കാവുന്നതാണ്. നിശ്ചിത തിയ്യതിക്കുശേഷം ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതല്ല.

നിർദ്ദേശങ്ങൾ അടങ്ങിയ കവറിൽ 'എറണാകുളം കരയോഗം-പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് -2024' എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവാർഡ് നിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസിൽ നേരിട്ടൊ, ടെലിഫോൺ, E mail മുഖേനയോ ബന്ധപ്പെടാവുന്നാണ്. ഈ വർഷത്തെ അവാർഡ്ദാനം 2024 ഏപ്രിൽ 22 തിങ്കളാഴ്ച 'ഭൗമദിന'ത്തിൽ അഞ്ചു മണിക്ക് ടി.ഡി.എം.ഹാളിൽ വച്ച് നടക്കുന്നതാണ്.

എസ്. ജയതിലകൻ
കൺവീനർ
ഫോൺ : 9846042900
എറണാകുളം കരയോഗം പരിസ്ഥിതി കമ്മിറ്റി

# ചട്ടമ്പിസ്വാമിതിരുവടികൾ 11

എം.ആർ.എസ് മേനോൻ – 9037126220

*തുടർച്ച*

**ച**ട്ടമ്പിസ്വാമിതിരുവടികളും കുമ്പളത്ത് ശങ്കുപ്പിള്ളയുമായുള്ള കൂടിക്കാഴ്ചയെപ്പറ്റിയാണ് നാം കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞത്. 1921 ൽ കൊല്ലം പേഷ്കാർ അമ്പലപ്പുഴ കൃഷ്ണപിള്ളയുടെ വീട്ടിൽ വച്ചാണ് ശ്രീ ശങ്കുപ്പിള്ള ചട്ടമ്പിസ്വാമികളെ കാണുന്നത്. ശങ്കുപ്പിള്ളക്ക് ഗുസ്തിയിൽ വളരെ താൽപര്യമുള്ള വ്യക്തിയായിരുന്നു. ഗുസ്തിയിൽ സ്വാമിക്കുണ്ടായിരുന്ന അറിവാണ് വാസ്തവത്തിൽ ശങ്കുപ്പിള്ളയെ ആകർഷിച്ചത്. പക്ഷേ സ്വാമി എന്തിനാണ് തന്നെ കാണാൻ വന്നത് എന്ന് ചോദിച്ചപ്പോൾ അവിടുത്തെ പാദ സ്പർശത്തിനും അനുഗ്രഹത്തിനും വേണ്ടിയാണ് എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ആദ്യത്തെ സംഭാഷണത്തിൽത്തന്നെ ഗുസ്തി ചർച്ചാവിഷയമായി. ഗുസ്തിയുമായി ബന്ധപ്പെട്ട പല സമ്പ്രദായങ്ങളും അടവുകളും, എങ്ങിനെയാണ് എതിരാളിയെ പൂട്ടേണ്ടതു തുടങ്ങി നിരവധി വിഷയങ്ങളെപ്പറ്റിയുള്ള ധാരാളം പുതിയ അറിവുകളും സ്വാമിയിൽ നിന്ന് കുമ്പളത്തിന് ലഭിച്ചു. പല അറിവുകളും അവർ തമ്മിൽ പരീക്ഷിച്ചു നോക്കി. ആദ്യസന്ദർശനത്തിൽത്തന്നെ കുമ്പളം സ്വാമികളുടെ അസാമാന്യ വ്യക്തിത്വത്തിന് മുന്നിൽ അടിയറവ് പറഞ്ഞു . തുടർന്ന് അദ്ദേഹം സ്വാമിയെ തന്റെ ഭവനത്തിലേക്ക് ക്ഷണിച്ചു.

കുറച്ച് ദിവസം കഴിഞ്ഞ് സ്വാമികൾ ശങ്കുപ്പിള്ളയുടെ വീട് സന്ദർശിക്കുകയും കുറച്ച് ദിവസം അവിടെ താമസിക്കുകയും ചെയ്തു. വിടിന്റെ സമീപത്തുള്ള ഒരു സർപ്പക്കാവിലാണ് സ്വാമി പകൽ സമയം കഴിഞ്ഞിരുന്നത്. മുകളിൽ ഒരു തുണി മരച്ചില്ലകളിൽ കെട്ടിയിട്ട് മേൽക്കൂര പോലെയാക്കി അതിന്റെ താഴേ ഒരു കട്ടിലിട്ടാണ് സ്വാമി കിടന്നിരുന്നത്.. പാമ്പുകളും മറ്റ് ചെറിയ ജീവികളും എപ്പോഴും സ്വാമികളോടൊപ്പം ഉണ്ടാവും. ഈ കാവിന് സമീപമായി ഒരു വിശാലമായ പാടമായിരുന്നു പാടത്തിനുമക്കരെ വളരെ വലിയൊരു കാവുണ്ടായിരുന്നു . മാനം മുട്ടി നിൽക്കുന്ന വൻ മരങ്ങളും മുളക്കൂട്ടങ്ങളും അടിക്കാടുകളും കാട്ടിൽ നിറയെ പാമ്പുകളും ചേർന്ന് ഒരു ഭയാനക അന്തരീക്ഷം കാരണം പകൽ പോലും ആ കാട്ടിലേക്ക് പോകാൻ ആളുകൾ ഭയപ്പെട്ടിരുന്നു. ഒരു ദിവസം സ്വാമി ശങ്കുപ്പിള്ളയേയും വിളിച്ച് കാവിലെത്തി. കാവിനകത്ത് ഒരു ചതുപ്പ് നിലവും ഒരു ചെറിയ തറയുമുണ്ടായിരുന്നു. ഈ സ്ഥലം ഒരു ഊന്ന് വടി കൊണ്ട് അടയാളപ്പെടുത്തി അത് സമാധിക്ക് പറ്റിയ സ്ഥലമാണെന്നും സ്വാമി ശങ്കുപ്പിള്ളയോട് പറഞ്ഞു. ഈ ഭൂമി സർക്കാർ വകയാണെന്നും അത് പാട്ടത്തിനെടുത്തിരിക്കുന്നത് മറ്റൊരു കുടുംബമാണെന്നുമായിരുന്നു ശങ്കുപ്പിള്ളയുടെ മറുപടി. ശങ്കുപ്പിള്ള വിചാരിച്ചാൽ അത് നടക്കുമെന്നായിരുന്നു സ്വാമിയുടെ അഭിപ്രായം. ശങ്കുപിള്ളയുടെ ഭവനത്തിൽ താമസിക്കുമ്പോഴാണ് സ്വാമി ജീവകാരുണ്യ നിരുപണം രചിച്ചത്.

വളരെ അടുത്ത സ്നേഹബന്ധമായിരുന്നു സ്വാമിയും ശങ്കുപ്പിള്ളയും തമ്മിൽ ഉണ്ടായിരുന്നത്: പൊന്നിൻ കുടമെന്നോ കാരണവർ എന്നോ ഒക്കെയാണ് സ്വാമി ശങ്കുപിള്ളയെ വിളിച്ചിരുന്നത്. മൂന്ന് മാസം അവിടെ താമസിച്ച ശേഷം സ്വാമി തിരുവനന്തപുരത്തേക്ക് യാത്രയായി. കുറച്ച് കാലം കൂടി താമസിക്കണമെന്നായിരുന്നു ശങ്കുപ്പിള്ളയുടെ അഭിപ്രായം. ‘കാരണവരെ, കിഴവൻ ചാകാറാകുമ്പോൾ ഇങ്ങെത്തും. അതിന് മുമ്പ് ഞാൻ എല്ലാവരോ

ടും യാത്ര പറയട്ടെ' എന്നായിരുന്നു സ്വാമി യുടെ മറുപടി. പ്രാക്കുളം വരെ ശങ്കുപ്പുള്ള സ്വാമിയെ അനുഗമിച്ചു. പ്രാക്കുളത്ത് ഒരു ഭവനത്തിൽ താമസിച്ചു തന്റെ സമാധിയുടെ കാര്യം ഒരിക്കൽ കൂടി സ്വാമി ശങ്കുപ്പിള്ളയെ ഓർമ്മിപ്പിച്ചു.

നേരത്തെ തന്നെ ഗാന്ധിയനായിരുന്ന കുമ്പളത്തിനെ ജാതിക്കും അയിത്തത്തിനു മെതിരെ ശക്തമായ നിലപാടുകൾ എടു ത്തിരുന്ന ചട്ടമ്പിസ്വാമികളുടെ ശക്തമായ പ്രവർത്തനങ്ങൾ ഏറെ സ്വാധീനിച്ചു. നാ യന്മാരിൽത്തന്നെ പരസ്പരം അവാന്തരവി ഭാഗങ്ങൾക്കിടയിൽ ജാതീയമായ ഉച്ചനീ ചത്വങ്ങൾ നിലനിന്ന കാലത്ത് കുമ്പളം കുളങ്ങൾ കുഴിപ്പിച്ച് എല്ലാ ജാതിക്കാരെ യും കുളിക്കാൻ അവസരമുണ്ടാക്കിയതും നായന്മാർ മാത്രം ഉപയോഗിച്ചിരുന്ന പൊതു കുളങ്ങൾ എല്ലാ ജാതിക്കാർക്കും തുറന്ന് കൊടുത്തതും സമൂഹത്തിൽ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു , 'പട്ടിക്കും പൂച്ചക്കും ആട് മാടുകൾക്കും ഇറങ്ങാമെങ്കിൽ മനുഷ്യന് എന്ത് കൊണ്ട് ഇറങ്ങിക്കൂടാ 'എന്നായി രുന്നു അദ്ദേഹത്തിന്റെ ചോദ്യം. നായർ സമു ദായത്തിന്റെ വകയായിരുന്ന പല ക്ഷേത്രങ്ങ ളും കുമ്പളത്തിന്റെ സ്വാധീനത്തിന്റെ ഫലമായി എല്ലാ ജാതിക്കാർക്കുമായി തുറന്ന് കൊടുത്തു. ചട്ടമ്പി സ്വാമികളുടെ സ്വാധീനം മൂലം നിരവധി കാവുകളിലെ ജന്തുബലി അദ്ദേഹം നിരോധിച്ചു. സ്വാമിയുടെ അസാധാ രണമായ ആജ്ഞാശക്തിയുടെ മുന്നിൽ സമു ദായ പ്രമാണിമാർ കീഴടങ്ങി.

തിരുവനന്തപുരത്തെത്തിയതോടെ വാർദ്ധക്യസഹജമായ അസ്വാസ്ഥ്യങ്ങൾ സ്വാമിയെ അലട്ടിത്തുടങ്ങി. തിരുവനന്ത പുരത്ത് താമസിക്കുന്ന കാലത്ത് പണ്ട് താൻ ഏറെക്കാലം തപസ്സ് ചെയ്തിരുന്ന മരുത്വാമല സ്വാമി സന്ദർശിച്ചു. പഴയ പ ല സുഹൃത്തുക്കളെയും കാണാനും പല ഭവനങ്ങൾ സന്ദർശിക്കാനും തന്റെ ആരോ ഗ്യാവസ്ഥയെ അവഗണിച്ച് കൊണ്ട് സ്വാമി സമയം കണ്ടെത്തി. സ്വാമിയുടെ ആരാധകർ അദ്ദേഹത്തിന്റെ ആരോഗ്യ കാര്യത്തിൽ വളരെ ഉത്കണ്ഠയുള്ളവരായിരുന്നു. ഡോ. ഗോ പാലപിള്ള, ഡോ. ആറന്മുള നാരായണപിള്ള തുടങ്ങിയവർ സ്വാമിക്ക് മരുന്നുകൾ നൽകി യെങ്കിലും മരുന്ന് കഴിക്കാൻ സ്വാമി തയ്യാറായി ല്ല. തന്റെ കർമ്മങ്ങൾ അനുഭവിച്ച് തീരാറാ യെന്ന് സ്വാമിക്കു മനസ്സിലായി. ശരീരം ഉപേക്ഷിക്കും മുമ്പ് പ്രാരബ്ധകർമ്മങ്ങൾ അനു ഭവിച്ച് തീരണമെന്നു സ്വാമി മനസ്സിലാക്കി. ശിഷ്യന്മാരുടെ സന്തോഷത്തിന് വേണ്ടി സ്വാ മി ചിലപ്പോഴൊക്കെ മരുന്നുകൾ കഴിക്കാനും തയ്യാറായി. രോഗാവസ്ഥക്ക് അല്പം ആശ്വാ സം കണ്ടപ്പോൾ സ്വാമി പന്മനക്ക് പോകണ മെന്ന് ആവശ്യപ്പെട്ടു. പക്ഷേ അദ്ദേഹത്തെ ഒരു യാത്രക്ക് അനുവദിക്കാൻ ഡോക്ടർമാർ തയ്യാറായില്ല. പക്ഷേ താൻ അന്ത്യവി ശ്രമത്തിനായി തിരഞ്ഞെടുത്ത സ്ഥലത്തേക്ക് പോകാൻ സ്വാമി ധൃതി കൂട്ടി. ആരോഗ്യം കുറച്ച് മെച്ചപ്പെട്ടപ്പോൾ സ്വാമി കുറേശ്ശേ ന ടന്നു തുടങ്ങി. അപ്പോഴേക്കും സ്വാമിയെ കൊണ്ടു പോകാനായി കുമ്പളത്ത് ശങ്കുപ്പിള്ള ചാക്ക കടവിൽ വഞ്ചിയുമായെത്തി. സ്വാ മിയെ യാത്രയക്കാൻ ആയിരക്കണക്കിനാളു കൾ അവിടെയെത്തി. സ്വാമി വഞ്ചിയിൽ കയറി മൗനമായി ഇരുന്നു ഒരു മണിക്കൂർ കഴിഞ്ഞു സ്വാമിയെക്കാണാൻ കുളത്തൂർ ആശ്രമത്തിലെ യോഗിനിയമ്മ ഓടിയെത്തി: സ്വാമി അവരോട് യാത്ര പറഞ്ഞു. വഞ്ചി മുന്നോട്ട് നീങ്ങി. സ്വാമി യാത്ര പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കി സ്വാമിനിയമ്മയുടെ കണ്ണുകൾ നിറഞ്ഞു .

മടക്ക യാത്രയിൽ സ്വാമി കുറച്ച് ദി വസം പ്രാക്കുളത്ത് ശങ്കുപ്പിള്ളയുടെ മൂത്ത സഹോദരനായ പ്രാക്കുളം പരമേശ്വരൻ പിള്ളയുടെ ഭവനത്തിൽ താമസിച്ചു അവി ടെയായിരുന്നു കുമ്പളത്ത് ശങ്കുപ്പിള്ളയുടെ തറവാട്. ധാരാളം പേർ സ്വാമിയെ കാണാൻ

എത്തിത്തുടങ്ങി. ചട്ടമ്പി സ്വാമികൾ അവിടെ ഉണ്ടെന്നറിഞ്ഞു ശ്രീനാരായണഗുരുദേ നും സ്വാമിയെ കാണാൻ എത്തി. സ്വാമി മുകളിലത്തെ നിലയിലായിരുന്നു. സ്വാമി നിർബ്ബന്ധിച്ചിരുന്നതനുസരിച്ച് ഗുരു സ്വാമിയുടെ പാദം നമസ്കരിച്ച ശേഷം സ്വാമിയുടെ കൂടെ കട്ടിലിൽ ഇരുന്നു. സാധാരണ ശ്രീനാരായന്ന ഗുരുദേവൻ വെള്ള വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. പക്ഷേ അന്ന് കാവിയാണ് ധരിച്ച് തുടങ്ങിയത്. 'പണം പിരിക്കാൻ അന്യനാട്ടിൽ പോവുമ്പോൾ' എന്നായിരുന്നു മറുപടി.

'അവിടുന്ന് ക്ഷീണിതനാണല്ലോ? ഞാൻ മകരധ്വജം കൊടുത്തു വിടാം' ഗുരുദേവൻ

'വേണ്ട അതിപ്പോൾ ആവശ്യമില്ല' ചട്ടമ്പി സ്വാമികൾ

ആ സമയത്ത് ചട്ടമ്പിസ്വാമി തിരുവടികളുടെ മൂന്നാമത്തെ ശിഷ്യനായ തീർത്ഥപാദ പരമഹംസരും അവിടെ ഉണ്ടായിരുന്നു രണ്ട രമണിക്കൂറോളം അവർ സംസാരിച്ചിരുന്നു കുമാരനാശാന്റെ കവിതയെപ്പറ്റി അവർ ചർച്ച ചെയ്തു. പിന്നീട് പന്നിശ്ശേരി നാണുപിള്ള ഒരു കവിത ചൊല്ലിക്കേൾപ്പിച്ചു. രാത്രി ഏറെ നേരം അവർ ഒന്നിച്ച് സ്ത്രോത്രങ്ങളും ഭജന ഗീതങ്ങളും ആലപിച്ച് കഴിച്ച് കൂട്ടി. അന്ന് രാത്രി ശ്രീനാരായണ ഗുരുദേവൻ പ്രാക്കുളം പരമേശ്വരൻ പിള്ളയുടെ ഭവനത്തിൽ കഴിച്ച് കൂട്ടി. അന്ന് അവർ ഒന്നിച്ച് ഒരു ചിത്രവും എടുത്തു. മൂന്ന് മഹാത്മാക്കളുടെ ഒരപൂർവ്വ ചിത്രമായിരുന്നു അത്. പിറ്റേന്ന് രാവിലെ നാരായണ ഗുരുദേവൻ യാത്ര പറഞ്ഞു മടങ്ങിപ്പോയി. ഉടൻ തന്നെ ഗുരു മകരദ്ധ്വജം വാങ്ങി കൊടുത്തയച്ചു

തോട്ടുവയലിൽ ഏതാനും ദിവസം താമസിച്ച ശേഷം സ്വാമി പന്മനക്ക് പോകാൻ ധൃതി പിടിച്ച് തുടങ്ങി. *(തുടരും :)*

# ഒന്നാം ശ്രാദ്ധദിനം

## 18.2.24

വാത്സല്യനിധിയായ എന്റെ പ്രിയപ്പെട്ട അമ്മയുടെ പാവനസ്മരണയ്ക്ക് മുൻപിൽ ഭക്ത്യാദരപൂർവ്വം നമസ്കരിക്കുന്നു. എന്നും മാർഗ്ഗദീപമായി കൂടെയുണ്ടാവുമെന്ന് ഉറപ്പുണ്ട്. അമ്മയുടെ ആത്മാവിന് നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു. പ്രണാമം അർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ
ലക്ഷ്മി രാമവർമ,
ബാലഗോപാൽ,
നന്ദഗോപാൽ,
രാമവർമ്മ,
40/270, PRATIBHA
LAYAM ROAD
COCHIN - 682011



LEELA P. MENON
W/o. Late V.P. MENON
Freedom Fighter INA, SINGAPORE
Kizhavana Madhom
COCHIN - 682026

# പഞ്ചാക്ഷരി സ്തോത്രമാഹാത്മ്യം

ഡോ. കെ. ഹരിഹരൻ - 9847313322

**ആ**ചാര്യശ്രീസ്വാമിശ്രീകാശികാനന്ദ ഗിരിജീ മഹാരാജിന്റെ ഓം നമശിവായ പഞ്ചാക്ഷരമന്ത്ര പ്രവചനം (മലയാളം വിവർത്തനം) എന്ന മഹത് ഗ്രന്ഥത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട ഒരു ലേഖനമാണ് ശിവഭക്തരായ നിങ്ങൾക്കുമുമ്പിൽ ഞാൻ സാദരം സമർപ്പിക്കുന്നത്. പഞ്ചാക്ഷരീമന്ത്രത്തിന്റെ പ്രാധാന്യവും അർത്ഥവും ഉൾക്കൊണ്ട് ഭക്തർക്ക് ഈ മന്ത്രം ശിവഭഗവാനെ ഉപാസിക്കുവാൻ ഉതകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സരസ്വതിയെ ഉപാസിച്ചാൽ വിദ്യാപ്രാപ്തിയുണ്ടാകുമെന്നതുപോലെ ലക്ഷ്മീദേവിയെ ഉപാസിച്ചാൽ ധനപ്രാപ്തിയുണ്ടാകും. മൃത്യുഞ്ജയ ജപം കൊണ്ട് രോഗനിവർത്തിയുണ്ടാകും എന്നിങ്ങനെയുള്ളതു പോലെ ശിവനെ ഉപാസിച്ചാൽ സർവ്വസവും പ്രാപ്തമാകും അതാണ് ആചാര്യമതം.

വിദ്യാകാമസ്തു ഗിരിശം

വിദ്യ ആഗ്രഹിക്കുന്നു എങ്കിൽ ശങ്കരനെ ഉപാസിക്കുക. ധനം ആഗ്രഹിക്കുന്നുവെങ്കിലും ശിവഭജനം തന്നെ ചെയ്യുക.

ഇഷ്ടലോകപ്രാപ്തിക്കുള്ള ആഗ്രഹം വെച്ചുള്ള സാധനയാണെങ്കിൽ അത് ഇഷ്ടലോകപ്രാപ്തിക്കുള്ള സ്വതന്ത്ര സാധനാരൂപമായിത്തീരും. അഭിഷ്ടഫലപ്രാപ്തിക്കായുള്ള കർമ്മ വിശേഷത്തിന്റെ വിധാനം ശ്രുതിയിലും സ്മൃതിയിലും പറയുന്നുണ്ട്. അതിന്റെ തേജസ്സ് വർദ്ധിപ്പിക്കാനാണ് ഉപാസന ചെയ്യുന്നത്. മന്ത്രജപം ഉപാസ്യാകാര ചിത്തവൃത്തി പ്രവാഹം അഥവ ധ്യാനം. സ്തോത്രപാരായണം ഇവയെല്ലാം ഉപാസനകൾ തന്നെയാണ്. ഇവ ചിലയിടത്ത് സ്വതന്ത്രരൂപത്തിലുള്ള സാധനകളാണ്, ചിലത് അംഗാഗിഭാവസാധനകളും ചിലയിടത്ത് പരമ്പരായ സാധനകളുമാണ്. ഉപാസന പ്രമാണിതമാണ് എന്നാൽ അത് സ്വയം പ്രമാണമല്ല. പ്രമാണജന്യവുമാണ് എന്നാൽ പ്രമേയമല്ല താനും. എന്നാൽ അത് പുരുഷതന്ത്രമാണ്. ജ്ഞാനത്തിനു സമാനമായ വസ്തുതന്ത്രമല്ല. മുൻപിൽ ഒരു കല്ലു കിടക്കുന്നു, ജ്ഞാനം അത് കല്ലുതന്നെയെന്നു പറയും. എന്നാൽ ഉപാസകൻ അതിൽ ഭഗവദ്ഭാവന ചെയ്താൽ ഭഗവാനെ കാണാൻ കഴിയും. ഭാവന പുരുഷതന്ത്രമാണ്. നമുക്ക് അധീതമാണ്. സാളാഗ്രാമശിലയിൽ ഭഗവത്ഭാവന ചെയ്യാറുണ്ട്. ജ്ഞാനം അതിനെ ശില എന്നും ഉപാസന അതിനെ ഭഗവാൻ എന്നും പറയും. ഉപാസന ചെയ്താലുണ്ടാകുന്ന ദേവലോക ബ്രഹ്മലോകാദി പ്രാപ്തിയാണ് പാരലൗകിക ഇഷ്ടപ്രാപ്തി. വിദ്യയാ ദേവലോക എന്ന് ശാസ്ത്രവചനം. ഇവിടെ വിദ്യയെന്നാൽ ഉപാസന എന്നർത്ഥം, ഉപാസനയാൽ ദേവലോക പ്രാപ്തി ഉണ്ടാകും.

നീ!ശ്രേയസ്സ് എന്നതിന് പരമാത്മപ്രാപ്തി അല്ലെങ്കിൽ മോക്ഷം എന്നർത്ഥം. ജനനമരണരൂപിയായ സംസാരദുഖത്തിൽ നിന്നുള്ള നിവൃത്തിയും പരമാനന്ദപ്രാപ്തിയുമാണ് നി:ശ്രേയസ്സ്. നി:ശ്രേയസ്സിന് വേണ്ടി ഉപാസന സാക്ഷാൽ സാധനയല്ലെങ്കിലും പരമ്പരയായുള്ള സാധന തന്നെയാണ്. ജ്ഞാനത്തിന് ഒരു പ്രതിബന്ധമായിരിക്കുന്നത് വിക്ഷേപം എന്നതു കൂടിയാണ്. ആ വിക്ഷേപ നിവൃത്തിക്കുള്ള ഉപായം തന്നെയാണ് ഉപാസന. എന്തെന്നാൽ കാമാദി ദോഷങ്ങളാണ് വിക്ഷേപങ്ങൾക്കു കാരണം.

ഉപാസനയിൽ ഏറ്റവും ശക്തിയേറിയതാണ് പഞ്ചാക്ഷരമന്ത്രജപം, നമശിവായ എന്നതാണ് പഞ്ചാക്ഷരമന്ത്രം. ആദിയിൽ

ഓംകാരം ചേർത്തു പറയുമ്പോൾ ഇതിനെ ഷഡാക്ഷരമന്ത്രമെന്നും പറയും. മറ്റു ദേവതാ മന്ത്രങ്ങൾ, തന്ത്രങ്ങൾ, പുരാണങ്ങൾ സാമാന്യ ഉപനിഷത്തുകൾ എന്നിവയിൽ നിന്നുള്ളവയാണ്. മുപ്പതോളം മുഖ്യഉപനിഷത്തുക്കൾ ആചാര്യന്മാർ പ്രാണരൂപമായി വ്യാഖ്യാനിക്കുകയോ, അഥവ വ്യാഖ്യാനങ്ങളിൽ മുഖ്യ ഉപനിഷത്തുക്കളെ ഉദ്ധരിക്കുകയോ ചെയ്തിട്ടുണ്ട്. അന്യദേവതാമന്ത്രങ്ങളിൽ നിന്നും വ്യത്യസ്തമായി നമശിവായ മന്ത്രം യജ്ജൂർ വേദ സംഹിതയിൽ വന്നിട്ടുണ്ട്.

ഇതിൽ ഓരോ അക്ഷരവും ഭഗവത് സ്വരൂപവും ഭഗവത് ശരീരവുമാണ്. നമശിവായയിലെ എല്ലാ അക്ഷരങ്ങൾക്കും പരമാത്മാവായ ശിവൻ എന്നർത്ഥമുണ്ട്. എന്നാലും ഗുണഭേദം കൊണ്ട് അർത്ഥഭേദം ഉണ്ടാകും.

നമശിവായ മന്ത്രം നിർഗുണവും സഗുണവും ഉഭയപരവും ആണ്.

നമശിവായ
പഞ്ചാക്ഷര സ്തോത്രം
നഗേന്ദ്രഹാരായ ത്രിലോചനായ
ഭസ്മാംഗ രാഗായ മഹേശ്വരായ
നിത്യായ ശുദ്ധായ ദിഗംബരായ
തസ്മൈ ന കാരായ വമശിവായ
മന്ദാകിനീ സലില ചന്ദനചർച്ചിതായ
നന്ദീശ്വര പ്രഥമനാഥ മഹേശ്വരായ
മന്ദാരപുഷ്പബഹുപുഷ്പ സപൂജിതായ
തസ്മൈ മകാരായ നമശിവായ
ശിവായ ഗൗരീവദനാബ്ജ വൃന്ദ
സൂര്യായ ദക്ഷാധ്വരനാശകായ
ശ്രീനീലകണ്ഠായ വൃഷധ്വജായ
തസ്മൈ ശികാരായ നമശിവായ
വസിഷ്ഠകുംഭോദ്ഭവ ഗൗതമാര്യ
മുനീന്ദ്രദേവാർച്ചിതശേഖരായ
ചന്ദ്രാർക്ക വൈശ്വാനരലോചനായ
തസ്മൈ വ കാരായ നമശിവായ
യക്ഷ സ്വരൂപായ ജഡാധരായ പിനാക ഹസ്തായ സനാതനായ
ദിവ്യായദേവായ ദിഗംബരായ
തസ്മൈ യ കാരായ നമശിവായ
നമശിവായ

പഞ്ചാക്ഷരസ്തോത്രവർണ്ണന

പഞ്ചാക്ഷരമന്ത്രം ഭഗവാൻ ശങ്കരന്റെ ശരീരമാണ്. മന്ത്രാത്മാനോ ദേവതാ എന്നാണ് മീമാംസകരുടെ സിദ്ധാന്തം. ക്ഷേത്രത്തിലും മറ്റും പ്രതിഷ്ഠിച്ചിട്ടുള്ള ശിവലിംഗം തുടങ്ങിയവ ശങ്കരഭഗവാന്റെ അർച്ചനാ ശരീരമാണ്. പുരാണത്തിലും സംഹിതയിലും അർച്ചാ (പൂജ) വിഗ്രഹത്തെ അവതാരമായിട്ടു തന്നെ മാനിക്കുന്നു. അത് ശങ്കരദേവന്റെ രൂപാത്മക ശരീരമാണ് നമശിവായ മന്ത്രം നാമാത്മകശരീരമാണ്. ഭഗവാന് രൂപാത്മകവും നമാത്മകവും എന്ന് രണ്ടുതരം ശരീരമുണ്ടെന്ന് മനസ്സിലാക്കണം. അർച്ചാശരീരം തുടങ്ങിയത് രൂപാത്മകവും വാങ്മയശരീരം നാമാത്മകവുമാണ്. പ്രതിഷ്ഠാവിധികൾ അനുസരിച്ച് പ്രതിഷ്ഠിക്കുന്നതായാൽ ശിവലിംഗം പ്രതിമ വിഗ്രഹം ആദിയായവ അർച്ചാവതാരശരീരമായി തീരും. അതിനുശേഷം അവയ്ക്ക് പ്രതിദിന പൂജ വേണം. നമശിവായ മന്ത്രം അപൗരുഷേയ വേദാന്തർദ്ധമകയാൽ എല്ലായ്പ്പോഴും ഭഗവത്ശരീരരൂപം തന്നെയാണ്. അതിൽ അനാദി സിദ്ധമായ ദേവത്വമുണ്ട്.

ഭഗവാനെ അകത്തേക്ക് (ശരീരത്തിനുള്ളിൽ) വരുത്തുന്നതിന് രണ്ട് ദ്വാരങ്ങളുണ്ട്. ഒന്ന് നേത്രം രണ്ട് കർണ്ണം അർച്ചാവതാരാദിയായ ഭഗവത് ശരീരത്തെ നാം കണ്ണിലൂടെ അകത്തേക്കു പ്രവേശിപ്പിക്കുന്നു, എന്നിട്ട് ഹൃദയത്തിനുള്ളിൽ നാം ഭഗവാനെ ദർശിക്കുന്നു. ക്ഷേത്രത്തിൽ പോയി നന്നായി ഒരു പ്രാവശ്യം കാണുക എന്നിട്ട് കണ്ണുകളടച്ച് ഉള്ളിന്റെയുള്ളിൽ ഭഗവർദ്ദശനം ചെയ്യുക. അകത്തെ സ്വരൂപത്തെ നൂതനമാക്കി നിർത്താൻ വേണ്ടി ഇടയ്ക്കിടയ്ക്ക് കണ്ണു തുറന്നു മോക്കണം. എന്നാൽ ഉള്ളിന്റെയുള്ളിൽ ഭഗവാനെ കാണാനുള്ള കഴിവ് ഒന്നു വേറെ തന്നെയാണ്. മേൽപറഞ്ഞതിൽ കണ്ണിലൂടെയാണ് ഭഗവത് പ്രവേശം രണ്ടാമത്തെ ദ്വാരം കാതുകളാണ്. ചെവികളിലൂടെ ഭഗവാന്റെ വാങ്മയ ശരീരമാണ് നമ്മിൽ പ്രവേശിക്കുന്നത് ഭഗവാൻ കർണ്ണ ദ്വാരങ്ങളിലൂടെ പ്രവേശിച്ചാൽ നമ്മുടെ ഹൃദയമലാദിദോഷങ്ങളല്ലാം സമൂലം

പറിച്ചുകളയും സ്വാന-സ്വന്തം സ്വ എന്നാൽ നമ്മുടെ സ്വഗൃഹം, സ്വജനംഎന്നിവകളിലെ സ്വഭഗവാനും സ്വാനാം ഹൃദയത്തിലാണ് കുടികൊള്ളുന്നത്. ഭഗവാന്റെ സ്വന്തം ആരാണ്. ആരാണോ ഭഗവാനേ തന്റെ സർവ്വസ്വമായി കാണുന്നത്, അവൻ ഭഗവാനും സ്വന്തം.

ന കർഹിചിന്മത്പരാ ശാന്തരൂപേ തണ്ങ്ക്ഷ്യന്തി

നോമ്യേനിമിഷോ ലേഢി ഹേതി

യേഷാമഹം പ്രിയ ആത്മാ സുതശ്ചസഖാ ഗുരു

സുഹൃദോ ദൈവമിഷ്ടം.

ആർക്കാണോ ഞാൻ പ്രിയ ആത്മാവും, പ്രിയപുത്രനും, പ്രിയ സഖാവുമായിരിക്കുന്നത്, ഇഷ്ടദൈവമായിട്ടുള്ളത്. അവൻ അനശ്വരനാകും. അവന്റെ കർണ്ണാരന്ധ്രത്തിലൂടെ ഭഗവാൻ പ്രവേശിച്ചിട്ട് ഒരു കമലത്തിൽ ഉപവിഷ്ടനാകുന്നു. ഭാവസരോരുഹം ഭാവരൂപീയയ കമലം ഹൃദയകമലം ഹൃദയകമലത്തിൽ പരമാത്മാവ് ആദ്യം തന്നെ വിരാജമാനനായിട്ടാണ് ഇരിക്കുന്നത്. അഷ്ടദളോപരിവേഷ്ടിത ലിംഗം അനദിവ്യക്തനായിട്ടാണ് ഈശ്വരൻ ഇരിക്കുന്നത്. ശ്രവണം ചെയ്യുമ്പോൾ ശബ്ദം ചൈതന്യത്തോടുകൂടി അകത്ത് കടന്ന് ആവരണ നിവൃത്തിയുണ്ടായി ആവിർഭൂതനാവുന്നു. അതുകൊണ്ട് ഈ രണ്ടു കണ്ണുകളും ചെവികളും ഭഗവദ് പ്രവേശത്തിന്റെ മുഖ്യ ദ്വാരങ്ങളാണ്. ഭഗവാന്റെ അകത്തേക്കുള്ള പ്രവേശനവാഹനം എന്ന നിലയിലാണ് ആചാര്യന്മാർ ശബ്ദത്തെ കാണുന്നത്. ശബ്ദം അതിന്റെ അർത്ഥത്തേയും വഹിച്ചാണ് പോകുന്നത്. ശബ്ദവും അർത്ഥവും ഒന്നായി ശബ്ദദാരൂഢം എന്ന അർത്ഥത്തിലായാലും ശബ്ദത്തോടൊപ്പം പരമാത്മാവ് അകത്ത് സ്വയം പ്രകാശിതമാകാൻ തുടങ്ങും. വാഹനം എത്ര വേഗതയുള്ളതാണോ, ഉത്കൃഷ്ടമാണോ പ്രകാശത്തിനും അത്രയ്ക്ക് ഉൽകൃഷ്ടതയുണ്ടാകും. ലൗകിക ശബ്ദങ്ങളാലും ഭഗവാൻ പ്രവേശിക്കും. ലൗകിക ശബ്ദങ്ങളേക്കാൾ ശ്രേഷ്ഠമാണ് പുരാണാദിശാസ്ത്രങ്ങളിലെ ശബ്ദങ്ങൾ. അതിലും ഉൽകൃഷ്ടങ്ങളാണ് വൈദികശബ്ദങ്ങൾ. വൈദിക ശബ്ദങ്ങളിൽ നമശിവായ മന്ത്രം ചരമോൽകൃഷ്ടതയിലെത്തി നിൽക്കുന്നു. ഇതിന്റെ സാധനകൊണ്ടു ജഡം പോലും ചേതനമാകും, മൂഢൻ ബുദ്ധിമാനാകും ബുദ്ധിമാൻ ജ്ഞാനിയാകും, ജ്ഞാനിയോ സാക്ഷാത്കാരവും നേടും.

മന്ത്രവും ഭഗവാനും ഒന്നുതന്നെയാകട്ടെ, അല്ലാതെയിരിക്കട്ടെ, രണ്ടിനും സമാനസ്വരൂപമുണ്ട്. ഭഗവാന്റെ ഓരോ അംഗവും പൂർണ്ണമാണ്. ഭഗവാന്റെ പാദം മുതൽ ശിരസ്സുവരെ ഓരോരോ അംഗത്തെയും ധ്യാനിക്കുക, ബുദ്ധിയിൽ ദർശിക്കുക. ഒരുമിച്ചല്ല, ആദ്യം പാദത്തെ ചിന്തിച്ച് അടുത്ത അവയവത്തെ ചിന്തിക്കുമ്പോൾ പാദത്തേയും കൂട്ടി ചേർത്തു ചിന്തിക്കുക. ഓരോ സ്ഥാനത്തേയും ജയിച്ചിട്ട് ഏത് ഭാഗത്തെ ധ്യാനിച്ചുറപ്പിച്ചോ അതുവിട്ട് അതിലും ഉയർന്ന സ്ഥാനത്തെ (അംഗത്തെ) ചിന്തിക്കുക. അതിനനുസരിച്ച് ബുദ്ധി ശുദ്ധമാകും. പ്രത്യയധ്യാനത്തിൽ ഏകതാനത യുണ്ടാവണം ഒരേയൊരു അവയവത്തെപറ്റി വേണം അവസാനം ചിന്തിക്കാൻ ഭഗവത് പാദമെങ്കിൽ പാദം, മുഖം ഇഷ്ടമെങ്കിൽ മുഖം. ഒരവയവത്തെ മാത്രം ചിന്തിക്കുകയാണെങ്കിൽ അത് പൂർണ്ണം തന്നെയാണ്. ഭഗവാന്റെ ഓരോ അംഗവും പൂർണ്ണമാണ്, അപൂർണ്ണമല്ല, ഭഗവാൻ വ്യാപകനാണ്. ഇത്രയും ഭഗവത് വിഗ്രഹത്തെ കുറിച്ചാണ് പറഞ്ഞത്. മന്ത്രത്തിന്റെ കാര്യത്തിലും സ്ഥിതി ഇതു തന്നയാണ്. നമശിവായ മന്ത്രത്തിലെ ഓരോ അക്ഷരവും പൂർണ്ണമാണ്. ഇതു കൊണ്ടു അഞ്ചുശ്ലോകങ്ങളുടേയും അവസാനത്തിൽ തകാരായ നമ ശിവായ മകാരായ നമശിവായ എന്ന് പറയുന്നുണ്ട്. നകാരവും നമശിവായയും ഒന്നു തന്നെ. ഏതാണോ നമശിവായ അതു തന്നെ മകാരവും. അർത്ഥത്തിന്റെ കാര്യത്തിലും ഏകതയാണ്. നകാരായ നമ ശിവായ മകാരായ നമ ശിവായ ഇത്യാദി അന്വയിക്കുകയാണെങ്കിൽ നകാരം തന്നെ ശിവൻ മകാരം തന്നെ ശിവൻ എന്നിങ്ങനെ അർത്ഥം കിട്ടും.

*തുടരും*

*****

# ആഗോളതാപനം വീണ്ടും ആശങ്കാജനകം

എൻ. രാജശേഖരൻ – 9895550719

*(തുടർച്ച)*

**ചൈനീസ് പർവ്വതത്തിൽ മുകളിൽ കണ്ട മേഘപടലങ്ങൾ**

**ക**ഴിഞ്ഞ വർഷം ഓഗസ്റ്റിൽ സിചാൻ പ്രവിശ്യയിൽ ഗാൻസിയിലുള്ള മലനിരകൾക്ക് മുകളിലുണ്ടായ മേഘപടലങ്ങൾ പല അഭ്യൂഹങ്ങൾക്കും വഴിതെളിയിച്ചു. എന്നാൽ ലെന്റിക്യൂലർ ക്ലൗഡ് എന്ന പ്രതിഭാസമായിരുന്നു അത്. കാറ്റ്, പർവ്വതങ്ങൾക്കൊ, അതുപോലെ പൊക്കമുള്ള മറ്റ് വസ്തുക്കൾക്കൊ ലംബമായി അടിക്കുമ്പോഴുണ്ടാകുന്ന ലെന്റിക്യൂലർ മേഘങ്ങളായിരുന്നു അവ. എന്നാൽ ഈ പ്രതിഭാസം, ചൈനയിലെ ജനങ്ങൾക്കിടയിൽ അതിയായ ആശ്ചര്യത്തിനിടയാക്കിയിരുന്നു. മഴവിൽ നിറങ്ങളിൽ ഈ മേഘം പ്രത്യക്ഷപ്പെട്ടിരുന്നു. സ്കാർഫ് ക്ലൗഡ് അഥവാ പിലിയാസ് എന്ന പ്രതിഭാസമായിരുന്നു അത്. മേഘത്തെ ചുറ്റിയുള്ള വായു മുകളിലേക്കുയർന്ന് ഒരു കുട പോലെ മാറുകയാണുണ്ടായത്.

വരാൻ പോകുന്ന കടുത്ത കാലാവസ്ഥയുടെ സൂചനയാണ് ഇതെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. ചുഴലിക്കാറ്റ് ഉണ്ടാകാനുള്ള സാഹചര്യങ്ങളാണ് ഇതു മൂലം ഉണ്ടാകുന്നത്.

ആഗോളതാപനം അതിരൂക്ഷമാകുന്നതോടെ പ്രകൃതി ദുരന്തങ്ങൾ ഒന്നിന് പിറകെ മറ്റൊന്നായി ഉണ്ടായികൊണ്ടിരിക്കുന്നു. മനുഷ്യന്റെ ചെയ്തികൾ കൊണ്ടുണ്ടായ ആഗോളതാപനം മനുഷ്യരാശിക്ക് വൻനഷ്ടമാണ് വരുത്തിവച്ചിരിക്കുന്നത്. 2000 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ പ്രതിവർഷം 140 ബില്യൺ ഡോളറാണ് ആഗോളസാമ്പത്തിക രംഗത്ത് നഷ്ടമുണ്ടായത്. 2022ൽ മാത്രം 280 ബില്യൺ ഡോളർ ചിലവായി കഴിഞ്ഞു. ഇതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളുടെ കണക്കുകൾ ഉൾപ്പെട്ടിട്ടില്ല. സമുദ്രനിരപ്പിന്റെ അസാധാരണ ഉയർച്ച വരുത്തിവക്കുന്ന പ്രതിസന്ധികൾ എല്ലാ കണക്കുകളെയും തെറ്റിക്കുന്നതാണ്.

യൂറോപ്പിൽ ഉണ്ടായ താപതരംഗം മ്യാൻമാറിലെ നർഗീസ് ചുഴലിക്കാറ്റ്, സോമാലിയായിലെ വരൾച്ച, റഷ്യയിലെ താപതരംഗം, എന്നിവ 2003, 2008, 2010 എന്നീ വർഷങ്ങളിലാണ് ഉണ്ടായത്.

അറബിക്കടലിലെയും, ബംഗാൾ ഉൾക്കടലിലെയും ചൂട് വർധിച്ചുകൊണ്ടിരിക്കുന്നു. അറബിക്കടലിന്റെ താപനില 30 ഡിഗ്രി സെൽഷ്യസിൽ കൂടുതൽ ഉയരുന്നത് ചുഴലിക്കാറ്റിന്റെ തീവ്രത വർദ്ധിപ്പിക്കാനിടയാക്കുന്നു. കടൽ ക്രമാതീതമായി ചൂടാകുന്നതിൽ പ്ലാസ്റ്റിക്കുകൾ തുടങ്ങിയ മാലിന്യങ്ങളുടെ സ്വാധീനം വളരെയാണ്. ഇതിനെല്ലാം പുറമേയാണ് ഹരിതഗൃഹപ്രഭാവം എന്ന് കൂടി ഓർക്കുക. അതോടെ ഭൂമിയും അന്തരീക്ഷവും ചൂടാകുകയാണ്, ചൂട് വർദ്ധിക്കുകയാണ്.

ഇനി അല്പസമയത്തേക്ക് നമുക്ക് ഹിമാലയത്തിലേക്ക് മടങ്ങി വരാം. ഹിമാലയത്തിൽ ഹിമാനികൾ രൂപം കൊള്ളുന്നതിനെ കുറിച്ചും, മഞ്ഞ് മലകളിലെ മണ്ണിടിച്ചിലിനെ കുറിച്ചും പരിശോധിക്കാം.

പ്രകൃതിയിന്മേലുള്ള മനുഷ്യന്റെ കടന്നുകയറ്റം സഹിക്കാൻ കഴിയാവുന്നതിന്റെ പാരമ്യതയിലെത്തുമ്പോൾ മാത്രമാണ് പ്രകൃ

തി മനുഷ്യന് മേൽ പ്രഹരമേൽപ്പിക്കുന്നത്. ഉത്തരാഖണ്ഡിൽ മാത്രം പ്രകൃതി നൽകിയ വൻ ദുരന്തങ്ങൾ ഏതൊക്കെയെന്ന് നമുക്ക് ഒന്ന് പരിശോധിക്കാം. കഴിഞ്ഞ 30 വർഷത്തിനുള്ളിൽ നടന്ന 5 വൻ ദുരന്തങ്ങളാണ് ഇവ.

1. 1991 ഒക്ടോബറിൽ ഉത്തരകാശിയിൽ ഭൂചലനം 768 പേരാണ് മരിച്ചത്.
2. 1998 ഓഗസ്റ്റിൽ പിത്തോർഗഡിൽ മണ്ണിടിച്ചിൽ. കൈലാസ് മാനസരോവർ തീർത്ഥാടകർ ഉൾപ്പെടെ 255 പേർ മരിച്ചു.
3. 1999 മാർച്ച് മാസത്തിൽ ചിമോലിയിൽ ഭൂമികുലക്കം നൂറിൽപ്പരം പേരാണ് മരിച്ചത്.
4. 2013 ജൂൺ മാസം മേഘവിസ്ഫോടനം മൂലം 5700 പേർ മരിച്ചു.
5. 2021 ഫെബ്രുവരി മാസം മിന്നൽ പ്രളയം 200 പേർ മരിച്ചു.

ഇതിൽ 2013 ജൂൺ മാസം സംഭവിച്ച കേദാർനാഥ് പ്രളയമാണ് അതിദാരുണമായത്.

ആറ് കിലോമീറ്റർ അകലെയുള്ള കേദാർനാഥ്മലയിലെ മഞ്ഞ് ഉരുകി എത്തിയ ജലം മന്ദാകിനി നദിയിലെ ജലനിരപ്പ് മിന്നൽ വേഗത്തിലാണ് ഉയർത്തിയത്. ഈ മലവെള്ളപാച്ചിൽ ക്ഷേത്രനഗരത്തെ അക്ഷരാർത്ഥത്തിൽ വിഴുങ്ങി കളഞ്ഞു. കേദാർനാഥ് ശിവക്ഷേത്രം മാത്രം അവശേഷിച്ചു. ചുറ്റുമുള്ള കെട്ടിടങ്ങൾ, റോഡുകൾ എല്ലാം തകർന്ന്, ചെളികൊണ്ട് പരിസരമാകെ മൂടി. 5700 പേർ മരിച്ചു സർക്കാർ കണക്കാണ്. 2052 വീടുകൾ ഒഴുകിപോയി, 147 പാലങ്ങൾ, 1307 റോഡുകൾ തകർന്നു തരിപ്പണമായി.

പിന്നെയും 2021 ഫെബ്രുവരിയിൽ ചിമോലിയിൽ മറ്റൊരു ദുരന്തം നടന്നു. എന്നിട്ടും പഠിച്ചോ ഇല്ല.

ഹിമാലയൻ മലനിരകൾ വളരെ സൂക്ഷിച്ച് മാത്രം കൈകാര്യം ചെയ്യേണ്ട പരിസ്ഥിതിലോല പ്രദേശങ്ങളാണ്. വൻകിട ജലവൈദ്യുത പദ്ധതികളുടെ ഭാരം താങ്ങുന്നതിനുള്ള ശേഷി അവക്കില്ല. ഇത് തന്നെയാണ് പശ്ചിമഘട്ടമലനിരകൾക്കു ഉള്ളത്. 6.8 കിലോമീറ്റർ നീളമുള്ളതും കോടിക്കണക്കിന് തുക ചിലവിട്ടതുമായ മേപ്പാടി വരെയുള്ള ടണൽ പ്രൊജക്റ്റിന്റെ കാര്യവും മുകളിൽ പറഞ്ഞതു തന്നെ. പശ്ചിമഘട്ട മലനിരകൾ തുരന്ന് നിർമ്മിച്ച ഈ ടണലും ഭാവിയിൽ വൻ ദുരന്തങ്ങൾക്കിടയാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ഹിമാലയത്തിൽ മഞ്ഞ് അതിവേഗം ഉരുകുന്നതും, മഞ്ഞ് കട്ടയായി തീരുന്നതിലും അടുത്തിടെയുണ്ടായ മാറ്റങ്ങൾ ഏറെ ശ്രദ്ധേയമാണ്. ഏത് സമയത്തും പൊട്ടിത്തകർന്ന് മിന്നൽപ്രളയം സൃഷ്ടിക്കാൻ കഴിവുള്ള എത്രയെത്ര മഞ്ഞ് തടാകങ്ങൾ ഹിമാലയത്തിലുണ്ട്. ചെറുതും വലുതുമായ ഇത്തരം മഞ്ഞ് തടാകങ്ങളുടെ ഭിത്തികൾ വളരെ ദുർബലമാണ്. വ്യാപകമായ മണ്ണിടിച്ചിലിൽ നിന്നുണ്ടാകുന്ന മണ്ണ് മാത്രം മതി, മഞ്ഞ് തടാകം പൊട്ടാനും, മിന്നൽ പ്രളയം സൃഷ്ടിക്കുവാനും.

ശാസ്ത്രീയമായ പഠനം പോലും നടത്താതെ ഗംഗയുടെ കൈവഴികളിലെല്ലാം നിർമ്മിച്ചിരിക്കുന്ന അണക്കെട്ടുകൾ, ഭാവിയിൽ എത്രയോ വലിയ ദുരന്തങ്ങളാണ് സമ്മാനിക്കാനിരിക്കുന്നത്.

കേരളത്തിലെ സ്ഥിതിയും മറിച്ചല്ല. കേരളത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പെരിങ്ങൽകുത്ത് പദ്ധതിക്ക് വേണ്ടി നൂറ് കണക്കിന് മരങ്ങളാണ് പറമ്പിക്കുളത്തെ വനത്തിൽ നിന്ന് വെട്ടിമാറ്റുന്നത്. സോളാർ പദ്ധതിയിൽ കൂടി ഒരു യൂണിറ്റിന് 2 രൂപ 48 പൈസക്ക് വൈദ്യുതി ലഭിക്കുമെന്നിരിക്കെ എന്തിനാണ് ഇങ്ങനെ വനനശീകരണം നടത്തുന്നത്. പെരിങ്ങൽകുത്ത് പദ്ധതി

സ്ഥാപിച്ചിരിക്കുന്നത് കടുവാ സംരക്ഷണ കേന്ദ്രത്തിലാണ്. വൻസ്ഫോടനം നടത്തിയാണ് അവിടെ ടണൽ സ്ഥാപിച്ചിരിക്കുന്നത്.

നടപ്പാക്കാൻ തീരെ സാധ്യതയില്ലാത്ത ഒരു ജലവൈദ്യുത പദ്ധതിയാണ് ആതിരിപ്പിള്ളി ജലവൈദ്യുത പദ്ധതി. പരിസ്ഥിതിക്ക് ദോഷം വരുമെന്നതിന് പുറമേ കമ്പോളത്തിൽ ഇതിലും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നിരിക്കെ അതിരിപ്പിള്ളി പദ്ധതി നടപ്പാക്കിയേ കഴിയൂ എന്ന് വാശി പിടിക്കുകയാണ് കേരളസ്റ്റേറ്റ് വൈദ്യുതി ബോർഡ് ഇപ്പോൾ തന്നെ യൂണിററിന് 2 രൂപ 48 പൈസക്ക് വൈദ്യുതി ലഭിക്കുന്നതാണ്. പശ്ചിമ ഘട്ടിൽ നിന്നും ഏക്കർ കണക്കിന് നിബിഡ വനങ്ങളാണ് ആതിരപ്പിള്ളിക്ക് വേണ്ടി വെട്ടി നശിപ്പിക്കാൻ പോകുന്നത്.

നിലവിലലില്ലാത്ത ഈ പദ്ധതിക്ക് വേണ്ടി നിരാക്ഷേപപത്രം പുതുക്കുന്നത് എന്തിനാണ് ഇല്ലാത്ത ഈ പദ്ധതിക്ക് വേണ്ടി 1998 മുതൽ കെഎസ്ഇബി, 22 പേരുള്ള ഒരു ഡിവിഷൻ തന്നെ പ്രവർത്തിപ്പിക്കുന്നതുണ്ട്. ഇല്ലാത്ത ഒരു പദ്ധതിക്ക് വേണ്ടി മാസം തോറും 22 ലക്ഷം രൂപയാണ് ചിലവിടുന്നത്.

*(തുടരും)*

## 2024 ജനുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. ദിവാകരൻ നായർ**
L/3229 ശ്രീനിവാസ്
ടെമ്പിൾ റോഡ്
തൃക്കാക്കര - 22



**രാജി നായർ**
L/1882 സൂര്യകാന്തി അപ്പാർട്ട്മെന്റ്
ഈയ്യാട്ടുജംഗ്ഷൻ
കൊച്ചി - 11



**ശാരദ ശിവൻ**
L/1195 ഹാർബർ പോയിന്റ്
കുരിശുപള്ളി റോഡ്
രവിപുരം, കൊച്ചി - 15



**രാമൻകുട്ടി നായർ**
L/5177 5 A ചേലൂർപുഷ്പക
രവിപുരം, കൊച്ചി - 16

## 30-ാം ചരമവാർഷികം

**21.01.2024**



**മേലങ്ങത്ത്**
**ഗോവിന്ദൻകുട്ടി മേനോൻ**
**'മേലങ്ങത്ത്',**
**ആലപ്പാട്ട് റോഡ്**
**രവിപുരം, കൊച്ചി-682016**

# *ദൃക്ക്ദൃശ്യ വിവേകം*( *9* )

സി. നാരായണൻ- 9819456012

അഹങ്കാരമാണ് സംസാരത്തിന്റെ യഥാർത്ഥ ഉപജ്ഞാതാവെന്നു മുൻ ശ്ലോകങ്ങളിൽ പറയപ്പെട്ടു . ആയതിനാൽ അഹങ്കാരം നശിക്കാതെ ദുഃഖകാരണമായ സംസാരം നശിക്കില്ല.

സഹജം, കർമ്മജം, ഭ്രാന്തിജം എന്നിങ്ങനെ മൂന്നു രൂപത്തിലാണ് അഹങ്കാരം നിലനിൽക്കുന്നതെന്നു എട്ടാമത്തെ ശ്ലോകത്തിൽ പറയുകയുണ്ടയല്ലോ. അഹങ്കാരത്തിന്റെ ആ നിലനിൽപ്പ്, ക്രമത്തിൽ ചിച്ഛായ, ശരീരം , സാക്ഷിചൈതന്യം എന്നീ മൂന്നുമായുള്ള സംബന്ധം കൊണ്ടാണുണ്ടാകുന്നത്. ഇവയിൽ അഹങ്കാരത്തിനു ചിച്ഛായയുള്ള സംബന്ധം സഹജമായതിനാൽ, ആ സംബന്ധത്തെ വേർപെടുത്താനാവില്ല. ശരീരമായുള്ള ബന്ധവും പ്രാരബ്ധകർമ്മം ക്ഷയിക്കാത്ത കാലത്തോളം നിലനിൽക്കുക തന്നെ ചെയ്യും. എന്നാൽ യഥാർത്ഥത്തിലുള്ള ഞാൻ സാക്ഷിചൈതന്യമായിരിക്കേ, ദേഹമാണ് ഞാൻ എന്നു ധരിക്കുന്ന അഹങ്കാരം ഭ്രാന്തിയാണല്ലോ. ആ തെറ്റായ ജ്ഞാനം, ശരിയായ ജ്ഞാനം കൊണ്ട് നശിക്കുമെന്നുറപ്പാണ്. അതു തന്നെയാണ് അഹങ്കാരത്തിന്റെ നാശം.

അന്തക്കരണത്തിന്റെ ശരിയായ രൂപം മനസ്സിലാക്കാൻ, ഈ ഗ്രന്ഥത്തിലെ ആറാമത്തെ ശ്ലോകപ്രകാരം അതിനെ രണ്ടായി വിഭജിച്ചല്ലോ. ഒന്നു കർത്താവായ അഹങ്കാരം, രണ്ടാമത്തേത് കാരണമായ മനസ്സ്.

10 , 11 എന്നീ ശ്ലോകങ്ങളിൽ, ഈ രണ്ടു വിഭാഗങ്ങൾക്കും ജാഗ്രദ്, സ്വപ്നം, സുഷുപ്തി എന്നിങ്ങനെ മൂന്നവസ്ഥകളുണ്ടെന്നു പറയുകയാണ്. വേദാന്തം ഈ മൂന്നവസ്ഥകളേയും അപഗ്രഥിക്കുന്നത്, ആ മൂന്നിന്റേയും മിത്ഥ്യാത്വം മനസ്സിലാക്കിത്തരാനാണ്. ഈ മൂന്നും 'അവസ്ഥ' കളായതിനാൽ അവ സത്യമല്ല. കാരണം 'അവസ്ഥ' എന്ന വാക്കു തന്നെ , ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു വസ്തു സ്വീകരിക്കുന്ന രൂപമെന്നാണല്ലോ അർത്ഥമാക്കുന്നത്. ആ സാഹചര്യങ്ങളുടെ അഭാവത്തിൽ ആ പ്രത്യേക അവസ്ഥയും ആ വസ്തുവിനു നഷ്ടമാകുന്നു. സുകുമാരനെന്ന ഒരാൾ അദ്ധ്യാപകനായും, അമ്പലക്കമ്മിറ്റി ചെയർമാനായും , ഗാനമേളാഗ്രൂപ്പുന്റെ തലവനായുമൊക്കെ കാണപ്പെടുമ്പോൾ , ഇവയിൽ ഒന്നു പോലും അദ്ദേഹത്തിന്റെ യഥാർത്ഥവ്യക്തിത്വമാകാൻ വഴിയില്ലെന്നു വ്യക്തമാണല്ലോ. അദ്ദേഹം ആ വേഷങ്ങൾ സന്ദർഭാനുസരണം അണിയുകയും അഴിക്കുകയും ചെയ്യുന്നു. അതു പോലെ തന്നെ ഞാൻ ഒരു ദിവസത്തിൽ കുറെ മണിക്കൂറുകൾ ജാഗ്രദിലും, കുറെ മണിക്കൂറുകൾ സ്വപ്നത്തിലും പിന്നെ കുറെ മണിക്കൂറുകൾ സുഷുപ്തിയിലും ജീവിക്കുമ്പോൾ ഇപ്പറഞ്ഞ മൂന്നു അവസ്ഥകളിലും ഞാൻ വ്യത്യസ്ത വ്യക്തിത്വം സ്വീകരിക്കുന്നുണ്ട്. അവ മൂന്നും ഒരു പോലെ താൽക്കാലികമാണെന്നും വ്യക്തമാണ്.

മാണ്ഡൂക്യോപനിഷദ് ഇതിനെ പ്രതിപാദിച്ചുകൊണ്ടുള്ളതാണ്. ആത്മാവിന് നാലു പാദങ്ങളുണ്ടെന്നാണ്. അവയിൽ മൂന്നു പാദങ്ങൾ മിത്ഥ്യയാണെന്നാണ് അതിൽ പറയുന്നത്. വിശ്വൻ എന്ന ജാഗ്രദ് സ്ഥാനീയനും തൈജസൻ എന്ന സ്വപ്ന സ്ഥാനീയനും പ്രാജ്ഞൻ എന്ന സുഷുപ്തി സ്ഥാനീയനുമാണ് ആ മൂന്നും. ആ മൂന്നിനും അധിഷ്ഠാനമായി സ്ഥിതി ചെയ്യുന്ന ചതുർത്ഥം എന്നു വിളിക്കാവുന്ന തുരീയാവസ്ഥയാണ് യഥാർത്ഥത്തിലുള്ള സത്യമെന്നാണ് മാണ്ഡൂക്യോപനിഷദ് സ്ഥാപിക്കുന്നത്. ഈ

യാഥാർത്ഥ്യം എല്ലാ ഉപനിഷത്തുകളിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്.

ഇതു പ്രകാരം ശ്രുതി ചൂണ്ടിക്കാണിക്കാനുദ്ദേശിക്കുന്നത്, നാം ശുദ്ധസത്യമാണെന്നു കരുതുന്ന ജാഗ്രദാവസ്ഥ അത്ര സത്യമൊന്നുമല്ലെന്ന വസ്തുതയാണ്. അത്, പരമസത്യമായുള്ള ആത്മാവിന്മേൽ പ്രതിഫലിക്കുന്ന ഒരവസ്ഥ മാത്രമാണെന്നു വേദാന്തസിദ്ധാന്തം. മൂന്നവസ്ഥകൾക്കും ആധാരമായി ഒരു നിർവിശേഷ ചൈതന്യമുണ്ട്. ജാഗ്രദ് മാത്രമാണ് സത്യമായിട്ടുള്ളത് എന്ന ധാരണ മുറുകെ പിടിച്ചിരുന്നാൽ ജാഗ്രദിനപ്പുറമുള്ള പരമസത്യത്തെ നാം ഒരിക്കലും കാണുകയുണ്ടാവില്ല.

നമുക്ക് ആ മൂന്നവസ്ഥകളെ പറ്റി ആചാര്യൻ എന്താണ് പറയുന്നതെന്നു നോക്കാം. പത്താമത്തെ ശ്ലോകം അഹങ്കാരത്തിന്റെ മൂന്നവസ്ഥയെപ്പറ്റിയും പതിനൊന്നാമത്തേത് അന്തക്കരണത്തിന്റെ മറ്റേ ഭാഗമായ മനസ്സിന്റെ അവസ്ഥാത്രയത്തെ പറ്റിയും പറയുന്നു.

അഹങ്കാരലയേ സുപ്തൗ
ഭവേദ്ദേഹോപ്യചേതനഃ
അഹങ്കാരവികാസാർദ്ധഃ
സ്വപ്നഃ സർവ്വഃ തു ജാഗരഃ (10 )

സുപ്തൗ = നിദ്രയിൽ
അഹങ്കാരലയേ : അഹങ്കാരം ലയം പ്രാപിക്കുമ്പോൾ
ദേഹഃ അപി= സ്ഥൂലശരീരവും. അചേതന ഭവേത് = അചേതനയെ പ്രാപിക്കുന്നു.
അഹങ്കാരവികാസാർദ്ധഃ =
അഹങ്കാരത്തിന്റെ ഭാഗികവികാസത്തിൽ
സ്വപ്നഃ = സ്വപ്നം ( സംഭവിക്കുന്നു )
സർവ്വ തു ജാഗരഃ =
പൂർണ്ണ സ്ഥിതിയിൽ ജാഗ്രത് എന്നും പറയപ്പെടുന്നു.

(സുഷുപ്തിയിൽ അഹങ്കാരം ലയിക്കുമ്പോൾ സ്ഥൂലശരീരം അചേതനം പോലെയായിത്തീരുന്നു. അഹങ്കാരത്തിന്റെ അപൂർണ്ണവികാസം സ്വപ്നവും, പൂർണ്ണവികാസം ജാഗ്രദവസ്ഥയുമാണ് )

അന്തഃകരണവൃത്തിശ്ച
ചിതിച്ഛായൈക്യമാഗതാ
വാസനാഃ കല്പയേത് സ്വപ്നേ
ബോധേക്ഷൈവിഷയാൻ ബഹിഃ. ( 11 )

അന്തഃകരണവൃത്തിഃ ച =
അന്തഃകരണത്തിലെ വൃത്തികളും
ചിതിച്ഛായൈക്യമാഗതാ = ചിച്ഛായയുമായി സംബന്ധിച്ചുകൊണ്ട്
സ്വപ്നേ = സ്വപ്നത്തിൽ
വാസനാ കല്പയേത് =
മാനസികവസ്തുക്കളുണ്ടാക്കുന്നു
ബോധേ = ജാഗ്രദിൽ
അക്ഷേ = ഇന്ദ്രിയങ്ങളാൽ
വിഷയാൻ = വിഷയങ്ങളെ
ബഹിഃ (കല്പയേത്) = പുറത്ത് സങ്കല്പിക്കുന്നു.

(മനസ്സിലെ വൃത്തികളും ചിച്ഛായയുമായി സംയോഗിക്കുന്നുണ്ട്. അങ്ങനെ മനസ്സിലെ സംസ്ക്കാരങ്ങളാൽ സ്വപ്നപദാർത്ഥങ്ങളേയും ജ്ഞാനേന്ദ്രിയങ്ങളാൽ ബാഹ്യവിഷയങ്ങളേയും കല്പിക്കുന്നു )

ജാഗ്രദ്, സ്വപ്നം സുഷുപ്തി എന്നീ മൂന്നവസ്ഥകളിലൂടെ നാമല്ലാം ദിവസവും കടന്നു പോകുന്നുവെന്നു പറഞ്ഞല്ലോ. നിത്യബുദ്ധസ്വരൂപനായ ആത്മാവിനല്ല ഈ അവസ്ഥകൾ. അവസ്ഥാത്രയസാക്ഷിയാണ് ആത്മാ എന്ന് പ്രസിദ്ധമാണ്. എല്ലാ വ്യാവഹാരികാനുഭവങ്ങളുടേയും അനുഭവിതാവായ അഹങ്കാരം ഈ അവസ്ഥകളിലൂടെ കടന്നു പോകുമ്പോളാണ് നാം ഈ മൂന്നവസ്ഥകളെ അറിയുന്നത്.

ഏഴാമത്തെ ശ്ലോകത്തിൽ അഹങ്കാരത്തിനു സ്ഥൂലശരീരവുമായുള്ള സംബന്ധം കർമ്മജമാണെന്നു പറയുകയുണ്ടായല്ലോ. അതായത്, സ്ഥൂലഭോഗപ്രദ കർമ്മാനുഭവങ്ങൾ അനുഭവിക്കാൻ മാത്രമേ അഹങ്കാരത്തിനു സ്ഥൂലശരീരവുമായി ബന്ധപ്പെടേണ്ടതുള്ളൂ. ഒരു ദിവസം അനുഭവിക്കാനുള്ള പ്രാരബ്ധം അവസാനിക്കുമ്പോൾ,

പിന്നീടന്ന് നല്ലതോ ചീത്തയോയായ ഒന്നും അനുഭവിക്കാനില്ലാത്തതിനാൽ, അഹങ്കാരം സുഷുപ്തിയെ പ്രാപിക്കുന്നു. അതോടെ സ്ഥൂലശരീരം ബാഹ്യമായ എല്ലാ ചോദനകളോടും പ്രതികരിക്കാതാവുന്നു.

സുഷുപ്തിയിൽ അഹങ്കാരം നശിക്കുന്നില്ല, ലയിക്കുന്നതേയുള്ളൂ. അഹങ്കാരം സുഷുപ്തിയിൽ സ്ഥൂലശരീരത്തോടും സ്ഥൂലശരീരദ്വാരേണ വിഷയങ്ങളുമായുള്ള ബന്ധം വിച്ഛേദിക്കുന്നതോടെ , ജീവൻ നിദ്രക്കുമുൻപനുഭവിച്ചുകോണ്ടിരുന്ന പ്രാപഞ്ചികദുഃഖങ്ങളിൽ നിന്ന് മുക്തനാകുകയും സ്വരൂപാനന്ദം അനുഭവിക്കാൻ തുടങ്ങുകയും ചെയ്യുന്നു. പ്രപഞ്ചദുഃഖങ്ങളൊന്നും ബാധിക്കാത്ത അവസ്ഥയാണ് സുഷുപ്തി.

ജാഗ്രത്തിലെ ഒരു ന്യൂനതയും ജീവനു സുഷുപ്തിയിലില്ല.

ഛാന്ദോഗ്യോപനിഷദ് പറയുന്നു, സുഷുപ്തിയിൽ 'അന്ധഃ സൻ അനന്ധോ ഭവതി , വിദ്ധഃ സൻ അവിദ്ധഃ ഭവതി ,

ഉപതാപീ സൻ അനുപതാപീ ഭവതി' (സുഷുപ്തിയിൽ അന്ധൻ അന്ധനല്ലാതെയും, മുറിവേറ്റവൻ മുറിവേറ്റവനല്ലാത്തവനായും, വ്യസനിക്കുന്നവൻ വ്യസനിക്കുന്നവനാല്ലാതെയും ആയിത്തീരുന്നു.)

വാക്കുകൾ കരുതലോടെ മാത്രം ഉപയോഗിക്കുന്ന ഉപനിഷദ്, ഏതു കുട്ടിയ്ക്കും അറിയാവുന്ന ഇക്കാര്യം ഉദാഹരണസഹിതം ഇങ്ങനെ വിസ്തരിച്ചു പറയാൻ കാരണമുണ്ട്. സാധാരണഗതിയാൽ നാം ഇപ്പറഞ്ഞ വസ്തുതയെ ശരിക്കും അപഗ്രഥിക്കുന്നില്ല. അപഗ്രഥിച്ചാൽ കിട്ടുന്ന വസ്തുതകളിലൂടെ നമുക്ക് ചില നിഗമനങ്ങളിലെത്തിച്ചേരാം അന്ധതയും വ്യസനവുമെല്ലാം എന്റെ ശരിക്കുള്ള ധർമ്മങ്ങളാണെങ്കിൽ, അവ എന്നെ ഒരവസ്ഥയിലും വിട്ടുനിൽക്കില്ല. പ്രകാശവും ചൂടും അഗ്നിയുടെ ധർമ്മങ്ങളാണ്. പാചകശാലയിലായാലും ചിതയിലായാലും തീപ്പന്തത്തിലായാലും അഗ്നിക്ക് ചൂടും പ്രകാശവുമുണ്ടാവും. കാരണം, അവ അഗ്നിയുടെ ധർമ്മങ്ങളാണ്. എന്നാൽ നൃത്തമാടുക എന്നത് അഗ്നിയുടെ ധർമ്മമല്ല. അത് ചെറിയ കാറ്റിൽ അഗ്നിയുടെ നാളം സ്വീകരിക്കുന്ന ഒരു താൽക്കാലികാവസ്ഥയാണ്. കാറ്റിന്റെ ഗതിയനുസരിച്ച് അഗ്നിശിഖ ഇടത്തോട്ടോ വലത്തോട്ടോ ആടുകയോ ആട്ടം നിർത്തുകയോ ചെയ്യും. തികച്ചും അതുപോലെത്തന്നെയാണ് ജീവന്റെ സന്തോഷതാപങ്ങളും. ചില അവസരങ്ങളിൽ മാത്രം അവ ജീവനെ ബാധിക്കുന്നു. അന്ധത, മുറിവ് എന്നീ ദുഃഖങ്ങൾ അഹങ്കാരം സുഷുപ്തമായിരിക്കുമ്പോൾ ഇല്ല. അഹങ്കാരം ഉണരുമ്പോൾ മാത്രമേയുള്ളൂ. ആയതിനാ ൽ ആ ദുഃഖങ്ങൾ ആത്മാവിന്റേതല്ല , അഹങ്കാരത്തിന്റേതാണ്. ആത്മാവ് സുഷുപ്തിയിലും ഒരു ന്യൂനതയും കൂടാതെ വിളങ്ങുന്നുണ്ട്. അതു കൊണ്ടാണ് ഉണർന്നയാൾ ,

താൻ സുഖമായി ഉറങ്ങി എന്നു പറയുന്നത്. അനുഭവിക്കാത്ത കാര്യം എങ്ങനെ പറയാനാണ് ?

അടുത്ത അവസ്ഥയായ സ്വപ്നമെന്നാൽ അഹങ്കാരം, ഭാഗികമായി മാത്രം വികസിക്കുന്ന അവസ്ഥയാണ്. അപ്പോൾ സുഷുപ്തിയിൽ ഹൃദയത്തിൽ ശയിച്ചിരുന്ന അഹങ്കാരം , ശരീരത്തിനുള്ളിലെ നാഡികളിലേക്ക് മാറുന്നു. ജീവന് സൂക്ഷ്മഭോഗപ്രദകർമ്മഫലങ്ങൾ അനുഭവിക്കാനാണ് ഇതു സംഭവിക്കുന്നത്.

ജാഗ്രദ് എന്നത് , അഹങ്കാരം പൂർണ്ണവികാസം പ്രാപിക്കുന്ന അവസ്ഥയാണ്. ആ അവസ്ഥയിൽ അഹങ്കാരം ശ്രോത്രം , ചക്ഷു മുതലായ അഞ്ചു ഇന്ദ്രിയങ്ങളാൽ സ്ഥൂലവിഷയങ്ങളെ അറിയുന്നു.

പതിനൊന്നാം ശ്ലോകത്തിൽ, ഈ മൂന്ന വസ്ഥകളും അഹങ്കാരത്തിനു മാത്രമല്ല, അന്തഃകരണത്തിന്റെ വേറെ ഭാഗമായ മനസ്സിനുമുണ്ടെന്നു വ്യക്തമാക്കുന്നു. സ്വപ്നാവസ്ഥയിൽ മനസ്സിലെ വാസനകൾ വൃത്തിരൂപം കൊള്ളുകയും അവ ചിച്ഛായയോടുചേർന്ന് സ്വപ്നദർശങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ജാഗ്രദവസ്ഥയിൽ അറിയപ്പെട്ട വി

ഷയജ്ഞാനങ്ങൾ തന്നെയാണ് സംസ്ക്കാര രൂപേണ മനസ്സിൽ സ്വപ്നദൃശ്യങ്ങളായി പരിണമിക്കുന്നത്.

അടുത്തതായ ജാഗ്രദവസ്ഥയിൽ, പുറ ത്തുള്ള വിഷയങ്ങളെ ഇന്ദ്രിയങ്ങൾ മനസ്സിലെത്തിച്ച് അവിടെ ചിച്ഛായയോടു ചേർന്ന് ശബ്ദം രൂപം എന്നീ വിഷയങ്ങളുടെ ജ്ഞാനമുണ്ടാവുന്നു. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. സ്വപ്നാവസ്ഥ വിവരിക്കുന്ന സമയത്ത് മനസ്സ്, വാസനകളെ സ്വപ്നദൃശ്യങ്ങളായി കല്പിക്കുന്നുവെന്നു പറയുകയുണ്ടായി. അതു മനസ്സിലാക്കാം . എന്നാൽ ജാഗ്രത്തിൽ ഇന്ദ്രിയങ്ങളുടെ സഹായത്താൽ ബാഹ്യവസ്തുക്കളേയും 'കല്പിക്കുന്നു' എന്നാണ് പറയുന്നത്. എങ്ങനെയാണ് ബാഹ്യവസ്തുക്കൾ മനസ്സിന്റെ കല്പനകളാകുന്നത് ?

ആ ചോദ്യത്തിന്റെ സമാധാനം ഇങ്ങനെയാണ്. ജാഗ്രദവസ്ഥയിലും, പുറത്തെ വിഷയങ്ങളെ അവയുടെ ജ്ഞാനത്തോടൊപ്പം മനസ്സിലെ വാസനകളും കൂടിച്ചേർത്ത് ഭോഗ്യവസ്തുവസ്തുക്കളായി കല്പിക്കുന്നുണ്ട്. കല്പനയില്ലെങ്കിൽ ഭോഗമില്ല. വാസനകളനുസരിച്ച് മനോകല്പനകളും വിഷയജ്ഞാനവുമായി കൂടിച്ചേരുന്നതു കൊണ്ടാണ് ഒരേ വിഷയം ഓരോരുത്തർക്കും ഭിന്നങ്ങളായി തോന്നപ്പെടുന്നത്. ഉദാഹരണത്തിന് സുന്ദരിയായ ഒരു യുവതി ഒരു യുവാവിൽ ആകർഷണം ഉളവാക്കുമ്പോൾ, മറ്റൊരു സ്ത്രീയിൽ തനിക്കിത്ര സൗന്ദര്യമില്ലല്ലോ എന്ന അസൂയയാണുണ്ടാക്കുക. ഇനി , ഒരു വൃദ്ധനിൽ അവൾ ഒരു മകളോടുള്ള വാത്സല്യമാവാം ജനിപ്പിക്കുക. ഏതു വസ്തുവും മനസ്സിന്റെ വാസനകളോടു ചേരാതെ ഭോഗ്യവസ്തുവാവില്ല. മാത്രമല്ല, വിഷയത്തിന്റെ വെറും ഗ്രഹണം പോലും മനോകല്പനകളാണെന്നാണ് ബുദ്ധമതത്തിലെ ക്ഷണികവിജ്ഞാനികൾ പറയുന്നതും , ഗൗഡപാദാചാര്യർ അംഗീകരിക്കുന്നതും.

വേദാന്തത്തിന്റെ ദൃഷ്ടിയിൽ സുഷുപ്തി അജ്ഞാനത്തിന്റേയും,

ജാഗ്രദ് സ്വപ്നങ്ങൾ രണ്ടും, അന്യഥാജ്ഞാനത്തിന്റേയും അവസ്ഥകളാണ്.

*****

മിനിക്കഥ

## കാലം കടന്നപ്പോൾ

ഉണ്ണി വാരിയത്ത് 9867179480

മകനെ ഡോക്ടറാക്കണമെന്നായിരുന്നു രക്ഷിതാക്കൾ ആഗ്രഹിച്ചത്. മകനും അതു സമ്മതമായിരുന്നു.

പക്ഷേ, കാലം കടന്നപ്പോൾ, ഡോക്ടരാകേണ്ടവൻ രോഗിയായി. ഭ്രാന്തനുമായി. അമിതമായി കള്ളും കഞ്ചാവും ഉൾക്കൊണ്ടവന്റെ ഗതി!

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# ചെമ്പകരാമൻപിള്ള

(ഭാരതസ്വാതന്ത്ര്യസമര ചരിത്രത്തിലെ ചാരം മൂടിയകനൽ)

റ്റി.എൻ.റ്റി. നായർ – 9447064246

**ഇ**ൻഡ്യൻ സ്വാതന്ത്ര്യസ്മരത്തിലെ മലയാളി സാന്നിദ്ധ്യം അനിഷേദ്ധ്യമായ വസ്തുതയാണ്. വേലുത്തമ്പിയും പഴശ്ശി രാജയും മുതൽ കെ. കേളപ്പൻ, മന്നത്ത് പദ്മനാഭൻ, കെ.പി. കേശവമേനോൻ, കെ. കുമാർ (കുമാർജി) കേരളത്തിന്റെ ഝാൻസിറാണി എന്നു ഗാന്ധിജി വിശേഷിപ്പിച്ച അക്കാമ്മ ചെറിയാൻ, കുട്ടിമാളു അമ്മ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, എ.കെ. ജി., എ. പി. ഉദയഭാനു, വക്കം അബ്ദുൽഖാദർ മൗലവി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, പട്ടം താണുപിള്ള, സി.കേശവൻ, ടി.എം. വറുഗീസ്, മഹമ്മദ് അബ്ദുൾ റഹിമാൻ, വൈക്കം മുഹമ്മദ് ബഷീർ, ...ആ പട്ടിക അങ്ങനെ നീണ്ടുപോകുന്നു.

ഇപ്പോൾ വംശഹത്യ നടത്തുന്നവരേയും ഇതരമതസ്ഥരുടെ അവകാശനിഷേധം, എന്തിന്, ആരാധനാസ്വാതന്ത്ര്യം പോലും നിഷേധിക്കൽ വരെ ശ്രേഷ്ഠവത്കരിക്കുന്ന പുതിയ മതേതരത്വം കൊടികുത്തിവാഴുന്നതു കാണാൻ നാം വിധിക്കപ്പെട്ടിരിക്കുന്നു. വാരിയൻകുന്നത്തു ഹാജിയെയും ടിപ്പുവിനെയും വരെ ധീരസ്വാതന്ത്ര്യസമരസേനാനികളായി വാഴ്ത്തുന്നത് നാം കേൾക്കുന്നു. അതേസമയം, നൂറുകണക്കിനു യഥാർത്ഥ സ്വാതന്ത്ര്യസമരവീരന്മാരുടെ ബലിദാനകഥകൾ തമസ്കരിക്കപ്പെടുന്നതും നാം അറിയുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ പ്രാരംഭം മുതൽ ദേശീയപ്രസ്ഥാനവുമായും, പ്രാദേശിക സംഘടനകളുമായും സഹകരിച്ചുകൊണ്ട് പോരാടിയവരുടെ സമ്പൂർണ്ണ ചരിത്രം, കക്ഷിരാഷ്ട്രീയ ഭേദമെന്യേ, ഗവേഷണം നടത്തി തയ്യാറാക്കേണ്ടത് അഭിലഷണീയം മാത്രമല്ല, അനുപേക്ഷണീയവുമാണ്.

ചിരിത്ര നിർമ്മാണത്തിൽ ചിലർ വാഴ്ത്തപ്പെട്ടപ്പോൾ, ചിലർ ഇകഴ്ത്തപ്പെട്ടു. ഏറെ പേർ പൂഴ്ത്തപ്പെടുകയും ഉണ്ടായി. തങ്ങളുടെ കർമ്മമണ്ഡലങ്ങൾ എവിടെയായിരുന്നാലും ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി കഠിനയാതനകൾ അനുഭവിച്ചു തീവ്രമായി പ്രയത്നിച്ച് ജീവൻ വെടിഞ്ഞ നിരവധി പ്രവാസിമലയാളികളെ നാം ശരിയായി അറിയാതെ പോയിരുന്നു. വാഴ്ത്തപ്പെടാത്ത നായകൻമാർ (Unsung hero) ചരിത്രത്തിലെ ചതികളിൽ ഇന്നും ചാരം മൂടിയ കനലുകളായി അവർ അണയാതെ കിടക്കുന്നു. അങ്ങനെ അർഹിക്കുന്ന മഹത്വം ലഭിക്കാതെ പോയ നിരവധി നായകൻമാരിലൊരാളായിരുന്നു സി. ചെമ്പകരാമൻപിള്ള എന്ന വീരപുരുഷൻ. പക്ഷെ, ആ പേര് നമ്മിൽ എത്ര പേർ കേട്ടിട്ടുണ്ട് എന്നു നിശ്ചയമില്ല. ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി കൈസറുടെ ജർമ്മനിയിൽ ജീവിച്ച് ഹിറ്റ്ലറുടെ നാസി ജർമ്മനിയിൽ ജീവൻ വെടിയുകയും ചെയ്ത കേരളീയനായിരുന്നു സി. ചെമ്പകരമൻപിള്ള. തമിഴകം ഇന്നും ആദരവോടെ ഓർക്കുന്ന ഈ തിരുവിതാംകൂറുകാരനെ കേരളം ഏതാണ്ടു മറന്നു പോയിരിക്കുന്നു. തമിഴൻ ഓർക്കാൻ കാരണമുണ്ട്. ചെമ്പകരാമൻ തമിഴ് വംശജനായിരുന്നു. കേരളം, പക്ഷെ, ആ വീരപുരുഷനെ ഓർക്കാതിരിക്കാൻ ഒരു കാരണവുമില്ല. ചെമ്പകരാമൻ തിരുവനന്തപുരത്തു ജനിച്ചു വളർന്നവനായിരുന്നു. പതിനാറു വയസ്സുവരെ തിരുവനന്തപുരത്തു ജീവിച്ചവൻ, തൈക്കാട് ഗവൺമെന്റ് ഹൈസ്കൂളിൽ പഠിച്ചവൻ...ബ്രിട്ടീഷുകാർക്കെതിരെ തിരുവനന്തപുരത്തെ രാജ വീഥികളിൽ പ്രസംഗിച്ച മീശ കുരുക്കാത്ത പയ്യൻ അതിലുമേറെ, അമേരിക്കയും ഫ്രാൻസും

ഉൾപ്പെടെയുള്ള പാശ്ചാത്യനാടുകളിൽ സാമ്രാജ്യത്വവിരുദ്ധ ചിന്താഗതിയും സ്വാതന്ത്ര്യേച്ഛയുടെ തീവ്രസന്ദേശവും പ്രചരിപ്പിക്കാൻ തുനിഞ്ഞ സാഹസികനായിരുന്നു ചെമ്പകരാമനെന്ന ചെറുപ്പക്കാരൻ.

ഇന്നു തിരുവനന്തപുരം ഏജീസ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു തിരുവിതാംകൂർ പോലീസിൽ കോൺസ്റ്റബിളോ ഹെഡ്കോൺസ്റ്റബിളോ ആയിരുന്ന ചിന്നസ്വാമിപ്പിള്ളയും ഭാര്യ നാഗമ്മാളും താമസിച്ചിരുന്നത്. അവരുടെ മകനായി 1891 സെപ്റ്റംബർ 15ന് ആയിരുന്നു വെങ്കിടി എന്നു ചെല്ലപ്പേരുള്ള ചെമ്പകരാമന്റെ ജനനം. തിരുവനന്തപുരം മോഡൽ സ്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം. വളരെ ചെറുപ്പത്തിൽ തന്നെ ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെയുള്ള വികാരം ചെമ്പകരാമനിൽ ഉടലെടുത്തു. 1907-ൽ കഴ്സൻ പ്രഭുവിന്റെ ബംഗാൾ വിഭജനത്തിനെതിരെ നടന്ന പ്രകടനത്തിൽ പങ്കെടുത്തു. തിരുവനന്തപുരത്തെ തെരുവുകളിൽ വെങ്കിടി നടത്തിയ വിപ്ലവാത്മകമായ പ്രസംഗങ്ങൾ ബ്രിട്ടീഷുകാരെ പ്രകോപിപ്പിച്ചു.

ബ്രിട്ടീഷ് ബോട്ടണിസ്റ്റ ആയി അടിക്കടി കേരളത്തിൽ വന്നുകൊണ്ടിരുന്ന സർ വാൾട്ടർ വില്ല്യംസ് സ്ട്രിക്ക്ലൻഡ് എന്നയാളുമായി ചെമ്പകരാമൻ പരിചയപ്പെട്ടു. അദ്ദേഹത്തോടൊപ്പം ജർമ്മനിയിൽ എത്തിപ്പെട്ടു. സ്ട്രിക്ക്ലൻസ് ഒരു ജർമ്മൻ ചാരനായിരുന്നുവെന്നും പറയപ്പെടുന്നു. എന്തായാലും, ജർമ്മനിയിലേക്കുള്ള യാത്ര ചെമ്പകരാമൻെറ ജീവിതത്തെ മാറ്റി മറിച്ചു. ഓസ്ട്രിയയിൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി, ബെൽലിൻ യൂണിവേഴ്സ്റ്റിയിൽ ഉപരിപഠനവും തുടർന്ന് എൻജിനിയറിംഗിൽ ഡിപ്ലോമയും നേടി, ചെമ്പകരാമൻ പിള്ള. അതിനു ശേഷം ഗവേഷണ ബിരുദവും അദ്ദേഹം സമ്പാദിച്ചുവെന്നാണു വിശ്വസിക്കപ്പെടുന്നത്.

ഈ കാലയളവിൽ ചെമ്പകരാമൻപിള്ളയെന്ന യുവാവ് ബെർലിനിലെ ഇൻഡ്യൻ അനുകൂല വിപ്ലവകാരികളുമായി ചേർന്ന് ഇൻഡ്യൻ ഇൻഡിപ്പെൻഡൻസ് കമ്മിറ്റി രൂപീകരിച്ചു. BERLIN COMMITTEE എന്നും ഇതറിയപ്പെട്ടു. ഈ സംഘടനയിൽ, സരോജിനി നായിഡുവിന്റെ സഹോദരൻ വീരേന്ദ്രനാഥചട്ടോപാദ്ധ്യായ, സ്വാമി വിവേകാനന്ദന്റെ സഹോദരൻ ഭൂപേന്ദ്രനാഥദത്ത്, സി.വി.രാമൻ പിള്ളയുടെ ജാമാതാവ് എ.ആർ. പിള്ള, ലാലാഹർദയാൽ, താരകാനാഥ്ദാസ്, മൗലവി ബർക്കത്തുള്ള എന്നിവരും ചെമ്പകരാമൻ പിള്ളയോടൊപ്പം അംഗങ്ങളായിരുന്നു. ചെമ്പകരാമന്റെ ഉത്സാഹത്തിൽ സൂരിച്ചിൽ നിന്നും pro India എന്ന പത്രവും പ്രസിദ്ധീകരിച്ചിരുന്നു. ലാലാഹർദയാലിലൂടെ ചെമ്പകരാമൻപിള്ള രാജാമഹേന്ദ്രപ്രതാപ് എന്ന രാജവംശജനായ മറ്റൊരു പ്രവാസിവിപ്ലവകാരിയുമായി പരിചയപ്പെട്ടു. രാജാമഹേന്ദ്രപ്രതാപ് ജാട്ട് വംശജനായ രാജകുമാരനായിരുന്നു. വളരെ ചെറിയൊരു നാട്ടു രാജ്യത്തിന്റ അവകാശിയാകുന്നതിനേക്കാൾ, ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനായിരുന്നു ആ രാജകുമാരന് ഉത്സാഹം. ജർമ്മൻ കൈസറുടെ ആശിസ്സുകളോടെ കാബൂൾ വഴി ബ്രിട്ടീഷ് ഇൻഡ്യയെ ആക്രമിക്കാനും അസ്ഥിരപ്പെടുത്താനുമുള്ള വഴികൾ തുറക്കാൻ ഈ പരിചയങ്ങൾ ചെമ്പകരാമനു പ്രേരണയേകി.

ഒന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ട് 1914-ൽ ബ്രിട്ടീഷ് ഭരണത്തെ പരിഭ്രാന്തിയിലാക്കിയ EMDEN എന്ന പടുകൂറ്റൻ ജർമ്മൻ അന്തർവാഹിനിപടക്കപ്പൽ നമുക്കൊക്കെ സുപരിചിതമാണ്. പടുകൂറ്റൻ എന്ന അർത്ഥം ദ്യോതിപ്പിക്കുന്ന യമണ്ടൻ എന്ന പ്രയോഗം മലയാളത്തിനു സംഭാവന ചെയ്തത് ഈ എംഡൻകപ്പലാണെന്നത് അനുസ്മരിക്കാം. 1914-ൽ ഈ മുങ്ങിക്കപ്പൽ കൊച്ചിയിൽ എത്തി

യെന്നും ആ കപ്പലിൽ നിന്നു ചിലർ കൊച്ചിയിൽ ഇറങ്ങി ഏതോ ഭക്ഷണശാലയിൽ നിന്നും ഭക്ഷണം കഴിച്ചുവെന്നും കിംവദന്തികൾ പരന്നിരുന്നു. ഇക്കൂട്ടത്തിൽ ചെമ്പകരാമൻപിള്ളയുമുണ്ടായിരുന്നതായും അദ്ദേഹം രഹസ്യമായി കൊച്ചി മഹാരാജാവിനെ സന്ദർശിച്ചതായും ദൃക്ക്സാക്ഷി വിവരങ്ങളിൽ നിന്ന് ഊഹിക്കുന്നു അതെന്തുമാകട്ടെ 1914 സെപ്തംബർ 22ന് EMDEN അന്നത്തെ മദിരാശിപ്പട്ടണത്തിലെ എണ്ണ ശേഖരം ഷെൽ വർഷിച്ചു കത്തിച്ചു കളഞ്ഞതായ വാർത്ത പ്രസിദ്ധമാണ്. ആ കപ്പലിലെ മുഖ്യമാർഗ്ഗദർശി ചെമ്പകരാമൻപിള്ള തന്നെ ആയിരുന്നുവെന്നതിന് രേഖകൾ ഉണ്ട്. ബ്രിട്ടീഷ് ഗവൺമെന്റ് ചെമ്പകരാമനെ പിടികൂടുന്നതിന് ഒരു ലക്ഷം പൗണ്ട് സെറ്റർലിങ്ങ് പ്രതിഫലമായി പ്രഖ്യാപിച്ചുവെന്നതും ചരിത്ര വസ്തുതയാണ്. കുപ്രസിദ്ധ ചാരസുന്ദരിയായ മതാഹരി (Mata-hari) യെ നിയോഗിച്ച് ചെമ്പകരാമൻപിള്ളയെ വധിക്കാൻ ബ്രിട്ടീഷ്മേധാവികൾ ശ്രമിച്ചതായും വിശ്വസിക്കപ്പെടുന്നു. പക്ഷെ ചെമ്പകരാമൻ പിള്ള തന്ത്രപൂർവ്വം വധശ്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടു.

1915 ഡിസംബർ ഒന്നാം തീയതി ജർമ്മൻ കൈസറുടെയും മറ്റു കേന്ദ്രീയശക്തികളുടെയും അനുഭാവത്തോടെ, ബ്രിട്ടീഷ് ഇൻഡ്യയുടെ ഭാഗമായ കാബൂളിൽ ചെമ്പകരാമൻ പിള്ള ഉൾപ്പെടെയുള്ള പ്രവാസി ഭാരതീയ വിപ്ലവകാരികൾ ഒരു പ്രവാസി താത്കാലിക സർക്കാർ (Provisional Government of India) രൂപീകരിച്ചു. അതിന്റെ പ്രസിഡന്റ് രാജാ മഹേന്ദ്രപ്രസാദും പ്രധാനമന്ത്രി മൗലവിബർക്കത്തുള്ളയുമായിരുന്നു. 24 കാരനായ ഡോ. ചെമ്പകരാമൻപിള്ളയായിരുന്നു ആ സംവിധാനത്തിലെ വിദേശകാര്യമന്ത്രി.

ഈ കാലത്ത് എം.എൻ.റോയ്, പണ്ഡിറ്റ് നെഹ്റു, സർദാർ കെ.എം. പണിക്കർ എന്നിവർ ചെമ്പകരാമനുമായി സമ്പർക്കം പുലർത്തിയിരുന്നു എന്ന് രേഖകൾ സൂചിപ്പിക്കുന്നു.

1919-ൽ ഒന്നാം ലോകമഹായുദ്ധത്തിൽ കേന്ദ്രീയശക്തികൾ (central powers) പരാജയം ഏറ്റുവാങ്ങി. ചെമ്പകരാമൻപിള്ളയുടെ സ്വാതന്ത്ര്യവിപ്ലവസ്വപനങ്ങൾക്കേറ്റ കനത്ത ആഘാതമായിരുന്നു ജർമ്മനിയുടെ പരാജയം. ഇതിനിടയിൽ സുഭാഷ്ചന്ദ്രബോസുമായും ചെമ്പകരാമൻപിള്ള കൂടിക്കാഴ്ച നടത്തിയിരുന്നതായി വിശ്വസിക്കപ്പെട്ടുന്നു. 1917-ൽ ചെമ്പകരാമൻ പിള്ള ജയ്ഹിന്ദ് എന്ന മുദ്രാവാക്യത്തിനു രൂപം കൊടുത്തിരുന്നുവെന്നു ചില രേഖകളിൽ നിന്ന് അനുമാനിക്കാം. 1919 -ൽ കൈസർ ജർമ്മനിയുടെ പരാജയത്തിനുശേഷം, നേതാജി വിയന്ന സന്ദർശിച്ചപ്പോൾ, ചെമ്പകരാമൻപിള്ള നേതാജിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഭാരതത്തിനു പുറത്തും ഇൻഡ്യൻ സൈന്യത്തിനുള്ളിലും ബ്രിട്ടീഷ് അധീശത്വത്തെ തകർക്കാനുള്ള തന്ത്രങ്ങൾ നേതാജിയുമായി അദ്ദേഹം ചർച്ച ചെയ്തിട്ടുണ്ടെന്നാണു കരുതപ്പെടുന്നത്. അപ്പോഴായിരിക്കാം ജയ്ഹിന്ദ് എന്ന മുദ്രാവാക്യം നേതാജിക്കു കൈമാറിയതെന്ന് ശക്തമായി വിശ്വസിക്കുന്നവരുണ്ട്. ഇൻഡ്യൻ ദേശീയ സേനയുടെ രൂപീകരണത്തിനു തൊട്ടു മുൻപും ജർമ്മനി സന്ദർശിച്ചിരുന്ന നേതാജിയെ ചെമ്പകരാമൻ കണ്ടിരുന്നു. നേതാജിയുടെ സുശിക്ഷിതനായ അനുയായിയും ഐഎൻഎയുടെ പ്രാരംഭപ്രവർത്തകനും പില്ക്കാലത്ത് foreign service ലെ ഉന്നത പദവിയിൽ നിന്നു വിരമിച്ച വ്യക്തിയുമായ അബീദ്ഹസന്റെ നിർദ്ദേശപ്രകാരമാണ് ഐഎൻഎയുടെ മുദ്രാവാക്യമായി ജയ്ഹിന്ദ് സ്വീകരിക്കപ്പെട്ടത്. ജയ്ഹിന്ദ് എന്ന മുദ്രാവാക്യത്തിന്റെ സ്രഷ്ടാവ് അബീദ്ഹസനാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്.

ഇൻഡ്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലെ പ്രമുഖ സ്ത്രീസാന്നിദ്ധ്യമായിരുന്നു

ഭിക്താജികാമ ബോംബെ പ്രവിശ്യയിലെ നവ്സാരിയിൽ ഒരു സമ്പന്ന പാ ഴ്സികുടുംബത്തിൽ ജനിച്ച bhikaiji rustomji cama (മാഡം കാമ), 1907-ൽ ജർമ്മനിയിലെ സ്ട്ട്ഗാർട്ടിൽ (stuttgart), ഇൻറർനാഷണൽ സോഷ്യലിസ്റ്റ് കോൺഗ്രസ് വേദിയിൽ ഇൻഡ്യൻ ദേശീയ പതാകയുടെ പ്രാഗ് രൂപത്തിലുള്ള പതാക ഉയർത്തിയ ധീരവനിതയാണ് മാഡംകാമ വന്ദേമാതരം എന്ന് ആലേഖനം ചെയ്ത പതാകയായിരുന്നു അത്. ഈ സംഭവം ചരിത്രപരമായ ഒരു സംഭവമായിരുന്നു. മാഡം കാമയുടെ ധീരമായ പ്രവർത്തി ലോകശ്രദ്ധനേടി മാഡം കാമയുടെ വീരേതിഹാസം ഇന്നത്തെ എത്ര ഭാരതീയർക്കറിയാം. അ പാതക ഇന്ന് പൂണെയിലെ മറാത്താ കേസരി ലൈബ്രറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ചെമ്പകരാമൻപിള്ളയുടെ ജീവിതക്കുറിപ്പ് എഴുതുമ്പോൾ മാഡംകാമയെക്കുറിച്ച് ഇത്രയും സൂചിപ്പിച്ചതിനു സാംഗത്വമുണ്ട്. ഭിക്കാജികാമ ഒരു തവണ ഇൻഡ്യ സന്ദർശിച്ചിട്ടു മടങ്ങവെ, മണിപ്പൂർ സ്വദേശിനിയും അനാഥയുമായ ലക്ഷ്മീബായ് എന്ന യുവതിയെ കൂടെ കൂട്ടി ജർമ്മനിയിൽ തിരിച്ചെത്തി. ജർമ്മനിയിലെത്തിയ ലക്ഷ്മീബായ് ചെമ്പകരാമൻ പിള്ളയുമായി പരിചയത്തിലായി. പരിചയം ക്രമേണ പ്രണയമായി വളർന്നു. 1931ൽ അവർ വിവാഹിതരായി. അന്ന് ചെമ്പകരാമൻ പിള്ളയ്ക്ക് വയസ്സു നാല്പത്, ലക്ഷ്മീബായിക്ക് കഷ്ഠിച്ച് ഇരുപത്തിരണ്ടും. ദൗർഭാഗ്യവശാൽ, മൂന്നു വർഷത്തിൽ താഴെ നീണ്ടു നിന്ന ദാമ്പത്യമായിരുന്നു അവരുടേത്. 1934 ൽ ആണു രോഗാതുരനായ ചെമ്പകരാമൻ പിള്ള നിര്യാതനായത്. ആ സാദ്ധ്വി, പക്ഷെ, അദ്ദേഹത്തിന്റെ ജീവിതസ്വപ്നസാക്ഷാകാരത്തിന് സാക്ഷ്യം വഹിക്കാൻ ചെമ്പകരാമന്റെ ഭൗതികാവശിഷ്ടത്തിന് കാവലാളായി ജർമ്മനിയിൽ യാതന പൂർണ്ണമായ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി....

അഡോൾഫ് ഹിറ്റ്ലറുടെ നാസി ജർമ്മനിയുടെ ഉദയത്തോടെ, ചെമ്പകരാമന്റെ സ്വാതന്ത്ര്യ വിപ്ലവ സ്വപ്നങ്ങൾ ഒരിക്കൽ കൂടി തളിർക്കാൻ തുടങ്ങി. എന്നാൽ അവ വാടിക്കരിയാൻ അധികനാൾ വേണ്ടിവന്നില്ല. നയന്ത്രപ്രതിനിധികളുമായി ഹിറ്റ്ലർ നടത്തിയ ചർച്ചകൾക്കൊടുവിൽ മാദ്ധ്യമങ്ങളോടു സംസാരിക്കവെ, ഇൻഡ്യക്കാർ അനാര്യൻമാരാണെന്നും, അതുകൊണ്ട് അവർ ഭാരതത്തിന്റെ ഭരണം കയ്യാളാൻ യോഗ്യരല്ലെന്നും ഹിററ്ലർ പ്രസ്താവിച്ചു. ബ്രിട്ടീഷുകാരുടെ അടിമകളായിരിക്കാനാണ് അവരുടെ വിധിയെന്നും നാസിമേധാവി അഭിപ്രായപ്പെട്ടു. ഭാരതീയ ജനതയെ അവഹേളിക്കുന്നതിനു തുല്യമായിരുന്നു ഈ പ്രസ്താവനകൾ. ഇൻഡ്യക്ക് സ്വാതന്ത്ര്യം കൊടുക്കുന്നതിനെപ്പറ്റി വിൻസ്ററൻ ചർച്ചയിൽ നടത്തിയ നികൃഷ്ടമായ പ്രസ്താവന ഈ സന്ദർഭത്തിൽ ഓർക്കാം. എന്തായാലും ഹിറ്റ്ലറുടെ പരസ്യമായ ഉദീരണങ്ങൾക്കെതിരെ ചെമ്പകരാമൻപിള്ള ഉടനടി പരസ്യമായി പ്രതിഷേധിച്ചു. ഭാരതീയരുടെ സ്വാഭിമാനത്തെ വ്രണപ്പെടുത്തിയതിന് ഹിറ്റ്ലർ ക്ഷമാപണം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഹിറ്റ്ലർ സെക്രട്ടറി മുഖേന സാന്ത്വനരൂപത്തിൽ ക്ഷമചോദിച്ചുവെങ്കിലും, രേഖാമൂലമുള്ള ക്ഷമാപണം ആവശ്യപ്പെട്ടുകൊണ്ട് ചെമ്പകരാമൻ തന്റെ നിലപാടു കർക്കശമാക്കി. ഹിറ്റ്ലർ അവസാനം രേഖാമൂലം ക്ഷമചോദിച്ചുവത്രെ. എങ്കിലും, ഹിറ്റ്ലറിൽ അണയാത്ത പക കത്തിനിന്നു.

ജർമ്മൻ ചാൻസലർ ആയ ഹിറ്റ്ലർ നാസി സ്വേച്ഛാധിപതി ആയി. അയാളുടെ പിണിയാളുകൾ ചെമ്പകരാമനെ ഇല്ലായ്മ ചെയ്യുവാനുള്ള പദ്ധതിയുടെ ഭാഗമായി, ഭക്ഷണത്തിൽ ചെറിയതോതിൽ വിഷം കൊടുത്ത് അദ്ദേഹത്തെ രോഗിയാക്കി. 1934-ൽ രോഗം മൂർച്ഛിച്ച്, വിദഗ്ദ്ധ ചികിത്സക്ക് ഇറ്റലിയിൽ പോയെങ്കിലും ഫലമുണ്ടായില്ല. 1934

സെപ്റ്റംബർ 26-ാം തീയതി ഭാരതസ്വാതന്ത്ര്യത്തിന്റെ ആ വിപ്ലവ നക്ഷത്രം പൊലിഞ്ഞു. സ്വതന്ത്രഭാരതത്തിന്റെ ത്രിവർണ്ണപതാകയും പേറി, ജന്മനാട്ടിലേക്കു തിരിച്ചെത്തുന്ന ദിനം കിനാവുകണ്ടിരുന്ന ചെമ്പകരാമൻപിള്ളയുടെ ഭൗതികശരീരം ബെർലിനിൽ ഹൈന്ദവാചാരപ്രകാരം ഒരുക്കിയ ചിതയിൽ എരിഞ്ഞമർന്നു. അദ്ദേഹത്തിന്റെ ചിതാഭസ്മകുംഭവും രേഖകളും അദ്ദേഹത്തിന്റെ സഹധർമ്മിണി ഏറെ കരുതലോടെ സൂക്ഷിച്ചു.

നാസിഭരണകൂടത്തിന്റെ കിരാതപീഡനങ്ങൾ സഹിച്ച ലക്ഷ്മീബായ്, 1935-ൽ ഇറ്റലി വഴി രഹസ്യമായി ബോംബെയിലെത്തി. സ്വാതന്ത്ര്യാനന്തരം മൊറാർജി ദേശായിയാണ് അവർക്കു ബോംബെയിലെ ചർച്ച് ഗെയ്റ്റിനടുത്ത് ചെറിയൊരു ഫ്ളാറ്റ് അനുവദിച്ചുകൊടുത്തത്. മറ്റു സഹായമോ, ധനാഗമമാർഗ്ഗമോ ഇല്ലാതെ അവർ നരകിച്ചു ജീവിച്ചു. മുപ്പത്തിയാറു വർഷത്തെ യാതനയ്ക്കൊടുവിൽ 1966-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അനുവദിച്ച കൂടിക്കാഴ്ച അവർക്കാശ്വാസം പകർന്നു. സ്വതന്ത്രഭാരതത്തിന്റെ പതാകവഹിച്ച INS DELHI നാവിക പടക്കപ്പൽ 1966 സെപ്റ്റംബർ 16ന് (ചെമ്പകരാമൻപിള്ളയുടെ 76-ാം ജന്മദിനത്തിന്റെ പിറ്റേന്ന്) അദ്ദേഹത്തിന്റെ ചിതാഭസ്മകുംഭവുമായി കൊച്ചിയിൽ എത്തി. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷമനുസരിച്ച് ചിതാഭസ്മം തിരുവനന്തപുരത്ത് കരമനയാറിലും ജന്മനാടായ നാഞ്ചിൽനാട് തിരുവിതാംകോട്ടിലും നിക്ഷേപിച്ചു. ലക്ഷ്മീബായ് കുറച്ചുനാൾ അവരുടെ ഭർതൃഗൃഹത്തിൽ ബന്ധുക്കളോടൊപ്പം കഴിഞ്ഞു. അതിനുശേഷം ബോംബെയിലേക്കു മടങ്ങിയ അവർ പട്ടിണിയും മനോവ്യഥയുമായി ജീവിച്ച് 1972-ൽ ദിവംഗതയായി. അതിനുമുൻപു തന്നെ അവരുടെ കൈവശം സൂക്ഷിച്ചിരുന്ന ചെമ്പകരാമൻ രേഖകൾ മുഴുവൻ അവർ ഭാരതസർക്കാരിന്റെ ഗ്രന്ഥരക്ഷാലയ വകുപ്പിൽ കൈമാറിയിരുന്നു.

ഭാരത സ്വാതന്ത്ര്യത്തിന്റെ പ്രവാസി സമരങ്ങളിൽ ബ്രിട്ടീഷകാരോടും നാസിജർമ്മനിയിലെ കിരാത ഭരണത്തലവനായ ഹിറ്റ്ലറോടു പോലും പോരാടിയ ആ മഹാന്റെ ജീവിതത്തെപ്പറ്റി ദേശാഭിമാനമുള്ള ഭാരതീയർക്കു പഠിക്കാൻ ആ രേഖകൾ ഉതകുമെന്നു പ്രത്യാശിക്കുന്നു. ചാരം മൂടിയ കനലായി ഇന്നും ജ്വലിക്കുന്ന ചെമ്പകരാമൻപിള്ളയ്ക്ക് തമിഴകം സ്മാരകപ്രതിമ സ്ഥാപിച്ചപ്പോൾ ആ വിപ്ലവ വീരൻ ജനിച്ചു വളർന്ന കേരളത്തിൽ അദ്ദേഹം വിസ്മൃതനായ മട്ടാണ്. നന്ദികേട് എന്നല്ലാതെ എന്തു പറയാൻ.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 ജനുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. രാധ ഇ.കെ. XL/6717, നാരകത്തറ റോഡ്, കൊച്ചി - 35 | 10,000/- |
| 2 | ശ്രീ. എം. മുകുന്ദൻ, 9A, Evalia, ചിറ്റൂർ റോഡ്, പച്ചാളം | 10,000/- |
| 3 | ശ്രീ. രഘുനന്ദനൻ നായർ. വി.കെ., സൗപർണ്ണിക, അമൃത ലെയിൻ, എരൂർ നോർത്ത്, തൃപ്പൂണിത്തുറ | 5,000/- |

# അമ്മമ്മ

പ്രീത ജയകുമാർ – 8319638274

സന്ധ്യ കഴിഞ്ഞു. ചീറിപ്പായുന്ന എക്സ്പ്രസ്സ് ട്രെയിനിലെ എ.സി കോച്ചിന്റെ മൂടിക്കെട്ടിയ ജാലകത്തിലൂടെ പുറത്തെ കട്ടപിടിച്ച ഇരുട്ടിലേക്ക് തുറിച്ചു നോക്കി എന്തൊക്കെയോ ചിന്തിച്ചു. ചെറുതും വലുതുമായ ഒട്ടേറെ കാര്യങ്ങൾ.

വണ്ടി വിജയവാഡയടുക്കാറാവുന്നു സ്വയം മനസ്സിലേക്കോടിയെത്തിയ നാമസങ്കീർത്തനം ഔപചാരികമായി ഉരുവിട്ടു.

'ക്ഷണമൊരോന്നു പോകവേ ക്ഷയിച്ചിടുന്നു ജീവിതം ....

ഗുണമസംഖ്യമാളുകൾക്കു ചെയ്തിടേണ്ടതുണ്ടിവൾ....'

അമ്മമ്മയുടെ സന്ധ്യാനാമശേഖരത്തിൽ നിന്നും വീണു കിട്ടിയ മുത്തുകളാണവ. എന്തുകൊണ്ടോ വല്ലാത്ത ഒരു വിങ്ങൽ അനുഭവപ്പെട്ടു. ഓർമ്മകളിലൂടെ അമ്മമ്മ വലുതായി മുൻപിൽ വന്നു നിൽക്കുന്നു. കഴിഞ്ഞ ഒരു വർഷത്തോളമായി നിസ്സാരമെങ്കിലും വാർദ്ധക്യസഹജമായ രോഗങ്ങളാൽ അമ്മമ്മ ക്ഷീണിതയായിരുന്നു. ശൗര്യം മുറ്റിനിൽക്കുന്ന ആ കണ്ണുകളും മുഖവും ദൈന്യത പിടിച്ചു പറ്റിയതു കാണാൻ വയ്യ. ഓർമ്മക്കും പിശക് പറ്റി തുടങ്ങിയിരിക്കുന്നു. കാഴ്ച തീരെ മങ്ങി. സ്വന്തം കാര്യങ്ങൾക്കു കൂടി മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥ. ഇതൊന്നുമല്ലാത്ത ശക്തമായ ഒരു മുഖമുണ്ടായിരുന്ന കാലം. തനിക്ക് ഓർമ്മവെച്ച കാലം മുതൽക്കുള്ള അമ്മമ്മയുടെ രൂപം വ്യത്യസ്തമായിരുന്നു. ഒരു തറവാട് മുഴുവൻ അടക്കി ഭരിച്ചിരുന്ന പ്രതാപിയായ സ്ത്രീ. കുട്ടികളായ ഞങ്ങൾ ബോർഡ് സ്കൂൾ വിട്ടു വരുമ്പോൾ, ഉണ്ണിയേട്ടനും ഗീതചേച്ചിയും വഴിവക്കിലെ മുള്ളിൻ പഴം പറിക്കാൻ ഓടുമായിരുന്നു. ഒപ്പം ചെല്ലാൻതാനും കൂടുമെങ്കിലും ബഹളത്തിൽ നിന്ന് ഒഴിഞ്ഞു മാറി നിൽക്കും. അതിനു ശേഷം നേരെ ശരം വിട്ടപോലെ വീട്ടിലെത്തിയാൽ രണ്ടും അടുക്കളയിലെത്തുന്നതും പുറത്തു ചാടുന്നതും ഒരുമിച്ചായിരിക്കും. ഉടുപ്പു മാറി വൃത്തിയായി ചെമ്മൺ പാതയിലൂടെ നിരങ്ങി നീങ്ങുന്ന ആൾക്കാരെ നോക്കി, പടിക്കൽ പോയി നിൽക്കാനായിരുന്നു തനിക്ക് കൗതുകം. പിന്നെ കാപ്പി കുടിക്കാനോ ഭക്ഷണം കഴിക്കാനോ അമ്മമ്മ നിർബന്ധിക്കണം.

'കുട്ടീ, നീയിങ്ങനെ മണ്ണും കല്ലുമല്ലാത്ത ഒന്നായല്ലോ,'അമ്മമ്മയുടെ സ്നേഹം കലർന്ന ശാസനയായി പുറകെ. എന്തൊക്കെ പറഞ്ഞാലും അമ്മമ്മയ്ക്ക് തന്നോട് പ്രത്യേക വാത്സല്യമായിരുന്നു.

നാട്ടിലെ ന്യൂസ് ഏജന്റായിരുന്ന ദാക്ഷായണിയമ്മയോടു അഭിമാനത്തോടെ പലപ്പോഴും തന്നെപ്പറ്റി പരാമർശിക്കുന്നത് താൻ കേട്ടിട്ടുണ്ട്.

'കേട്ടോ ദാക്ഷായണി, ഈനാട്ടിൻപുറത്ത് ഇത്രയ്ക്ക് സ്വഭാവഗുണമുള്ള ഒരു കുട്ട്യേ ഞാൻ കണ്ടിട്ടില്ല, നീയ്യ് കണ്ടിട്ടുണ്ടോ?'

ദാക്ഷായണിയമ്മ തലകുലുക്കി സമ്മതിക്കും .

'ശര്യാ അമ്മോമെ, ഈ ചുറ്റുവട്ടത്ത് നമ്മുടെ കുട്ടിയോളം വരില്യാരും ..' പൊടിപ്പും തൊങ്ങലും കൂട്ടിച്ചേർത്ത് ആ സംഭാഷണം അടുത്ത ക്ഷണത്തിൽ ആഞ്ഞുവീശാനുള്ള പദ്ധതിയുമായി ആയമ്മ നടന്നു നീങ്ങും .

ദാക്ഷായണിയമ്മയുടെ വായിൽ നോക്കിയിരുന്നാൽ സമയം പോണതറിയില്ല. എന്തൊരു രസമാണവരുടെ വാക്ധോരണി !!

നിരയൊത്ത ചന്തമുള്ള പല്ലുകളിൽ പല തവണ ആ നാക്ക് തട്ടിത്തെറിക്കും. മുഖം കൊണ്ടും, കണ്ണുകൾ കൊണ്ടുമുള്ള, സംസാരത്തിനൊത്ത ചേഷ്ടകൾ!! അംബാലയിലുള്ള മിലിട്ടറിക്കാരൻ മകനെപ്പറ്റി പറയാൻ തുടങ്ങിയാൽ പിന്നെ നിർത്തില്ല.

ചില ദിവസങ്ങളിൽ അമ്മയുടെ കണ്ണു വെട്ടിച്ച് അവരുടെ വായിൽ നോക്കിയിരിക്കും. പറയു ന്നത് കേൾക്കാനല്ല, അതു കാണാൻ. അമ്മയെങ്ങാനും കണ്ടാൽ പിന്നെ രക്ഷയില്ല.

'വല്ല്യോർ വർത്തമാനം പറയുന്നിടത്ത് നിനക്കെന്താ കാര്യം? 'മനസ്സില്ലാമനസ്സോടെ താൻ വലിയും. അമ്മമ്മയോടു മാത്രമല്ല, അമ്മയോടും വലിയ അടുപ്പമായിരുന്നു അവർക്ക്.

വാര്യത്തെ കുളത്തിൽ കുളിക്കാൻ ആയമ്മ ഞങ്ങളുടെ വീടിന്റെ പടിഞ്ഞാറെ പടിയിലൂടെ മുറിച്ചു കടന്ന് കുറുക്കു വഴി കണ്ടെത്തി. അവരുടെ നിഴലു കണ്ടാൽ മതി, എന്തെങ്കിലും പറഞ്ഞ് പ്രലോഭിപ്പിച്ച് കൂട്ടി കൊണ്ടു വരും, ഒരു ഇരയെ കിട്ടിയ സന്തോഷത്തോടെ.

'ഈ കുട്ടിക്കെന്താ, എനിക്ക് സമയമില്ല, പോട്ടെ ധൃതിയുണ്ട്.'

കുളക്കരയിലെ ശർക്കരമാവിന്റെ മാങ്ങ വീഴുന്ന കാലമായാൽ, എന്തൊക്കെയായാലും അതു കൊണ്ടുതന്നേ പോവൂ .

'ശർക്കര കൊടോന്റെയാണ്. നല്ല മധുരമുണ്ടാകും.'

ആ ഒരു ഗ്രാമത്തിന്റെ മുഴുവൻ ഉത്തരവാദിത്വം തന്റെ തലയിലാണെന്ന ധാരണയിലായിരുന്നു അവർ.

തന്റെ വിവാഹം കാണുവാനുള്ള ഭാഗ്യമുണ്ടായി അവർക്ക്. ഒരു കൊല്ലം കൂടി കഴിഞ്ഞില്ല, ഒരു ദിവസം അമ്മയുടെ എഴുത്ത്

വന്നു 'കുട്ടീ, നമ്മുടെ ദാക്ഷാണ്യമ്മ നമ്മളെ വിട്ടുപോയി, ഒരു ഹാർട്ട് അറ്റാക്ക്, എല്ലാം വേഗം കഴിഞ്ഞു .'

വിശ്വസിക്കാനായില്ല.

ചിന്തകൾ എത്ര വേഗം കാടു കയറുന്നു. അമ്മമ്മയെ ഓർത്തിരുന്നപ്പോളാണ് ദാക്ഷായണിയമ്മയെ പറ്റി ചിന്തിച്ചത്. അമ്മമ്മയുടെ വലംകൈയ്യായിരുന്നു അവർ. എന്തിനും സഹായിയായിട്ടുണ്ടാവും .

കൊയ്ത്തു കഴിഞ്ഞാൽ വൈക്കോൽ മുറ്റത്തിട്ട് നിരത്തി തല്ലിക്കൊഴിക്കാൻ ചെറുമി പെണ്ണുങ്ങളെത്തും. കോച്ചിയും കാളിയും മുണ്ടിയും വൈക്കോത്തോട്ടി കൊണ്ട് വൈക്കോൽ തല്ലുന്നതിന്റെ കൂടെ പണിയെടുക്കാൻ അമ്മമ്മ ദാക്ഷായണിയമ്മയെയും വിളിക്കും. പണിക്കാരി പെണ്ണുങ്ങളെ വേണ്ട വിധം പണിയെടുപ്പിക്കാനുള്ള അമ്മമ്മയുടെ പ്രാപ്തി കാണേണ്ടത് തന്നെയാണ്.

എന്തിനും അമ്മമ്മയെ കാരണരഹിതം അനുകരിക്കാൻ അന്നു തൊട്ടേയൊരു അഭിവാഞ്ഛയുണ്ടായിരുന്നു.

രണ്ടു വയസ്സു മുതൽക്ക് അമ്മമ്മയുടെ കൈകളാണ് തന്നെ വളർത്തി എടുത്തത്.

സ്കൂളിൽ പോകുന്ന അമ്മ വൈകീട്ട് വരുന്നത് വരെ അമ്മമ്മയുടെ ചിറകിന്നടിയിലെ സുരക്ഷയിലായിരുന്നു താൻ.

അതു കൊണ്ടായിരിക്കും തന്നെപ്പറ്റി അമ്മമ്മക്ക് വ്യക്തമായ ഒരു ധാരണയുണ്ടായിരുന്നു .

തറവാട്ടിലെ മുകളിലെ പൂമുഖമായിരുന്നു തനിക്കേറ്റവും ഇഷ്ടപ്പെട്ട മുറി. അവിടത്തെ വലിയ ജനാലകൾ നേരെ തുറക്കുന്നത് നിരത്തിലേക്കാണ്. ടാറിട്ടിട്ടില്ലെങ്കിലും, ലോറിയും കാറും സദാ പൊയ്ക്കോണ്ടിരിക്കുന്ന പാത.

പൂമുഖത്തെ ജനലിന്റെ ഇരുമ്പു കറമണക്കുന്ന കമ്പിയഴികളിൽ നിന്നും ദേഹത്തേക്കിരച്ചു കയറുന്ന തണുപ്പിന്റെ നേരിയ സുഖം നുകർന്ന് കൊണ്ട് എത്ര നേരം വേണെമെങ്കിലും അങ്ങനെ നിരത്തിലേയ്ക്ക് നോക്കിയിരിക്കാൻ ഇഷ്ടമാണ്.

മധ്യവേനലവധിക്ക് ബോർഡിംഗിൽ നിന്നും എത്തുമ്പോൾ ആ മുറി തനിക്കായി

ഒഴിഞ്ഞു കിടക്കും. മേടച്ചൂടിന്റെ ഊഷ്മളതയിൽ കാവിലെ വേലക്കും പൂരത്തിനും പോവുന്ന ആളുകളെ നോക്കിയിരിക്കുന്നതും അവിടെയിരുന്നാണ്.

അമ്മ സ്കൂളിൽ പോയിക്കഴിഞ്ഞാൽ അമ്മമ്മയും അച്ഛച്ചനും ആയിരുന്നു തനിക്ക് തുണ. ഒരു മിനുട്ട് വെറുതെ ഇരിക്കാൻ

അമ്മമ്മക്കാവില്ല. തൊടിയിലങ്ങോളം നടന്ന് എന്തെങ്കിലും പണി ചെയ്തു കൊണ്ടിരിക്കും. അമ്മമ്മയുടെ പിറകെ നിഴലായി

അച്ഛച്ചനും. അച്ഛച്ചൻ മരിച്ചതിൽ പിന്നെ അമ്മമ്മ അധികം പുറത്തിറങ്ങിയിട്ടില്ല. രണ്ടു ശരീരവും ഒരാത്മാവുമായിരുന്നു അവർ.

പൂമുഖത്തെ കട്ടിലിൽ വായിച്ചു കിടക്കുമ്പോൾ ക്യൂട്ടക്സിന്റെ വാസനയുള്ള പഴുത്ത ചക്കച്ചുളകൾ അമ്മമ്മ മുകളിലേക്ക് എത്തിച്ചു തരും. ചിലപ്പോൾ പച്ചച്ചക്ക വെട്ടി നുറുക്കുന്നത് കാണാൻ തെക്കേ കോലായിൽ അമ്മമ്മയോടൊപ്പം താനും കൂടും . ഏതെങ്കിലും ഒരു പഴംകഥയുടെ ചുരുൾ അഴിയുന്നതുമപ്പോഴാവും .

ടിപ്പുവിന്റെ പടയോട്ട കാലത്തെ അനുഭവങ്ങളോ മാപ്പിള ലഹളയുണ്ടാക്കിയ ആഘാതങ്ങളോ അങ്ങനെ എന്തെങ്കിലുമായി.

അമ്മമ്മ വറുത്തു തന്നിരുന്ന മത്തൻ വിത്തും അരിമണിയും കൊറിച്ച് അടുക്കളത്തിണ്ണയിലിരുന്ന് ഇറയത്തിറ്റ് വീഴുന്ന മഴത്തുള്ളികളെ നോക്കിയിരിക്കുമ്പോളു ള്ള അനുഭൂതി ഗൃഹാതുരത്വത്തോടെ മാത്ര മേ ഓർക്കാൻ ആവൂ.

വേനലവധി അവസാനിക്കുമ്പോഴേക്കും ഇടവപ്പാതി കാർമേഘം പുതുമഴയും കൊണ്ടോടിയെത്തും. തിരിച്ച് ഹോസ്റ്റലിലേക്ക് പോകാറാവുമ്പോഴേക്കും മഴക്കാലത്തെ മേഘാവൃതമായ ആകാശം പോലെ മനസ്സും മൂടിക്കെട്ടും.

വൈകുന്നേരം നാലുമണി ആവുമ്പോഴേക്കും വീടും മുറ്റവും വൃത്തിയാക്കി വെക്കണം അമ്മമ്മയ്ക്ക് ശേഷം, മേലുകഴുകി വിളക്ക് വെക്കാനുള്ള തിരി തെരച്ച് വെക്കും. സ്കൂളിൽ നിന്ന് അമ്മയെത്തിയാൽ കാപ്പി കൊടുത്ത് എല്ലാ പണിയും കഴിച്ചു വെക്കും. ചക്രവാളത്തിൽ സൂര്യൻ താഴേണ്ട താമസമേയുള്ളൂ, 'ദീപം ....ദീപം ...ദീപം ..'

ആദ്യം വിളക്ക് കൊളുത്തണം .

അസ്തമയ സൂര്യൻ തന്റെ വിളക്ക് കണ്ടിട്ടേ പോകാവൂ എന്ന് അമ്മമ്മക്ക് നിർബന്ധമാണ്. സൂര്യന് മാത്രമല്ല, എല്ലാർക്കും അമ്മമ്മയുടെ നല്ല ഐശ്വര്യമുള്ള കൈയ്യായിരുന്നു .

സന്ധ്യക്ക് പണിമാറ്റി വീടുകളിലേക്ക് മടങ്ങുന്ന പണിക്കാരും അങ്ങാടിയിൽ നിന്ന് സാധനങ്ങൾ വാങ്ങി തിരിച്ചു പോവുന്നവരും ഒരു മിനിറ്റ് വീട്ടു പടിക്കൽ നിന്ന്, ഉമ്മറത്ത് കൊളുത്തി വെച്ച നിലവിളക്ക് പതിവായി തൊഴുതേ പോവൂ .

'അമ്മോമയുടെ കൈകൊണ്ട് വിളക്ക് കണ്ടാൽ നല്ലതാ '.....അവരുടെ ആത്മഗതം .

ഉമ്മറത്തെ പടിഞ്ഞാറെ തിണ്ണയിൽ നാമം ജപിക്കാൻ അമ്മമ്മയുടെ മുമ്പിൽ താനുമിരുന്നു . കാച്ചിയ എണ്ണയുടെയും തൈലത്തിന്റെയും വാസനയാണ് അടുത്തിരുന്നാൽ.

പച്ചമരുന്നുകളെപ്പറ്റി നല്ല അവഗാഹമുണ്ടായിരുന്നു അമ്മമ്മയ്ക്ക്. പലതരം വിശേഷപ്പെട്ട തൈലങ്ങളും എണ്ണകളും ആവശ്യാനുസൃതം എന്നും വീട്ടിൽ അമ്മമ്മ തന്നെ കാച്ചിയിരുന്നു.

ഭാഗം വെച്ചപ്പോൾ തറവാട് അമ്മയ്ക്കായി. അച്ഛച്ഛനും അമ്മമ്മയും അമ്മയോടോപ്പം തറവാട്ടിൽ തന്നെയായിരുന്നു.

ഭാഗശേഷം തറവാട്ടിലെ ഒരേ ഒരു സന്തതി താൻ മാത്രമായി . തോളറ്റം വെട്ടിയിട്ട മുടിയിൽ തലോടി അമ്മമ്മ പിറുപിറുക്കും, 'പെൺകുട്ട്യോൾക്ക് മുടിയാണ് ചന്തം'

വലുതായാൽ താനും മുടി വളർത്തും . മനസ്സിലെടുത്ത തീരുമാനം. രാത്രി ഏഴെട്ടു മണിയാകുന്നതോടെ ഗ്രാമം നിദ്രയുടെ കരി

മ്പടത്തിൽ ചുരുണ്ടു കൂടും. അതിനു മുമ്പ് എല്ലാവരുടെയും അത്താഴമൊക്കെ കഴിഞ്ഞിരിക്കും .

ഭക്ഷണത്തിനു മുമ്പ് കുറച്ചു സമയം എന്നെ പഠിപ്പിക്കാൻ ഇരുത്തുക അമ്മയുടെ പതിവായിരുന്നു അത്. അല്പനേരമെങ്ങാനും വൈകിയാൽ മതി , അമ്മമ്മ വിളിയോട് വിളിയായി, 'നേരം പാതി രാവായിട്ടുണ്ടാകും, നീയാ കുട്ടിയെ എന്തിനാ പിടിച്ചിരുത്തന്നത്, അതിന് ചോറു കൊടുത്ത് ഉറക്കാൻ നോക്കൂ ....'

അമ്മയോടാണത്.

തനിക്കതനുഗ്രഹവും ....

അല്ലെങ്കിലും ഈ പഠിപ്പിനെവിടെയാണ് ഒരവസാനം ?

അവധിക്കാലം മുഴുവനും കൂട്ടുകാർക്ക് എഴുത്തയച്ചും അമ്മമ്മയുടെ വാലിൽ തൂങ്ങി പറമ്പിലൂടെ നടന്നും പൂമുഖത്തിരുന്ന് വഴി പോക്കരെ നോക്കിക്കണ്ടും കഴിച്ചു കൂട്ടി.

ഒഴിവു കാലം കഴിയാറാവുമ്പോഴേക്കും മനസ്സ് ഗൃഹാതുരത്വം കൊണ്ട് വിങ്ങിപ്പൊട്ടും . അതിനു ശക്തി പകരാനായി ചന്നം പിന്നം പെയ്യുന്ന മഴയും കറുത്തിരുണ്ട ആകാശവും ഉണ്ടാവും .

വർഷങ്ങൾ ഏഴെണ്ണം എത്ര വേഗം പറന്നു പോയി !!

മറുനാട്ടിലെ പഠിത്തം തുടർന്നപ്പോഴും കൈമോശം വരാതെ സൂക്ഷിച്ച കുറെ ബാല്യകാലസ്മരണകൾ കൂട്ടിനുണ്ടായിരുന്നു.

സെമസ്റ്ററുകൾ ഓരോന്നായി കഴിഞ്ഞു നാട്ടിലെത്തിയപ്പൊഴൊക്കെ അമ്മമ്മ പഴയതു പോലെ തന്നെയായിരുന്നു. തലയിൽ വെള്ളിക്കമ്പികൾ കൂടുതൽ സ്ഥാനം പിടിച്ചതൊഴിച്ചാൽ മറ്റു വ്യത്യാസങ്ങളധികമുണ്ടായിരുന്നില്ല.

ഇതിനിടയിൽ അച്ഛൻ ആർക്കും ബുദ്ധിമുട്ടു നൽകാതെ ഈ ലോകവാസം വെടിഞ്ഞു. അമ്മമ്മ തന്നിലേക്കല്പം ഒതുങ്ങി ക്കൂടുകയായിരുന്നു എന്നിപ്പോൾ തോന്നുന്നു ആരേയും കാത്തു നിൽക്കാതെ കാല ചക്രം മുമ്പോട്ട് നീങ്ങി. പഠിത്തം കഴിഞ്ഞ് താൻ ഉദ്യോഗവതിയായി. ഇടക്കൊക്കെ ഒരാശ അമ്മമ്മ പ്രകടിപ്പിച്ചു. 'എനിക്കിപ്പോൾ വയസ്സേറേയായി, കുട്ടീടെ കല്യാണം കൂടി കാണണമെന്നുണ്ട്.'

അമ്മമ്മയിനി ഒരു പത്തു കൊല്ലം കൂടി സുഖമായിജീവിക്കും, എല്ലാ വരും അഭിപ്രായപ്പെട്ടു . കല്യാണം കഴിഞ്ഞ ശേഷവും താൻ കാണുമ്പോൾ അമ്മമ്മ ആരോഗ്യവതിയായിരുന്നു. പെൻഷൻ ആയതിൽ പിന്നെ അമ്മയും അമ്മമ്മയും തമ്മിൽ അധികം വ്യത്യാസം തോന്നിച്ചിരുന്നില്ല.

വിവാഹശേഷവും വർഷം തോറും ലീവിൽ നാട്ടിൽ പോയിരുന്നു. അമ്മമ്മയ്ക്ക് പണ്ടത്തെ ഉന്മേഷം കുറഞ്ഞു തുടങ്ങിയിരുന്നു. അടുത്ത കാലത്തായി ക്ഷീണം പൂർവാധികം കാണപ്പെട്ടു .

കഴിഞ്ഞ അവധിക്ക് പോയപ്പോഴാണ് മനസ്സിന്റെ ഏതോ കോണിൽ അടക്കം ചെയ്തിരുന്ന ഉത്കണ്ഠ വെളിയിൽ എത്തിയത്.

'ഈശ്വരനോട് ഒരു പെൺകുട്ടിയ്ക്കായി പ്രാർത്ഥിക്ക....'

നിരാശയുടെ നീറ്റലിലും ആശയുടെ കിരണങ്ങൾ പ്രതിഫലിച്ചു. ലോഹങ്ങൾ കൂട്ടിയുരസുമ്പോൾ ഉള്ള അസുഖകരമായ ഒരു സീൽക്കാരത്തോടെ വണ്ടി നിന്നു. വിജയവാഡ എത്തിയിരിക്കുന്നു. പുറത്തേക്കും അകത്തേക്കുമായി തിരക്കു കൂട്ടുന്ന ജനപ്രവാഹം ഇത്രയധികം ആളുകൾ എവിടെയ്ക്കാണോവോ നിത്യം സഞ്ചരിക്കുന്നത്!

രാജ്യത്തെ പത്തുപതിനായിരം സ്റ്റേഷനിലെയെല്ലാം അവസ്ഥ ഒരു മിനിറ്റു നോക്കിക്കണ്ടു. വല്ലാത്തൊരു ബഹളത്തിനു ശേഷം എല്ലാം ഒന്നു ശാന്തമായതു പോലെ ...

ക്ഷീണം ഒന്നു തീർത്തതിനു ശേഷം വണ്ടി ചക്രങ്ങൾ വീണ്ടും ചലിച്ചു.

സ്റ്റേഷനിൽ വെച്ചാരോസ്നേഹിതനോടു ഫോണിൽ സംസാരിച്ച് സഹയാത്രികരിലാരുടെയോ അടുത്ത ബന്ധുവിന്റെ വിയോഗം പറഞ്ഞറിഞ്ഞു.

ജനനമെന്ന യാഥാർത്ഥ്യവും മരണമെന്ന സത്യവും ഏറെ നേരം എല്ലാവരെയും ചിന്താധീനരാക്കി. തനെന്തിനധികം മനസ്സു പുണ്ണാക്കുന്നു !

രാത്രി ഭക്ഷണത്തിനു നിൽക്കാതെ വേഗം കയറിക്കിടന്നു. ഉറക്കം ഏഴയലത്ത് പോലും ഇല്ല. പിറ്റേന്ന് ഉച്ചയോടെ നാടെത്തും. രണ്ടു വർഷത്തിന്റെ വിടവ് കുറച്ചധികമായി തോന്നി. സ്വന്തം നാടിനോടൊരു അപരിചിതത്വം ഓരോന്നോർത്ത് കണ്ണടഞ്ഞതറിഞ്ഞില്ല...

രാവിലെ ദിനചര്യകൾ വേഗം പൂർത്തിയാക്കി അക്ഷമയോടെ സമയം ഉന്തി നീക്കി . ഉച്ച ഭക്ഷണം വീട്ടിൽ ചെന്നു കഴിക്കാമെന്നു കരുതി മനഃപൂർവം കഴിച്ചില്ല. അതുകൊണ്ട് തന്നെയാവണം വണ്ടി രണ്ടു മണിക്കൂർ വൈകിയാണ് എത്തിയത്. ഒരുവിധേന തനിക്കിറങ്ങേണ്ട സ്റ്റേഷനായി. ദൂരേ നിന്നെ അച്ഛൻ കാത്തു നിൽക്കുന്നത് കണ്ടു. കൂടെയുണ്ടായിരുന്നവരോടെല്ലാം വിട ചൊല്ലി, വണ്ടിയിറങ്ങി അച്ഛനോടൊപ്പം നടന്നു . ഓട്ടോയിൽ കയറി വീടെത്തും വരെ ഇടമുറിയാതെ സംസാരിച്ചു കൊണ്ടിരുന്നു താൻ. പതിവിനു വിപരീതമായി എല്ലാത്തിനും ഓരോ മൂളലിൽ അച്ഛൻ ഉത്തരം ഒതുക്കി. അതത്ര വക വെച്ചില്ല.

ഓട്ടോ വീട്ടിനു പടിക്കൽ നിന്നു. വീട്ടിൽ നിറയെ ആൾക്കാർ. തന്റെ വരവു പ്രതീക്ഷിച്ചിരിക്കുകയാവും, മനസ്സിൽ കരുതി. പടിതുറന്ന് അകത്തു കയറി. മുറ്റത്തിട്ടിരിക്കുന്ന ഒഴിഞ്ഞ കട്ടിൽ ശ്രദ്ധിച്ചില്ല. എല്ലാർക്കുമൊരു മ്ലാനത...

കണ്ണുകളത്രയും തന്റെ മേൽ പതിച്ചു നിൽക്കുന്നു. കാര്യം പിടികിട്ടിയില്ല.

അമ്മ ആരാഞ്ഞു, ‘അച്ഛൻ ഒന്നും പറഞ്ഞില്ലേ ?’ ഇല്ലെന്നുത്തരം .

‘അമ്മമ്മ ഇന്നലെ പോയി’

പെട്ടെന്നൊരുഷോക്കേറ്റു. ഹൃദയത്തിലാരോ ഭാരിച്ച കല്ലുവെച്ച പോലെ .... തലേന്നു കണ്ട ചിത്രങ്ങളൊരോന്നും ഒരാ വർത്തി കൂടി മിന്നിമറിഞ്ഞു. തെക്കേതൊടിയിലെ ഇനിയും അണഞ്ഞു തീരാത്ത ചാമ്പലിനുള്ളിൽ നിന്ന് അമ്മമ്മ പുനർജനിച്ചു . എനിക്ക് വേണ്ടി ....

ഞാൻ കണ്ണുനിറയെ കണ്ടു ..... കാച്ചിയ എണ്ണയുടെയും തൈലത്തിന്റെയും അതേ ഗന്ധം ...

‘ക്ഷണമൊരോന്നു പോകവേ
ക്ഷയിച്ചിടുന്നു ജീവിതം ...’
ദൂരെ എങ്ങോ മാറ്റൊലി കൊണ്ടു .....

*****


## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# കാൻസർ രോഗം

ഡോ. കെ. പ്രസന്നകുമാർ–9847083626

*(തുടർച്ച)*

## ശബ്ദകോശത്തിലെ കാൻസർ

ശബ്ദകോശത്തിലെ ഏറ്റവും പ്രധാന ഭാഗം വോക്കൽ കോർഡ് ആണ്. ഇതിനേ ശബ്ദഞാണുകൾ എന്നും അറിയപ്പെടും. ഇവയുടെ ചലനത്തിൽ നിന്നുമാണ് ശബ്ദത്തിന്റെ ഉത്ഭവം. കഴുത്തിന്റെ മുമ്പിൽ മദ്ധ്യ ഭാഗത്തുകാണുന്ന മുഴയുടെ ഉള്ളിലാണ് ഇതിന്റെ സ്ഥാനം. കാൻസർ സാധാരണ ബാധിയ്ക്കാറുള്ള ഒരു ഭാഗമാണ് ശബ്ദകോശം.

ശബ്ദകോശത്തിലേ കാൻസർ ചെറുപ്പക്കാരിൽ വളരെ അപൂർവ്വമായി മാത്രമേ കാണാറുള്ളൂ. സാധാരണ അറുപതിനും, എഴുപത്തിഅഞ്ചിനും മദ്ധ്യേ പ്രായമുള്ളവരിലാണ്, ഈ രോഗം കാണപ്പെടുന്നത്. സ്ത്രീകളിൽ, ഈ രോഗം പുരുഷന്മാരേ അപേക്ഷിച്ച് താരതമ്യേന കുറവായിട്ടാണ് കാണുന്നത്. ചില പ്രത്യേക തരം തൊഴിലുകളിൽ ഏർപ്പെട്ടിരിയ്ക്കുന്നവർക്ക് (ഐസോപ്രൊഫയിൽ ആൽക്കഹോൾ എന്ന ഒരു തരം സ്പിരിറ്റ് വ്യവസായത്തിൽ) ഈ രോഗം കൂടുതലായി കാണുന്നുണ്ട്. സാധാരണ ജലദോഷം പിടിപെടുമ്പോൾ അനുഭവപ്പെടുന്ന ഒരു അസുഖമാണല്ലോ ഒച്ചയടപ്പ്. ശബ്ദഞാണുകൾക്ക് നീർക്കെട്ടു ബാധിയ്ക്കുന്നതു നിമിത്തമാണ് ഈ ശബ്ദവ്യത്യാസമുണ്ടാകുന്നത്. സാധാരണയായി രണ്ടു മൂന്നു ദിവസംകൊണ്ട് ഇതു പരിപൂർണ്ണമായി സുഖപ്പെടും. എന്നാൽ കൂടുതൽ പാട്ടുപാടുക, പുകവലിയ്ക്കുക, അമിതമായി ലഹരിപാനീയങ്ങൾ കഴിയ്ക്കുക, ദീർഘമായ പ്രസംഗങ്ങൾ നടത്തുക എന്നിവ മൂലം ചിലരിൽ കൂടെകൂടെ ഉണ്ടാകുന്ന ഒച്ചയടപ്പ് വളരെ സൂക്ഷിയ്ക്കേണ്ടതാണ്. ശബ്ദകോശത്തിൽ കാൻസർ ബാധിക്കുന്ന ഏതാണ്ടിരുപതുശതമാനം ആൾക്കാരിൽ മേല്പറഞ്ഞ തരത്തിലുള്ള ഒച്ചയടപ്പ് കൂടെ കൂടെ ഉണ്ടാകുന്നുണ്ട്. പുകവലിയുടെ ഫലമായി, ശബ്ദഞാണുകളുടെ പുറമേയുള്ള മാർദ്ദവമായ തൊലിയ്ക്കു ഭാവവ്യത്യാസമുണ്ടാകുന്നു. നീർക്കെട്ടായിട്ടാണ് ഇതിന്റെ ആരംഭം. കാലക്രമത്തിൽ ഇതു ചുരുങ്ങി, അതിന്റെ ആരോഗ്യം നശിയ്ക്കുന്നു. ഇങ്ങിനെ ബലഹീനമായിത്തീരുന്ന തൊലിയ്ക്ക് കാൻസർ ബാധിയ്ക്കുന്നു. പുകവലിയുടെ ഫലമായി ശബ്ദകോശത്തിന് കാൻസർ ബാധിച്ചവരിൽ മിക്കവരും ഒരു ദിവസം ഇരുപതിനുമേൽ സിഗററ്റും അഥവാ ബീഡീ വലിച്ചവരായി കാണുന്നു.

**രോഗകാരണങ്ങൾ:** ശബ്ദകോശത്തിനുണ്ടാകുന്ന അടപ്പ് ആണ് രോഗത്തിന്റെ ആരംഭലക്ഷണം. സാധാരണ ഒച്ചയടപ്പ് ഉണ്ടാകുന്നത് ജലദോഷമോ, ചുമയോ ഉണ്ടാകുന്ന അവസരങ്ങളിലാണ്. ഇപ്രകാരം ഉണ്ടാകുന്ന അസുഖം ഒന്നോ, രണ്ടോ ആഴ്ചകൾകൊണ്ട് ഭേദമാകാറുണ്ട്. ഇത്രയും സമയത്തിനകം ശബ്ദം തെളിയുന്നില്ല എങ്കിൽ അപകടസൂചനയായി എടുക്കേണ്ടതാണ്. രോഗിയുടെ പ്രായം സാധാരണ നാല്പിനോ, നാല്പത്തിഅഞ്ചിനോ മുകളിലാണെങ്കിൽ തീർച്ചയായും വിദഗ്ധപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ശബ്ദത്തിനു നേരിടുന്ന ഈ വ്യത്യാസം, രോഗത്തിന്റെ ആരംഭദശയേയാണ് കുറിക്കുന്നത്. ഈസ്ഥിതിയിൽ ചികിത്സിയ്ക്കാൻ സാധിക്കുന്ന പക്ഷം, രോഗം മിക്കവാറും പരിപൂർണ്ണമായും സുഖപ്പെടും.

**ചികിത്സാവിധികൾ**

റേഡിയേഷനും, ശസ്ത്രക്രിയയുമാണ് ഈ രോഗത്തിനുള്ള ചികിത്സാവിധികൾ. ശസ്ത്രക്രിയ മൂലം, രോഗം ബാധിച്ചിട്ടുള്ള ശബ്ദനാൺ എടുത്തുകളയുകയോ, ശബ്ദകോശം മുഴുവനായി നീക്കം ചെയ്യുകയും ചെയ്യാം. ഇപ്രകാരം ശബ്ദകോശം, മുഴുവനായി നീക്കം ചെയ്യേണ്ടി വരുന്നവർക്ക്, പ്രത്യേക തരം പരിശീലനം വഴി, ആഹാരനാളിയിൽ കൂടി ശബ്ദം പുറപ്പെടുവിക്കുന്നതിനും, സംസാരിയ്ക്കുന്നതിനും സാധിയ്ക്കും. പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഇങ്ങിനെ ഉള്ളവർക്കായി പ്രത്യേക പരിശീലനകേന്ദ്രങ്ങളുണ്ട്.

റേഡിയേഷൻചികിത്സ, ശസ്ത്രക്രിയയോളം ഫലപ്രദമല്ലെങ്കിലും, ശബ്ദകോശം നീക്കം ചെയ്യുവാൻ മിക്കവരും സമ്മതിയ്ക്കാത്തതു നിമിത്തം, ഈ ചികിത്സാരീതിയ്ക്കാണ് കൂടുതൽ പ്രചാരം. മിക്കരോഗികളിലും രോഗം പൂർണ്ണമായും സുഖപ്പെടുത്തുന്നതിനും, ശബ്ദവും ഏറെക്കുറെ തിരികെ കിട്ടുന്നതിനും, റേഡിയേഷൻ ചികിത്സ മതിയാകുന്നതാണ്.

**ശ്വാസകോശത്തിലെ കാൻസർ**

**രോഗകാരണങ്ങൾ**-ശ്വാസകോശത്തിലേ കാൻസറിനും മുഖ്യകാരണം പുകവലിതന്നേയാണ്. യൂറേനിയം തുടങ്ങിയ ലോഹങ്ങളുടെ ഖനനം, നിക്കൽ വ്യവസായം, ആസ്ബസ്റേറാസ് നിർമ്മാണം തുടങ്ങിയ ജോലികളിലേർപ്പെട്ടിരികക്കകുന്നവർക്ക് ശ്വാസകോശ കാൻസർ വരാനുള്ള സാധ്യത വളരെ കൂടുതലാണ്.

ലോകത്തിൽ ശ്വാസകോശ കാൻസറിന്റെ നിരക്ക് ഏറ്റവും കൂടുതൽ ബ്രിട്ടനിലും, ഏറ്റവും കുറവ് നോർവേയിലുമാണ്. 1939-ൽ മുള്ളർ എന്ന ജർമ്മൻശാസ്ത്രജ്ഞനാണ് പുകവലി ശ്വാസകോശ കാൻസറിന് കാരണമായിത്തീരുമെന്ന്, ആദ്യമായി വെളിപ്പെടുത്തിയത്.

സ്ത്രീകൾക്ക് ശ്വാസകോശ കാൻസർ, അപൂർവ്വമായേ കാണാറുള്ളൂ. സ്ത്രീകളിൽ പുകവലി ശീലം, കുറവാണെന്നുള്ളതാണ്, ഇതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഇസ്രയേയിലേ ഒരു വിഭാഗം യൂദൻമാർ മതപരമായ കാരണങ്ങളാൽ പുകവലിയ്ക്കാറില്ല. ഇക്കൂട്ടർക്ക് ശ്വസകോശ കാൻസർ തീരെ ഉണ്ടാകാറില്ല. സിഗററ്റുകുറ്റിയുടെ നീളം പുകവലിച്ചശേഷം എറിഞ്ഞുകളയുന്ന, സിഗററ്റുകുറ്റിയുടെ നീളവും, ശ്വാസകോശ കാൻസറും തമ്മിൽ ബന്ധമുണ്ടെന്ന് ചില പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പുകവലി ഏറ്റവും കൂടുതൽ ഉള്ള രാജ്യങ്ങളാണ് ബ്രിട്ടനും, അമേരിക്കയും. ഈ രണ്ടു രാജ്യങ്ങളിലേയും പുകവലിയ്ക്കുന്നവരുടെ നിരക്കിൽ വലിയ വ്യത്യാസമില്ല. ഒരാൾ ശരാശരി ഒരു വർഷം 1500 സിഗററ്റു വലിയ്ക്കുന്നു എന്നതാണ് സാമാന്യ നിരക്ക് എന്നാൽ ബ്രിട്ടനിൽ 10 ലക്ഷത്തിൽ 450 പേർ-ശ്വാസകോശ കാൻസർ നിമിത്തം മരിയ്ക്കുമ്പോൾ, അമേരിക്കയിൽ വെറും 150 പേർ മാത്രമേ ഈ രോഗം മൂലം മരിയ്ക്കുന്നുള്ളൂ. ഇതിനുള്ള കാരണം എന്തെന്നു പരിശോധിച്ചതിൽ നിന്ന് അമേരിക്കയിലേ പുക വലിക്കാർ വലിച്ചു കഴിഞ്ഞ് എറിഞ്ഞു കളയുന്ന, സിഗററ്റുകുറ്റിയുടെ നീളം, ബ്രിട്ടീഷുകാരുടേതിനേക്കാൽ മൂന്നിരട്ടി കൂടുതലാണെന്ന് മനസ്സിലായി. ശ്വാസകോശ കാൻസർ അമേരിക്കയിൽ കുറഞ്ഞിരിയ്ക്കുന്നതിന്റെ കാരണം ഇതായിരിയ്ക്കാം. സിഗററ്റുകുറ്റിയുടെ നീളം കുറഞ്ഞു വരുന്തോറും അതിൽ നിന്നും ഉള്ളിലയ്ക്കു കടക്കുന്ന പുകയില പൊടിയുടെ അംശവും കൂടിയിരിക്കും.

സിഗററ്റുകത്തിക്കുമ്പോൾ അതിനുള്ളിലേ പുകയിലയിൽ കൂടി പുക അരിച്ച് ഉള്ളിലേയ്ക്കു കടക്കുന്നു. അങ്ങിനെ സിഗററ്റിന്റെ

നീളം കുറഞ്ഞു വരുമ്പോൾ, പുകയോടൊപ്പം പുകയിലയിൽ തങ്ങിനിൽക്കുന്ന കറയും വായിലെത്തുന്നു. ചുരുക്കത്തിൽ കുറ്റിയുടെ നീളം കുറയും തോറും വിഷാംശം കലർന്ന പുകയാണ്, ഉള്ളിലേയ്ക്കു കടക്കുന്നത് എന്നുസാരം. പുക അരിച്ചെടുക്കാൻ സിഗററ്റിൽ ഇപ്പോൾ ഫിൽറ്റർ ഘടിപ്പിയ്ക്കാറുണ്ട്. ഫിൽറ്റർ ഉപയോഗിച്ചാൽ തന്നേ പുകയിലയിലേ വിഷാംശം, ഭാഗികമായി മാത്രമേ ഒഴിവാക്കപ്പെടുന്നുള്ളൂ. സിഗററ്റുവലിയ്ക്കുന്നത് അപകടമാണെന്നു മനസ്സിലാക്കിയിട്ടുള്ള ചിലർ, സിഗററ്റിനുപകരം ചുരുട്ടോ, പൈപ്പോ ഉപയോഗിയ്ക്കാറുണ്ട്. താരതമ്യേന, അപകടസാദ്ധ്യത കുറവാണെങ്കിൽ പോലും, പുകവലിയ്ക്കാത്തവരേക്കാൾ കൂടുതൽ ശ്വാസകോശ കാൻസർ, അവരിലും ഉണ്ടാകുന്നുണ്ട്. ഇവരിൽ കാൻസർ നിരക്ക് കുറയുന്നതിന്റെ പ്രധാനകാരണം സിഗററ്റും ചുരുട്ടും തമ്മിലുള്ള വ്യത്യാസമല്ല. പിന്നയോ പുക ഉള്ളിലേയ്ക്കു വലിയ്ക്കുന്നതിന്റെ വ്യത്യാസമാണ്. സിഗററ്റ് വലിയ്ക്കുന്നവർ പുക, ശ്വാസകോശത്തിനുള്ളിലേയ്ക്കു വലിച്ചു കയറ്റുന്നു. ഇപ്രകാരം ഉള്ളിൽ പ്രവേശിയ്ക്കുന്ന പുക, ശ്വാസകോശത്തന്റെ ഉള്ളറകൾവരേയും എത്തുന്നു. പുകയുടെ കറ (നിക്കോട്ടിൻ) മുഴുവനും ശ്വാസകോശത്തിന്റെ ഉള്ളറകളിൽ ഒട്ടിപിടിയ്ക്കുന്നു. ചുരുട്ടും, പൈപ്പും വലിയ്ക്കുന്നവർ, ഇപ്രകാരം പുക ഉള്ളിലേയ്ക്കു വലിച്ചു കയറ്റുന്നില്ല. ഇവരിൽ, ശ്വസകോശ കാൻസർ വിരളമാണെങ്കിലും, വായിലേ കാൻസർ കൂടുതലായി ബാധിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്.

പുകവലി ശീലമായിട്ടുള്ളവർ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങൾ

1. ദിവസം വലിയ്ക്കുന്ന സിഗററ്റിന്റെ എണ്ണം പടി, പടിയായി കുറയ്ക്കാൻ ശ്രമിക്കണം. നിവർത്തിയുള്ളിടത്തോളം പുക, ഉള്ളിലേയ്ക്കു വലിച്ചു കയറ്റാതിരിയ്ക്കുക.

2. വലിച്ചുകളയുന്ന സിഗററ്റുകളുടെ നീളം, ക്രമേണ നീട്ടിക്കൊണ്ടു വരാന് ശ്രമിയ്ക്കുക.

3. പുകവലിയുടെ ആസക്തി മാററുവാൻ, ഇപ്പോൾ നിക്കോടെയ്ക് തുടങ്ങിയ മരുന്നുകൾക്കു കഴിയുന്നുണ്ട്.

**മറ്റുകാരണങ്ങൾ**

പുകവലികൂടാതെ, യുറേനിയം, അണുപ്രസരമുള്ള നിക്കൽ, ആസ്ബസ്റ്റോസ്, തുടങ്ങിയ വ്യവസായങ്ങളുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിയ്ക്കുന്നവർക്കും, ഈ രോഗം ഉണ്ടാകാൻ സാധ്യതകളുമുണ്ട്.

**രോഗലക്ഷണങ്ങൾ**

രോഗത്തിന്റെ ആരംഭത്തിൽ തന്നേ പ്രത്യക്ഷലക്ഷണങ്ങൾ ഒന്നുംതന്നേ കാണാറില്ല. രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുമ്പോഴേയ്ക്കും, രോഗം ചികിത്സിച്ചു ഭേദപ്പെടുത്താമെന്ന സ്ഥിതിയിൽ നിന്നും വഷളായിരിയ്ക്കുവാൻ ഇടയുണ്ട്.

ചുമ ഈ രോഗത്തിന്റെ ഒരു ലക്ഷണമായി കരുതാം. കഫം കുറവാണെന്നുള്ളത് ഒരു പ്രത്യേകത ആയിരിയ്ക്കും. ലഘുവായ ചികിത്സകൊണ്ട് വിട്ടുമാറാത്ത ചുമ ഉണ്ടെങ്കിൽ, വിദഗ്ധ പരിശോധനയ്ക്ക് വിധേയമാകേണ്ടതാണ്. രോഗപരിശോധനകളിൽ ഏറ്റവും പ്രാധാന്യം നെഞ്ചിന്റെ എക്സറേ എടുക്കുകയാണ്.

എക്സറേ പരിശോധന കൂടാതെ ബ്രോങ്കോസ്കോപ്പി എന്ന പരിശോധനയും വളരെ പ്രാധാന്യമർഹിക്കുന്നു. ഒരു വിദഗ്ഡോക്ടർക്കേ അതു നിർവ്വഹിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. കൂടാതെ സി.ടി. സ്കാൻ എം.ആർ.ഐ. സ്ക്കാൻ തുടങ്ങിയ വിദഗ്ധ പരിശോധനകളും ആവശ്യമെങ്കിൽ നടത്താവുന്നതാണ്.

സാധാരണ രക്തപരിശോധനകളും ബ്രോകോസ്കോപ്പിയാൽ കൂടി വലിച്ചെടുക്കാവുന്ന

*(ശേഷം പേജ് 50ൽ)*

# ഡെങ്കിപനി

ഡോ. ദേവീദാസ് – 9747480903

**രോ**ഗം ബാധിച്ച ഈഡിസ് ഇനം (ഏ. ഈജിപ്റ്റി അല്ലെങ്കിൽ എ. ആൽബോ പിക്റ്റസ്) കൊതുകിന്റെ കടിയിലൂടെയാണ് ഡെങ്കി വൈറസുകൾ ആളുകളിലേക്ക് പ കരുന്നത്.

ഡെങ്കി (DENG-gey) പനി, ലോകത്തിലെ ഉഷ്ണമേഖലാ പ്രദേശങ്ങളിലും ഉപഉഷ്ണ മേഖലാ പ്രദേശങ്ങളിലും ഉണ്ടാകുന്ന കൊതുക് പരത്തുന്ന ഒരു രോഗമാണ്. നേ രിയ ഡെങ്കിപ്പനി ഉയർന്ന പനിയും പനി പോലുള്ള ലക്ഷണങ്ങളും ഉണ്ടാക്കുന്നു. ഡെങ്കി ഹെമറാജിക് ഫീവർ എന്നും അറിയ പ്പെടുന്ന ഡെങ്കിപ്പനിയുടെ കഠിനമായ രൂപം, ഗുരുതരമായ രക്തസ്രാവം, രക്തസമ്മർദ്ദം , മരണം എന്നിവയ്ക്ക് വരെ കാരണമാകും.

**രോഗലക്ഷണങ്ങൾ**

പലർക്കും ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ അനുഭവപ്പെടാറില്ല.

രോഗലക്ഷണങ്ങൾ ഉണ്ടാകുമ്പോൾ, അവ മറ്റ് രോഗങ്ങളായി തെറ്റിദ്ധരിക്കപ്പെടാം പനി പോലുള്ള ലക്ഷണങ്ങൾ സാധാരണ യായി രോഗം ബാധിച്ച കൊതുക് നിങ്ങളെ കടിച്ചതിന് ശേഷം 4 മുതൽ 10 ദിവസം വരെ ആരംഭിക്കും.

ഡെങ്കിപ്പനി ഉയർന്ന പനിക്ക് കാരണമാകു ന്നു $104^0$ F ($40^0$ C) കൂടാതെ ഇനിപ്പറയുന്ന ഏതെങ്കിലും ലക്ഷണങ്ങളും കാണാം.

തലവേദന, പേശി, അസ്ഥി അല്ലെങ്കിൽ സന്ധി വേദന, ഓക്കാനം, ഛർദ്ദി, കണ്ണുകൾക്ക് പിന്നിൽ വേദന, കരളിന് നീർക്കെട്ട്, വൃക്കക ളിൽ നീർക്കെട്ട്, ചൊറിച്ചിൽ മിക്ക ആളുക ളും ഒരാഴ്ചയ്ക്കുള്ളിൽ സുഖം പ്രാപിക്കുന്നു. ചില സന്ദർഭങ്ങളിൽ, ലക്ഷണങ്ങൾ വഷളാകു കയും ജീവന് ഭീഷണിയാകുകയും ചെയ്യും. ഇതിനെ കടുത്ത ഡെങ്കി, ഡെങ്കി ഹെമറേ ജിക് ഫീവർ അല്ലെങ്കിൽ ഡെങ്കി ഷോക്ക് സിൻഡ്രോം എന്ന് വിളിക്കുന്നു.

നിങ്ങളുടെ രക്തക്കുഴലുകൾക്ക് കേടു പാടുകൾ സംഭവിക്കുകയും ചോർച്ച ഉണ്ടാകു കയും ചെയ്യുമ്പോൾ ഗുരുതരമായ ഡെങ്കിപ്പനി സംഭവിക്കുന്നു. നിങ്ങളുടെ രക്തപ്രവാഹ ത്തിൽ കട്ടപിടിക്കുന്ന കോശങ്ങളുടെ (പ്ലേറ്റ് ലെറ്റുകൾ) എണ്ണം കുറയുന്നു. ഇത് ഷോക്ക്, ആന്തരിക രക്തസ്രാവം, അവയവങ്ങളുടെ പ രാജയം തുടങ്ങി, മരണം വരെ നയിച്ചേക്കാം.

**കാരണങ്ങൾ:**

നാല് തരം ഡെങ്കി വൈറസുകളിൽ ഏതെ ങ്കിലും ഒന്ന് മൂലമാണ് ഡെങ്കിപ്പനി ഉണ്ടാകു ന്നത്. രോഗബാധിതനായ ഒരാളുടെ അടു ത്ത് നിന്ന് ഡെങ്കിപ്പനി പിടിപെടാൻ കഴി യില്ല. പകരം കൊതുകു കടിയിലൂടെയാണ് ഡെങ്കിപ്പനി പടരുന്നത്.

ഏറ്റവും കൂടുതൽ ഡെങ്കി വൈറസുകൾ പരത്തുന്ന രണ്ട് തരം കൊതുകുകൾ മനു ഷ്യരുടെ താമസസ്ഥലത്തും പരിസരത്തും സാധാരണമാണ്. ഡെങ്കിപ്പനി ബാധിച്ച ഒരാളെ കൊതുക് കടിക്കുമ്പോൾ, വൈറസ് കൊതുകിലേക്ക് പ്രവേശിക്കുന്നു. തുടർന്ന്, രോഗം ബാധിച്ച കൊതുക് മറ്റൊരാളെ കടിക്കുമ്പോൾ, വൈറസ് ആ വ്യക്തിയുടെ രക്തത്തിൽ പ്രവേശിച്ച് അണുബാധയു ണ്ടാക്കുന്നു.

ഡെങ്കിപ്പനിയിൽ നിന്ന് നിങ്ങൾ സുഖം പ്രാപിച്ചതിന് ശേഷം, നിങ്ങളെ ബാധിച്ച വൈറസിന് ദീർഘകാല പ്രതിരോധശേഷി ഉണ്ട് എന്നാൽ മറ്റ് മൂന്ന് ഡെങ്കിപ്പനി വൈ റസുകളോട് അല്ല. ഇതിനർത്ഥം മറ്റ് മൂന്ന് തരം വൈറസുകളിലൊന്ന് നിങ്ങൾക്ക് ഭാവി യിൽ വീണ്ടും ബാധിക്കാം എന്നാണ്. നി ങ്ങൾക്ക് രണ്ടാമത്തെയോ മൂന്നാമത്തെയോ

നാലാമത്തെയോ തവണ ഡെങ്കിപ്പനി വന്നാൽ കടുത്ത ഡെങ്കിപ്പനി വരാനുള്ള സാധ്യത വർദ്ധിക്കും.

**കൊതുകുകടി തടയുക:**

ഡെങ്കിപ്പനി സാധാരണമായ പ്രദേശങ്ങളിൽ വാക്സിൻ രോഗം കുറയ്ക്കാൻ ഫലപ്രദമായ ഒരു ഉപകരണമല്ലെന്ന് ലോകാരോഗ്യ സംഘടന ഊന്നിപ്പറയുന്നു. കൊതുകുശല്യം തടയുക, കൊതുകുകളുടെ എണ്ണം നിയന്ത്രിക്കുക എന്നിവയാണ് ഇപ്പോഴും ഡെങ്കിപ്പനി പടരാ തിരിക്കാനുള്ള പ്രധാന മാർഗങ്ങൾ.

ഡെങ്കിപ്പനി കൂടുതലുള്ള പ്രദേശത്താണ് നിങ്ങൾ താമസിക്കുന്നതെങ്കിൽ അല്ലെങ്കിൽ യാത്രചെയ്യുകയാണെങ്കിൽ, ഇനി പറയുന്ന കാര്യങ്ങൾ നിങ്ങളുടെ കൊതുകുകടി സാധ്യത കുറയ്ക്കാൻ സഹായിച്ചേക്കാം:

എയർകണ്ടീഷൻ ചെയ്തതോ നന്നായി സ്ക്രീൻ ചെയ്തതോ ആയ ഭവനങ്ങളിൽ താമസിക്കുക. ഡെങ്കി വൈറസുകൾ വഹിക്കുന്ന കൊതുകുകൾ പ്രഭാതം മുതൽ പ്രദോഷം വരെ ഏറ്റവും സജീവമാണ്, പൊതുവെ ഇവാ പകൽ സമയത്താണ് കടിക്കുന്നതെങ്കിലും അവ രാത്രിയിലും കടിക്കും.

ശരീരം പൊതിയുന്ന വസ്ത്രം ധരിക്കുക. കൊതുകുശല്യമുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ നീളൻ കൈയുള്ള ഷർട്ടും നീളൻ പാന്റും സോക്സും ഷൂസും ധരിക്കുക.

കൊതുക് അകറ്റുന്ന മരുന്ന് ഉപയോഗിക്കുക. നിങ്ങളുടെ വസ്ത്രങ്ങൾ, ഷൂകൾ, ക്യാമ്പിംഗ് ഗിയർ, ബെഡ് നെറ്റിംഗ് എന്നിവയിൽ പെർമെത്രിൻ പ്രയോഗിക്കാവുന്നതാണ്. ഇതിനകം പെർമെത്രിൻ ഉപയോഗിച്ച് നിർമ്മിച്ച വസ്ത്രങ്ങളും നിങ്ങൾക്ക് വാങ്ങാം. നിങ്ങളുടെ ചർമ്മത്തിന്, കുറഞ്ഞത് 10% DEET സാന്ദ്രത അടങ്ങിയ ഒരു റിപ്പല്ലന്റ് ഉപയോഗിക്കുക.

**പരിശോധന :**

നിങ്ങൾക്ക് ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ



ഉണ്ടെങ്കിലോ ഡെങ്കിപ്പനി സാധ്യതയുള്ള ഒരു പ്രദേശത്ത് താമസിക്കുകയോ അടുത്തിടെ യാത്ര ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളുടെ ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.

ഡെങ്കിപ്പനി സാധ്യതയുള്ള ഒരു പ്രദേശത്തേക്ക് നിങ്ങൾ അടുത്തിടെ യാത്ര ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഹെൽത്ത് കെയർ പ്രൊവൈഡറോട് പറയുക.

രോഗനിർണയം സ്ഥിരീകരിക്കാനുള്ള ഒരേയൊരു മാർഗ്ഗം രക്തപരിശോധനയാണ്. നിങ്ങളുടെ ഹെൽത്ത് കെയർ പ്രൊവൈഡർ ഡെങ്കിപ്പനിയോ സിക്കയോ ചിക്കുൻഗുനിയയോ പോലുള്ള മറ്റ് സമാന വൈറസുകളുണ്ടോ എന്ന് പരിശോധിക്കാൻ രക്തപരിശോധനയ്ക്ക് ഉത്തരവിട്ടേക്കാം.

കൊതുകുകളുടെ ആവാസ വ്യവസ്ഥ കുറയ്ക്കുക. ഡെങ്കി വൈറസ് വഹിക്കുന്ന കൊതുകുകൾ സാധാരണയായി വീടുകളിലും പരിസരങ്ങളിലും വസിക്കുന്നു, ഉപയോഗിച്ച ഓട്ടോമൊബൈൽ ടയറുകൾ പോലുള്ളവയിൽ ശേഖരിക്കാൻ കഴിയുന്ന വെള്ളം കെട്ടിനിൽക്കുന്നു. കൊതുകുകൾ മുട്ടയിടുന്ന ആവാസ വ്യവസ്ഥകൾ ഇല്ലാതാക്കി അവയുടെ എണ്ണം കുറയ്ക്കാൻ നിങ്ങൾക്ക് സഹായിക്കാനാകും. ആഴ്ചയിൽ ഒരിക്കലെങ്കിലും, വെള്ളം കെട്ടിനിൽക്കുന്ന ശൂന്യവും വൃത്തിയുള്ളതുമായ പാത്രങ്ങൾ, മൃഗങ്ങളുടെ വിഭവങ്ങൾ, ഇൻഡോർ പ്ലാന്റ്സ്, ചെടിച്ചട്ടികൾ . ശുചീകരണത്തിനിടയിൽ വെള്ളം കെട്ടിക്കിടക്കുന്ന പാത്രങ്ങൾ മുതലായവ മൂടി വയ്ക്കുക.

**വാക്സിനേഷൻ:**

ലബോറട്ടറിയിൽ സ്ഥിരീകരിച്ച മുൻ ഡെങ്കി വൈറസ് ബാധയുള്ള 9-16 വയസ് പ്രായമുള്ള കുട്ടികളിൽ ഉപയോഗിക്കുന്നതിന് പുതിയ ഡെങ്കി വാക്സിൻ അംഗീകരിച്ചിട്ടുണ്ട്.

സാധാരണയായി ഒരാഴ്ചക്കുള്ളിൽ ഡെങ്കി പനി നിയന്ത്രണത്തിൽ വരും. പ്ലേറ്റ്ലറ്റ് കൌണ്ട് സാധാരണയിൽ വരും.പക്ഷെ ഇതു പരിശോധിച്ച് കണ്ടെത്തുക തന്നെ വേണം.

ഡെങ്കിപ്പനി മൂലം കരൾ വീക്കം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിപൂർണമായി മാറണമെങ്കിൽ 3 ആഴ്ച്ചയെങ്കിലും എടുക്കും.

അതാതു സമയത്തിനുള്ള ലക്ഷണങ്ങൾക്ക് ചികിൽസിക്കുക എന്നത് മാത്രമാണ് ചെയ്യാനുള്ളത്.

പനി വന്നു മൂന്നാമത്തെ ദിവസം പ്ലേറ്റ്ലെറ്റ് കുറയുമെന്നതിനാൽ 3 ദിവസം ആശുപത്രി വാസം തന്നെയാണ് അഭികാമ്യം.

* * * * *

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ഫെബ്രുവരി 2024 – മാർച്ച് 2024

| | | | | |
|---|---|---|---|---|
| 1. | 15-02-2024<br>22-02-2024<br>29-02-2024<br>07-03-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 17-02-2024 | ശനി | ഹെറിറേജ് – നമ്മുടെ കൊച്ചി -ചർച്ച | 4.00 p.m. - 6.00 p.m. |
| 3. | 18-02-2024 | ഞായർ | സാഹിതിയോഗം - വിഷയം കവിത (**ജി**യും **ഒ.എൻ.വി**യും. അവതരണം-ശ്രീ ടി. എൻ. ടി. നായർ(**ജി**), ശ്രീ. കെ. രാധാകൃഷ്ണൻ (**ഒ.എൻ.വി**) | 10.00 a.m |
| 4. | 18-02-2024 | ഞായർ | അകായിലെ സംഗീതം – സാംസ്ക്കാരിക വിഭാഗം – വിദ്യാസാഗറിന്റെ പാട്ടുകൾ | 4.00 p.m |
| 5. | 18-02-2024<br>മുതൽ<br>25-02-2024<br>വരെ | ഞായർ<br>മുതൽ<br>ഞായർ<br>വരെ | ശ്രീമദ് ഭാഗവത സപ്താഹജ്ഞാനയജ്ഞം | 6.00 a.m. 6.00 p.m |
| 7. | 23-02-2024 | വെള്ളി | ബീം – ഭരതനാട്യം- അമൃത ജയകൃഷ്ണൻ | 6.30 p.m. |
| 8. | 17-2-2024<br>24-2-2024<br>02-3-2024<br>09-3-2024 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>– ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 9. | 14-02-2024<br>21-02-2024<br>28-02-2024<br>06-03-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

# അമ്മ

ആർ. രാജൻ – 9995906054

പ്രശസ്ത ആംഗലേയ കവിയായിരുന്ന Alfred Lord Tennyson ന്റെ Home they brought her warrior dead എന്നെ വിഖ്യാത കവിതയുടെ ഒരു സ്വതന്ത്രമായ ആവിഷ്ക്കാരം)

ഘോരയുദ്ധത്തിൽ തൻ ജീവനാഥന്റെ
വീരമൃത്യുവിൻ വാർത്ത ശ്രവിക്കവേ
മിന്നലേറ്റപോലുമ്മറവാതിലിൽ
സന്നതാംഗിയിരുന്നുപോയ് നിശ്ചലം.

ആനനാബ്ജമരുണിമപൂണ്ടിട്ടും
കോമളാകാരകണ്ഠം തിരിച്ചിട്ടും
കണ്ണുകൾ രണ്ടുമൽപ്പമകലത്തായ്
വെൺതറയിലുറച്ചു തറപ്പിച്ചും
ചെറ്റൊളിമങ്ങിമേവും വദനത്തിൽ
മുറ്റിനിൽക്കും വിയർപ്പിൻ മണികളാൽ
ഫാലദേശത്തിലർപ്പിച്ച കുങ്കുമ-
പ്പൊട്ടതിർത്തിവിട്ടേറെപ്പടർന്നിട്ടും
പാണികൾ പൂമടിത്തട്ടിലർപ്പിച്ചും
മേനിതെല്ലുവളഞ്ഞുകുനിഞ്ഞിട്ടും
പ്രജ്ഞയറ്റഹോ മൂകം വസിക്കുന്നൂ
പത്മനേത്രയാൾ വെൺകൽ പ്രതിമപോൽ.

വാർത്തകേട്ടറിഞ്ഞെത്തിനിരന്നുള്ളോ-
രാർത്തരാമയൽക്കാരികൾതന്നുടെ
പാരമത്തുതാശങ്കാഭരിതമാം
ചാരുനേത്രവിഷാദമുനയെല്ലാം
ചേണിയലുമാനിഷ്ക്കമ്പഗാത്രിതൻ
മേനിതന്നിൽ തറച്ചുനിന്നൂ ദൃഢം.

ഈ വിധം വിഷാദാർദ്രവിമൂകമായ്
നേരമേറെക്കൊഴിഞ്ഞുപോയീടവേ
എന്തുചെയ്യണമെന്നറിയാതെയാ
മങ്കമാരേറ്റം നിന്നുകുഴങ്ങവേ
കൂട്ടത്തിൽ നിന്നൊരുത്തി മൊഴികയായ്
കൂട്ടുകാരികളോടായിതേമട്ടിൽ

ഉഗ്രതാപത്താൽ തിങ്ങിനിറഞ്ഞുപോയ്
ഫുല്ലനേത്രതൻ നിർമല ഹൃത്തടം
ആവിയായ്തീർന്നുകണ്ണുനീരോടൊപ്പം
ജീവിതത്തിന്നുറവമുഴുവനും
ഈയവസ്ഥയിനിയും തുടരുകിൽ
ഈ ഇളംവല്ലികത്തിക്കരിഞ്ഞുപോം
ഉള്ളിലേറ്റം നിറഞ്ഞു വിങ്ങുന്നൊരീ-
യല്ലലൽപ്പം പുറത്തുകടക്കുവാൻ
ഏറിനിൽക്കുമീയാധിതൻ ജ്വാലകൾ
നീറിടും നെടുവീർപ്പായി മാറണം
സ്വൽപ്പനേരം കരയണം തയ്യലാൾ
തപ്തബാഷ്പകണങ്ങൾ പൊഴിയണം.
ചന്തമായ് പേരുചൊല്ലി വിളിച്ചിട്ടും
അന്തികേചെന്നുതൊട്ടുവിളിച്ചിട്ടും
തെല്ലനക്കവുമില്ലാതിരിക്കുന്നൂ
പല്ലവാംഗിയാൾ ബിംബംകണക്കിനെ.

വീരമൃത്യുവരിച്ച ഭടൻതന്റെ
ധീരസാഹസകൃത്യങ്ങളൊക്കെയും
രാജഭക്തിയും ദേശാഭിമാനവും
മാതൃഭൂമിയോടുള്ളമമതയും
പോർക്കളത്തിലാവാളിന്റെ മൂർച്ചയും
ഉൾക്കളത്തിലെ ജീവകാരുണ്യവും
അച്ഛനമ്മമാരോടുള്ള ഭക്തിയും
ജീവനാഥയോടേറുന്ന പ്രേമവും
എണ്ണിയെണ്ണിപറഞ്ഞു തുടങ്ങിനാൾ
പിന്നൊരുത്തി വിധവയെ കേൾപ്പിക്കാൻ

ധീരശൂരപരാക്രമൻ തന്നുടെ
വീരഗാത്രമടങ്ങുന്ന പേടകം
ശോകമൂകയാം നാരിതൻ കൺമുന
വീണിടുന്നൊരാദിക്കിൽ, തറയിലായ്
കൊണ്ടുവച്ചിട്ടു മാറിനിന്നൂ ചിലർ

ചഞ്ചലാക്ഷി തൻ ഭാവപ്പകർച്ചക്കായ്
നിത്യനിദ്രയിലാണ്ട പതിക്കുമേൽ
ദു:ഖപുത്രിതൻ ശ്രദ്ധ പതിയുവാൻ
മഞ്ഞവീരാളിമൂടിയ പേടകം
മറ്റൊരുത്തി തുറന്നു വച്ചു ക്ഷണം.

സർവ്വവർണ്ണോജ്വലിതമാം മഞ്ചത്തിൽ
നിർവ്വികാരം ശയിക്കും കണവന്റെ
പൗരുഷോജ്വല സങ്കീർണ്ണ വക്ത്രവും
ശോണിതാഭം വ്രണപൂർണ്ണഗാത്രവും.
രക്തപങ്കിലവസ്ത്രവും ഖഡ്ഗവും
രത്നകാന്തിയണിയും കവചവും
തൊട്ടുമുന്നിലായ് കണ്ടുവെന്നാകിലും
പൊട്ടുപോലുമനങ്ങിയില്ലംഗന
വീണതില്ലിത്രയായിട്ടുമക്കണ്ണിൻ -
കോണിൽനിന്നൊരുകണ്ണുനീർത്തുള്ളിയും
കണ്ടതില്ലൊരു ഭാവവ്യത്യാസവും
കൊണ്ടൽവേണിതൻ കോമളവക്ത്രത്തിൽ
പേടകത്തിൽ മിഴിനട്ടചലയായ്
പേടമാൻകണ്ണിവാഴുന്നു പിന്നെയും.
നൽക്കളിവഞ്ചിപോലുള്ള പെട്ടിയിൽ
നിദ്രയാർന്ന പിതാവിൻ മുഖത്തെയും
തൻമരപ്പാവപോലെയാവാതിലിൽ
ചെന്നിരുന്നിടും മാതൃവക്ത്രത്തെയും
ഉത്സവം കാണുവാനെന്നപോൽ ചുറ്റും
ഉത്സുകരായി നിൽക്കും ജനത്തെയും
മാറി മാറിപ്പകച്ചുവീക്ഷിച്ചങ്ങു
മാറി നിൽക്കുമാ പിഞ്ചുകിടാവിനെ
സൻമതിയൊരുവൃദ്ധയെടുത്തണ-
ച്ചമ്മതൻ അങ്കഭാഗത്തിരുത്തിനാൾ.

മുട്ടിനിന്നൊരാസന്താപമത്രയും
പൊട്ടിയപ്പോൾ തെറിച്ചുടനുഗ്രമായ്
ഭീമമാമഗ്നിപർവ്വതംപൊട്ടിയി-
ട്ടാഞ്ഞു കുത്തിയൊലിച്ചിടും ലാവപോൽ
തീവ്രശോകത്തിൻധാരയാക്കണ്ണിൽ നി-
ന്നൂഢവേഗമൊഴുകിത്തുടങ്ങിതേ!
തന്റെയോമന പൈതലിൻ മേനിയാ
ചെന്തളിർകരതാരിനാൽ ചുറ്റിയും
പിഞ്ചുമൂർദ്ധ്നിയുമമ്പിളിനെറ്റിയും
മൂത്തവർഷങ്ങളേകി നിറച്ചിട്ടും
പൂങ്കവിളിൻ തുടുപ്പിലധരങ്ങൾ
ചേർത്തുകേണമ്മ ചൊല്ലി സഗദ്ഗദം

പെറ്റകുഞ്ഞിനെ വിട്ടുപിരിയുവാൻ,
തെറ്റുകാണിക്കാനമ്മ മുതിർന്നുപോയ്
മാപ്പുനൽകണമമ്മയ്ക്കു; നിന്നെവി-
ട്ടമ്മപോകുമോ സന്തപ്തയാകിലും?
നിൻപിതാവിനോടുള്ള കടമകൾ
പൊൻമണിക്കുഞ്ഞേ അമ്മ മറക്കുമോ?
വീരമാതാവിൻ പുത്രനെന്നുള്ള നിൻ
പേരിനമ്മ കളങ്കം വരുത്തുമോ?
ഇല്ല, തങ്കമേ, കണ്ണേ നിനക്കായി
നിന്നെയോർത്തിട്ടുമാത്രമായ്, മാത്രമായ്
അമ്മ വാണിടുമാചന്ദ്രതാരമീ
മന്നിൽ നിശ്ചയം, നിശ്ചയം, നിശ്ചയം!.

*****

# 11-ാം ചരമ വാർഷികം

# 20-02-2024



**ഇല്ലിക്കൽ കൃഷ്ണമേനോൻ**
എഴുത്തുള്ളിൽ ഹൗസ്
ആലപ്പാട്ട് ക്രോസ് റോഡ്
രവിപുരം കൊച്ചി -16

# വേദവ്യാസന്റെ സ്ത്രീ കഥാപാത്രങ്ങൾ

**കല്പകം സോമരാജൻ** – 9895453072

നമ്മുടെ പുരാണേതിഹാസകൃതികളിൽ ശ്രീവേദവ്യാസൻ സ്ത്രീശക്തിയെ വളരെ മഹനീയമായിതന്നെ അവതരിപ്പിച്ചിരിക്കുന്നു. ഋഗ്വേദകാലം മുതലേ ഈ വിചിന്തനം ദർശിക്കാം. സ്വാശ്രയ വ്യക്തിത്വങ്ങൾ, അർപ്പണചിന്താഗതിക്കാരായ ഭാര്യമാർ, മാതൃത്വത്തിന്റെ മഹത്മാതൃകകൾ, കുലശ്രേഷ്ഠകൾ, തത്ത്വചിന്തകർ, വാളെടുക്കുന്നവർ, പോർമുഖങ്ങളിൽ തങ്ങളുടെ കഴിവ് നിർണ്ണായകമാക്കുന്നവർ, ഭരണപരമായ കാര്യങ്ങളിലും രാജ്യരക്ഷാ കാര്യങ്ങളിലും ശ്രദ്ധേയരായവർ അദ്ധ്യാപനത്തിൽ അതീവ പടുക്കൾ, എന്നിങ്ങനെ ജീവിതത്തിന്റെ ഏതു മേഖലകളിൽ നോക്കിയാലും സ്ത്രീകളുടെ ധീരതയും ബുദ്ധിശക്തിയും കർമ്മകുശലതയും വെളിപ്പെടുത്തുന്നവയാണ് വ്യാസഭഗവാന്റെ സ്ത്രീകഥാപാത്രങ്ങളിൽ ഏറെയും. അമ്പെയ്ത്ത്, ആയോധന കല കുതിരസവാരി എന്നിവയിലെല്ലാം തന്നെ അതിനിപണരായിട്ടുള്ളവരും വ്യാസസൃഷ്ടികളായിട്ടുണ്ട്. അംബ, അംബിക, അംബാലിക കുന്തിദേവി, ഗാന്ധാരി, ദ്രൗപതി, സീത, സാവിത്രി, ദമയന്തി, ശകുന്തള സത്യവതി, ചിത്രാംഗദ തുടങ്ങി മുൻനിരകഥാപാത്രങ്ങൾക്കൊപ്പം തന്നെ ഒട്ടും തന്നെ താഴ്ചയില്ലാതെ വിരാജിക്കുന്ന താടക, ഹിടിംബി, ശൂർപ്പണഖ, മണ്ഡോദരി തുടങ്ങി ഒട്ടനേകം ഉപകഥാപാത്രങ്ങളും വ്യാസസൃഷ്ടികളായുണ്ട്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ശ്രേഷ്ഠരാണ് ഇവരെല്ലാം തന്നെ. വ്യക്തിത്വമുള്ള വേദവ്യാസന്റെ സ്ത്രീത്വ ദർശനം അദ്ദേഹത്തിന്റെ ആഖ്യായികളിലൂടെ മനസ്സിലാക്കുവാൻ കഴിയും. മിഴിവാർന്ന അനേകം കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ വാക്പാടവത്തിലൂടെ നമുക്ക് ലഭിച്ചിട്ടുണ്ട്. നമ്മുടെ പൗരാണികരായ ഋഷിമാർ സ്ത്രീസങ്കല്പത്തിന് മഹാകാവ്യലക്ഷണരീതിയിലെന്നപോലെ ഒരു നിർവചനം തന്നെ നൽകിയിട്ടുണ്ട്. അതിപ്രകാരമാണ്

നിർദോഷാ ലക്ഷണവതീ
സരീതീ ഗുണഭൂഷിത
സാലങ്കാര രസാനേക
വൃത്തിർവാക് കാവ്യനാഭോഗ് എന്നതാണത്.

ഈ നിർവചനം ഇന്ന് വീര്യമോ നിർവീര്യമോ എന്നു പറയുവാൻ സാധിക്കുകയില്ല. അത് ഒരോരുത്തരുടേയും യുക്തിക്കു വിടുന്നു. വേദത്തെ നാലാക്കിതിരിച്ച് വ്യക്തത വരുത്തി ലോകത്തിനു നൽകിയ ആ മഹാത്മാവ്, കൃഷ്ണദ്വൈപായനൻ മഹാഭാരത മഹാകാവ്യ സൃഷ്ടാവാണല്ലോ. അദ്ദേഹത്തിന്റെ സൃഷ്ടികളിലൂടെ, പ്രത്യേകിച്ച് സ്ത്രീ കഥാപാത്രങ്ങളിലൂടെ അല്പമായി നമുക്കൊന്നു സഞ്ചരിക്കാം. വളരെ പ്രധാനശ്രേണികളിൽ സഞ്ചരിക്കുന്ന കഥാപാത്രങ്ങളെക്കുറിച്ചുമാത്രമേ ഇവിടെ പറയുന്നുള്ളു.

മഹാഭാരതകഥയിലെ കഥാപാത്രങ്ങളെ കുറിച്ച് ആദ്യം ചിന്തിക്കാം. ഇതിഹാസത്തിലെ നെടുംതൂണുകളാം ശ്രേഷ്ഠ കഥാപാത്രങ്ങളോടു ചില സന്ദർഭങ്ങളിൽ തോൾക്കൊപ്പവും ചിലപ്പോൾ അതിലുപരിയായോ ശ്രേഷ്ഠതയാർന്നവരാണ് വ്യാസമുനിയുടെ സ്ത്രീകഥാപാത്രങ്ങളിൽ പലരും. ഉപകഥാഖ്യാനങ്ങളിലും ഈ ജനുസ്സിൽപെട്ട അനേക കഥാപാത്രങ്ങളെ കാണാം. കഥാഗതി തന്നെ നിയന്ത്രിക്കുന്നത് അതിശക്തകളായ ഈ കഥാപാത്രങ്ങളാണ്. കുന്തീ

ദേവി, ഗാന്ധാരി, ദ്രൗപതി, സീത, കൈകേയി, മന്ധര, സാവിത്രി, ശകുന്തള, ദമയന്തി എന്നിങ്ങനെ നീണ്ട നിരയിൽ വിരാചിക്കുന്ന കഥാപാത്രങ്ങൾ കഥാഗതിയിൽ നിർണ്ണായക സ്ഥാനം തന്നെ കൈയാളുന്നു. പ്രധാന കഥാപാത്രത്തിന്റെ വിജയപഥത്തിലേക്കുള്ള കുതിപ്പിൽ ശക്തി പകർന്ന് ഒപ്പം നിൽക്കുന്ന സ്ത്രീ കഥാപാത്രങ്ങളെയാണ് വ്യാസൻ അനുവാചകർക്കു മുൻപിൽ അവതരിപ്പിക്കുന്നത്. ആത്മവീര്യത്തിന്റെ ഉൾക്കരുത്താർന്ന നായികമാർ. ജീവിതത്തിന്റെ വൈകാരികഭാവങ്ങളിലുള്ള എല്ലാ ആത്മസംഘർഷങ്ങളിലൂടെയും കടന്നുപോകുന്നവരാണ് ഈ കഥാപാത്രങ്ങൾ

കീർത്തി ശ്രീ വാക്ച നാരീണാം.

സ്മൃതിർ മേധാ ഘ്യാതിക്ഷമാം എന്ന സ്ത്രീത്വമാഹാത്മ്യങ്ങളെ ഭഗവത്ഗീതയിൽ വ്യാസഗുരുദൃഢമായി തന്നെ പറയുന്നു. ഈ മഹത്വാഖ്യാനങ്ങളെ അരക്കിട്ടുറപ്പിച്ച് ആവിഷ്ക്കരിക്കുകയാണ് വ്യാസഗുരു തന്റെ കഥാപാത്രങ്ങളിലൂടെ ചെയ്യുന്നത്.

കഥാപാത്രങ്ങളെയും കഥാഗതിയെയും കുറിച്ചു ചിന്തിക്കുമ്പോൾ കുന്തി, ഗാന്ധാരി, ദ്രൗപതി എന്നീ കഥാപാത്രങ്ങളിൽ ഒരാൾ ഇല്ലെങ്കിൽ ആകൃതിക്കു പൂർണ്ണതയില്ല. അതുപോലെ സീത, കൈകേയി മന്ദരമാരും ഈ ശ്രേണിയിൽ തന്നെയാണ്. ഒരാളുടെ അസാന്നിധ്യം കഥാഗതിയെ തന്നെ മാറ്റും. കഥയെ പൊഷിപ്പിക്കാനുള്ള മറ്റനേകം ഉപ കഥാപാത്രങ്ങൾ കഥാഗതിയിൽ കാണാം. വേറെയും ഇത്രയേറെ സൃഷ്ടികളെ കോർത്തിണക്കി കഥാഗതിയെ അനുസ്യൂതം മുന്നോട്ടു നയിക്കുന്ന ആ കവി ഹൃദയത്തിനു മുന്നിൽ പ്രണമിക്കുകയല്ലാതെ മറ്റെന്താണ് അജ്ഞാനപടുക്കളായ നമുക്കെല്ലാം ചെയ്യാനാവുക. ധർമ്മാർഥ കാമമോക്ഷങ്ങളായ ജന്മകൃതകാര്യങ്ങളെല്ലാം തന്നെ വളരെ വിശാലമായ രീതിയിൽ ചിന്തനം ചെയ്യുകയാണ് വ്യാസൻ ഈ കഥാപാത്രങ്ങളിലൂടെ ചെയ്യുന്നത്.

മനുഷ്യരാശി ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ ഇതിഹാസമാണ് മഹാഭാരതം. ഈ മഹത്ഗ്രന്ഥത്തിൽ എല്ലാ നന്മതിന്മകളും വിവരിക്കപ്പെട്ടിരിക്കുന്നു. എല്ലാ ധർമ്മാധർമ്മങ്ങളും അതിന്റെ പരിണതഫലങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നു. ഏററവും ശ്രേഷ്ഠവും അതേ തൂക്കത്തിൽ തന്നെ വ്യക്തിത്വങ്ങളും ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. മനോജ്ഞങ്ങളായ ലതാനി കുഞ്ചങ്ങളും ഇതികളിക്കുന്ന മാനിണകളും അദ്ദേഹത്തിന്റെ മനോഹരാവിഷ്ക്കാരത്തിലൂടെ ആസ്വാദിക്കാൻ കഴിയുന്നുണ്ട്. ശിഖണ്ഡിയായൊരു കഥാപാത്രത്തെപ്പോലും കഥാപോഷണത്തിനു വേണ്ടി വ്യാസൻ അവതരിപ്പിക്കുന്നുണ്ട്. ദൈവവും മനുഷ്യരും ഇഴുകി ചേർന്നു നില്ക്കുന്ന മഹാമാന്ത്രികതയും ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. ഭഗവാൻ ശ്രീകൃഷ്ണൻ തന്നെയാണ് ഈ ഗ്രന്ഥത്തിലെ മുഖ്യകഥാപാത്രം എന്നു വിവക്ഷിക്കാം. എങ്കിലോ ഭഗവാൻ ഒരിക്കലും പക്ഷഭേദം ചെയ്യുന്നില്ല. ധർമ്മപക്ഷത്താണ് തിനെന്ന് എപ്പോഴും എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. ധർമ്മസംരക്ഷണത്തിനായി വേണ്ടുന്നതെല്ലാം ചെയ്യുന്നു. എവിടെ ധർമ്മചിന്ത നശിക്കുന്നുവോ അവിടെ നാം കുടിയേറുന്നു എന്നതിനാണല്ലോ ഭഗവാന്റെ ആപ്തവാക്യ ഇനി ഓരോ കഥാപാത്രങ്ങളെകുറിച്ചു ചിന്തിച്ചാൽ ബാലിശമായ ബാല്യകാല കൃതങ്ങൾ തുടങ്ങി അന്ത്യത്തിലെ വനവാസം വരെ ഈ കഥാപാത്രങ്ങളിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നു.

മഹാഭാരത ഇതിഹാസഗ്രന്ഥത്തിലെ സ്ത്രീകഥാപാത്രങ്ങളിൽ പ്രമുഖരെല്ലാം തന്നെ രാജകുലജാതരാണ് അതിനാൽ കുലമഹിമ ഇവർക്കു ജന്മനാ ലഭിക്കുന്നു. സ്വഭാവനൈർമ്മല്യത്തിന്റെ കാര്യത്തിലും ഇവർ അദ്വതീ

യരാണ്. എന്നാൽ രാക്ഷസകുലത്തിലുള്ള വരും വാനരകുലജാതകരും ശാപസ്ഥരായ ദേവതകളുമെല്ലാം ഇക്കൂട്ടത്തിലുണ്ട്. ഇവരും ശ്രേഷ്ഠവ്യക്തിത്വന്നുടമകളാണ്. എന്നാൽ പച്ചയായ മനുഷ്യസ്ഥിതിയിൽ ഈ കഥാ പാത്രങ്ങളെ പഠിക്കുമ്പോൾ വാക്മനോകർമ്മ ങ്ങളിൽ ലവലേശം അഹന്ത കലരാത്ത ഈ സ്ത്രീജന്മങ്ങൾ സ്വപതിമാരെ അനുയാത്ര ചെയ്ത് രാജ്യത്തെയും ജനത്തിനേയും തങ്ങ ളോടുചേർത്തു പിടിക്കുന്നതുകാണാം. ഇതി നായി സ്വകാര്യങ്ങൾ ഇവർ ത്യജിക്കുന്നതായി ഗ്രന്ഥകർത്താവ് പറഞ്ഞുവച്ചിരിക്കുന്നു.

കുന്തിയെന്ന മുൻനിര കഥാപാത്രത്തെ തന്നെയെടുക്കാം. ലോകത്തിന് വിലയേറിയ പല സന്ദേശങ്ങളും കുന്തീദേവിയുടെ ജിവി തവഴികളിൽ നിന്നു ലഭിക്കുന്നുണ്ട്. കൗമാ രകൗതുകത്തിലെ ചാപല്യങ്ങളിൽ പെട്ട് ജീ വിതകാലം മുഴുവൻ അതിന്റെ മാറാപ്പുംപേറി അലയുന്ന ഉരുകുന്ന കഥാപാത്രമാണ്. കുന്തി യെന്ന രാജമാതാവ്. കൗമാര നിഷ്കളങ്കത യ്ക്കുലഭിക്കുന്ന ശിക്ഷപോലെയാണ് ആദ്യ പ്രണയിയേയും അതിൽ നിന്നു ലഭിക്കുന്ന ആദ്യ സന്തതിയേയും ത്യജിക്കേണ്ടവരുന്ന അവസ്ഥ. എന്താനായി സ്വരാജകുലത്തിന്റെ മാനംകാക്കാൻ. ആ വേദന ആ ജീവനാന്തം അവർ നിശ്ശബ്ദം സഹിക്കുന്നു. പാണ്ഡുവു മായുള്ള വിവാഹശേഷവും കുലസംരക്ഷ ണത്തിനായി അസാമാന്യ മനക്കരുത്തൊടെ കുന്തീദേവി സാഹചര്യത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കുന്നു. സാമാന്യമനസ്സാക്ഷിയിൽ സംഭവ്യമോ എന്നു ചിന്തിക്കാവുന്ന കാര്യങ്ങ ളാണ് കുന്തീദേവി ചെയ്യുന്നത്. പാണ്ഡുവി ന്റെ വിയോഗത്തിൽ മനംനൊന്ത കുന്തി ജീ വത്യാഗത്തിനൊരുങ്ങുന്നു. എന്നാൽ അഞ്ചു സന്താനങ്ങളുടെ സംരക്ഷണം എന്ന ഉത്തര വാദിത്വം അവരെ അതിൽ നിന്നു പിൻതിരിപ്പി ക്കുന്നു. കൗരവപക്ഷത്തുനിന്നുണ്ടായ എല്ലാ വീഴ്ചകളെയും അതിജീവിച്ച് അഞ്ചു മക്കളെ യും ധർമ്മാധിഷ്ഠിതരും നീതിയുക്തന്മാരും രാജധർമ്മരീതിയിൽ അജയ്യരായവില്ലാളി വീര ന്മാരും ആയി വളർത്തിയെടുക്കുവാൻ കുന്തീ ദേവിക്കു കഴിയുന്നു. മഹാറാണിയായി കൊ ട്ടാരത്തിൽ കഴിയാത്ത സാഹചര്യവശാൽ ഭിക്ഷാംദേഹിയായി കാനനത്തിൽ അലയുന്ന മക്കൾക്കൊപ്പം അവർക്ക് ധൈര്യം പകർന്ന് കൂടെ നടക്കുകയായിരുന്നു ആ അമ്മ. മക്ക ളുടെ താഴ്ചവീഴ്ചകൾക്കൊപ്പം നില്ക്കുന്ന ആ മാതൃത്വം എന്നും മഹനീയമല്ലെ? എങ്കി ലോ ചോരപ്പുഴയൊഴുക്കിയ കുരുക്ഷേത്രഭൂമി തന്റെ മക്കൾക്ക് വിജയത്തിന്റെ ചെങ്കോലും കിരീടവും സമ്മാനിച്ചപ്പോൾ, നൂറു പുത്ര ന്മാരെ നഷ്ടപ്പെട്ട് ഹതഭാഗ്യരായി തീർന്ന അന്ധദമ്പതികളായ ധൃതരാഷ്ട്രഗാന്ധാരി മാർക്കൊപ്പം അവർക്കു തുണയായി വനവാ സത്തിനൊരുങ്ങുകയാണ് കുന്തീദേവി ചെ യ്യുന്നത്. ഇത്രയും മഹനീയ വ്യക്തിത്വത്തെ വ്യാസഭഗവാനല്ലാതെ ആർക്കു വരച്ചു കാട്ടു വാനാകും. ഇതാണ് ഭാരതസ്ത്രീത്വത്തെ കു റിച്ചുള്ള വ്യാസദർശനം.

മഹാഭാരതകഥയിൽ കുന്തീദേവിക്കൊപ്പം തന്ന നിൽക്കുന്ന കഥാപാത്രമാണ് ജ്യേഷ്ഠ പത്നിയായ ഗാന്ധാരി. രാജപുത്രി, രാജപത് നി അങ്ങനെ എല്ലാ സൗഭാഗ്യങ്ങളും തിക ഞ്ഞവൾ. എങ്കിലോ ഭർത്താവിന്റെ അന്ധത്വം സ്വയം വരിച്ച പതിവ്രതിരത്നം. എന്നാൽ നല്ലൊരമ്മയായിരുന്നോ ഗാന്ധാരി ദേവി എന്ന് പല ഗ്രന്ഥനിരൂപകരും ചിന്തിക്കുന്നതാ യി കാണാം. കാരണം കൗരവകുമാരന്മാരുടെ ജനനം തന്നെ ആധുനികശാസ്ത്രലോകത്തെ വെല്ലും വിധമാണ്. സ്വപുത്രന്മാരുടെ ചെയ് തികൾക്കു മുന്നിലും ഗാന്ധാരി അന്ധയായി തന്നെ നിലകൊള്ളുന്നതാണ് കാണുന്നത്. കൗരവകുമാരന്മാർ അധർമ്മത്തിന്റെ ആൾരൂ പങ്ങളായി മാറുമ്പോഴും ഗാന്ധാരി മാതാവ് അന്ധത്വത്തിൽ തന്നെ തുടരുന്നു. എന്നാൽ പുത്രസ്നേഹത്താൽ അന്ധനായ അനൃപേ രുനെ വിവേകചിന്തയിലേക്ക് നയിക്കാൻ ചില സന്ദർഭങ്ങളിൽ ഗാന്ധാരീദേവി ശ്രമി

ക്കുന്നുണ്ട്. എന്നാൽ ആ ശ്രമമൊന്നും ഫലം കാണുന്നില്ല. തന്റെ മക്കളുടെദാരുണാന്ത്യാം മനക്കണ്ണിൽ ദർശിക്കുന്ന ഗാന്ധാരി യതോ ധർമ്മസ്തതോ ജയ എന്നു ചിന്തിച്ചിരിക്കാം. യുദ്ധക്കളത്തിൽ മുരിച്ചു വീണ നൂറ്റാവരെയും മറ്റുബന്ധുക്കളെയും കാണുവാനാണ് ഗാന്ധാരീ മാതാവ് കാഴ്ച ഉപയോഗിക്കുന്നത്. ഗാന്ധാരീ വിലാപം അത്യന്തം ഹൃദയഭേദകമാണ്. എന്നാൽ പാൺവർക്കുനേരെ പ്രകോപനമൊന്നും കൈ കൊള്ളാതെ പിതൃകർമ്മതർപ്പണത്തിനായി ഒരാളെയെങ്കിലും ബാക്കി വക്കാമായിരുന്നു എന്നാണ് ആതപ്തമാതൃഹൃദയത്തെകൊണ്ട് വ്യാസൻ പറയിപ്പിക്കുന്നത്.

പാണ്ഡവരെ ഗാന്ധാരി നോക്കുന്നില്ല. ദൃഷ്ടിപാതത്താൽ എന്തും ഭസ്മീകരിക്കാൻ പോരുന്ന ശക്തി ഗാന്ധാരിക്കുണ്ട്. അത് അവർക്കറിയാം. ഇത് തപശക്തിയാലൊന്നും നേടിയ സിദ്ധിയല്ല. മറിച്ച് ജീവിതം തന്നെ തപസ്സായി മാറ്റി നേടിയ ആ മനശക്തി ഗാന്ധാരീദേവി ഒരിക്കലും ഉപയോഗിക്കുന്നില്ല. എന്നാൽ അപദ്ധവശാൽ വസ്ത്രാഞ്ചലം കരിഞ്ഞുപോകുന്നതും കുനഖിയായി തീരുന്നതുമൊക്കെ കഥാഗതിയിൽ അങ്ങിങ്ങു കാണാം. യുദ്ധഭൂമി സന്ദർശിക്കുന്ന ഗാന്ധാരി മനംകൈവിട്ട് ശ്രേഷ്ഠവ്യക്തിത്വങ്ങളെ തന്നെ ചോദ്യം ചെയ്യുന്നുണ്ട്. യുദ്ധത്തിൽ സത്യ ദീക്ഷയില്ലാത്ത യുദ്ധധർമ്മങ്ങൾ വെടിഞ്ഞുള്ള പ്രവൃത്തികൾ എന്തിനു ചെയ്തു എന്നാണ് അവിടെ ചോദ്യം സർവം നഷ്ടമായ ഈ സന്ദർഭത്തിലും അവരുടെ സത്വത്തിന്റെ ഉജ്ജ്വലതയും മനസ്സിന്റെ ശക്തിയുമൊക്കെയാണ് കാവ്യകാരൻ വിളബരം ചെയ്യുന്നത്. യുദ്ധം നീതിക്കു വേണ്ടിയാണ് ചെയ്തിട്ടുള്ളത് എന്ന് മുനിമാർ ഗാന്ധാരിയെ ആശ്വസിപ്പിക്കുന്നു. വിജയം നീതിയെ പിൻതുടരുന്നു എന്നാണല്ലോ താൻ തന്റെ മക്കളെ പഠിപ്പിച്ചതെന്ന് ആ തപ്തമാതൃഹൃദയം ഒരു പക്ഷേ ചിന്തിരിച്ചിക്കാം. യുദ്ധഭൂമിയിൽ ന്യായാന്യായ ചിന്തനത്തിന് പ്രസക്തിയില്ല എന്നും ഇരുഭാഗത്തും അക്ഷന്തവുമായ കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നു എന്നും ഗാന്ധാരിയെ വിജയരായവർ പറഞ്ഞു മനസ്സിലാക്കുന്നു. എന്നിട്ടും സ്വന്തബന്ധങ്ങളൊന്നും ചിന്തിക്കാതെ ധർമ്മസംസ്ഥാപനത്തിനായി സർവനാശത്തിനും ഹേതുവായി കൂടെ നിന്ന തേരാളിയെ, ശ്രീകൃഷ്ണഭഗവാനെ ഗാന്ധാരി ഉള്ളുലഞ്ഞു ശപിക്കുന്നു. ഭഗവാൻ ചെറുപുഞ്ചിരിയോടെ ശാപം ശിരസാ സ്വീകരിക്കുന്നു. സ്ത്രീത്വത്തിന്റെ മറ്റൊരു മുഖഭാവമാണ് ഈ സന്ദർഭങ്ങളിൽ ഗ്രന്ഥകാരൻ ആവിഷ്ക്കരിക്കുന്നത്.

മഹാഭാരതത്തിലെ മറ്റൊരു പ്രധാനസ്ത്രീകഥാപാത്രമാണ് ദ്രൗപതി. ദ്രുപതപുത്രി, രാജകന്യക കരുത്തിന്റെ പ്രതീകങ്ങളായ അഞ്ചുപുരുഷകേസരികളാൽ ചുറ്റപ്പെട്ടവൾ, എങ്കിലോ ഇത്രയും അപമാനിക്കപ്പെട്ട ഒരു സ്ത്രീ കഥാപാത്രം മറ്റെവിടെയെങ്കിലും കാണുമോ എന്നത് സംശയമാണ്. പക്ഷെ ഒരിക്കലും ദ്രൗപതി നിശ്ശബ്ദയായിട്ടില്ല. പക്ഷെ ആ സ്ത്രീത്വത്തിന്റെ സങ്കടങ്ങൾ ആരും അന്വേഷിക്കുന്നതായിപോലും കാണുന്നില്ല. ആഗ്രഹിച്ചു വരിച്ച ഭർത്താവിനൊപ്പം അഞ്ചുപേരുടെ പത്നിയാകുവാനുള്ള യോഗമാണ് വിധി അവൾക്കു നൽകുന്നത്. ധർമ്മം വീര്യം ശൗര്യം പരാക്രമം അയോധനാ വൈഭവം തുടങ്ങി എല്ലാം തികഞ്ഞ മാനുഷിക ഭാവങ്ങൾ ആയിരുന്നു ഈ ഐവരും. ഈ അവസ്ഥയെ ദ്രൗപതി ലാഘവത്തോടെ അതിജീവിച്ചു ജീവിക്കുന്നതായിട്ടാണ് വ്യാസന്റെ അവതരണത്തിൽ കാണുന്നത്. അപമാനങ്ങളിൽ നിന്ന് അപമാനങ്ങളിലേക്ക് താഴത്തപ്പെടുമ്പോഴാണ് പാഞ്ചാലി പ്രതിരോധത്തിലേക്കു കടക്കുന്നത്. അല്ലാതെ നോക്കിയാൽ സ്വയംസഹിക്കുന്നവൾ തന്നെയാണ് പാഞ്ചാലി എന്ന കഥാപാത്രം. സ്വയംവരസമയത്തേ ദ്രൗപതി കർണ്ണനെ പരിഹസിക്കുന്നുണ്ട്. അതു പോലെ സ്ഥലജലഭ്രമത്തിൽ അകപ്പെടുന്ന ദുര്യോധനനെ ഭീമനോടൊപ്പം പാഞ്ചാലിയും പരിഹസിച്ചു ചിരിക്കുന്നതായി കാണുന്നു. ഇക്കാരണങ്ങളാലൊക്കെ അന്നേ ദുര്യോധനന്റെ കണ്ണിലെ കരടാണ് പാഞ്ചാലി. പാഞ്ചാലിയുടെ ആ ചിരിയിൽ നിന്നുണ്ടായ പകയാണ് വസ്ത്രാക്ഷേപം വരെ കൊണ്ടെത്തിച്ചത് എന്നും വിവക്ഷയുണ്ട്.

*(തുടരും)*

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ഓം

## 1199 കുംഭമാസ ഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം)



ഔദ്യോഗിക രംഗത്ത് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരും പോലിസ് സൈന്യം നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് തൊഴിലിൽ ഉയർച്ചക്ക് സാധ്യത ഉണ്ട്. മാർച്ച് 3 4, തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ബുധനാഴ്ച്ച ദിവസം ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്

(ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി)



വിവാഹിതരാകാൻ ശ്രമിക്കുന്നവർക്കും വാഹനം വീട് എന്നിവ വാങ്ങാനാഗ്രഹിക്കുന്നവർക്കും ആഗ്രഹ പൂർത്തീകരണത്തിന് സാധ്യത ഉണ്ട്.മാർച്ച് 5 6 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. ലക്ഷ്മി നാരായണ മന്ത്രാർച്ചന വൈഷണവ ക്ഷേത്ര ദർശ്ശനം എന്നിവ നടത്തുക .

(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം).



കാര്യസിദ്ധി ധന ലാഭം എന്നീ ഗുണങ്ങൾക്ക് ഒപ്പം തൊഴിൽ സമർദ്ദം ഭയം അമിതമായ ടെൻഷൻ ഉദര സംബന്ധമായ രോഗമുള്ളവർക്ക് രോഗം മൂർച്ഛിക്കാം. മാർച്ച് 7 8 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ബുധനാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രവും ചൊവ്വാഴ്ച്ച ദിവസം ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.

(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം)



വിവാഹ ലാഭം വീടും സ്ഥലവും വാഹനവും വാങ്ങിക്കുവാൻ ശ്രമിക്കുന്നവർക്കും അനുകൂല സാഹചര്യങ്ങൾ ഒത്തു വരും വിദ്യാർത്ഥികൾക്ക് അലസതയും തടസ്സങ്ങളും ഉണ്ടാവാം മാർച്ച് 9 10 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്ത തിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും മന്ത്രജപവും ശനിദോഷ നിവാരണ അർച്ചനയും ചെയ്യുന്നത് നല്ലതാണ്.

(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം)



ധനപരമായ പ്രശ്നങ്ങൾക്ക് നിവൃത്തി ഉണ്ടാ കും. വിദ്യാർത്ഥികൾ അലസത മാറ്റിയാൽ കഴിവ് തെളിയിക്കാൻ സാധിക്കും വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ ലഭിക്കും' മാർച്ച് 11 12 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂജ എന്നിവ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.

(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി)



ചില അപ്രതീക്ഷിത ഭാഗ്യാനുഭവങ്ങൾ ഉണ്ടാകാമെങ്കിലും, ധന വ്യയം കൂടുക തീരുമാനിച്ചുറച്ച ചില കാര്യങ്ങളിൽ നിന്നും പിൻമാറാൻ തോന്നുന്ന സാഹചര്യങ്ങൾ ഉണ്ടാകുക. ശരിയായ തീരുമാനങ്ങൾ എടുക്കാൻ ബുദ്ധിമുട്ടുണ്ടാകുക അനുഭവപ്പെടും. ഫെബ്രുവരി 15 16 ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യു ക.

തുലാക്കൂർ (ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.)



കാലങ്ങളായി ലഭ്യമല്ലാതിരുന്ന പൂർവ്വീക സ്വത്തുവകകളിൽ നിന്നും നേട്ടം ഉണ്ടാകാം. വ്യവഹാം ങ്ങളിൽ അനുകൂല ഫലം ലഭിക്കാൻ സാധ്യത ഉണ്ട്. ഗൃഹത്തിനും വാഹനങ്ങൾക്കും അറ്റകുറ്റപണികൾ വരുന്നതിനാൽ ധന വ്യയം ഉണ്ടാകും. ഫെബ്രുവരി 17, 18 പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശത്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.

(വൃശ്ചിക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട )




സർക്കാർ സഹായത്തോടെ വീട് നിർമ്മിക്കാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹ സാഫല്യം ലഭിക്കും പിരിഞ്ഞു കഴിയുന്ന ദമ്പതികൾ തമ്മിൽ ഒന്നിക്കാൻ സാധ്യത ഉണ്ട്. ഉദര രോഗങ്ങളും, പ്രമേഹ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവരും ചികത്സയിലും മറ്റ് കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തണം. 20, 21 ഫെബ്രുവരി ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.

(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം.)




വീട് മോടി പിടിപ്പിക്കുവാൻ വേണ്ടി ധനം ചിലവഴിക്കും വാഹന രംഗത്ത് നിന്നും ധനപരമായ ഗുണങ്ങൾ പ്രതീക്ഷിക്കാം. സന്താനങ്ങൾക്ക് വിദ്യാഭിവൃദ്ധി ഉണ്ടാകും തൊഴിൽ രംഗത്ത് മനസംതൃപതി കുറയും. ഫെബ്രുവരി 22, 23 തിയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പ് പ്രീതികരമായ വഴി പാടുകൾ നടത്തുക

(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി)



വീട് വാഹനം എന്നിവ വാങ്ങാനും നവീകരിക്കാനും ശ്രമിക്കുന്നവർക്ക് കാര്യസാധ്യത ഉണ്ട്. വിദ്യാർത്ഥികൾക്ക് അലസത കൂടും. അനാവശ്യ ചിലവുകൾ വർദ്ധിക്കും. വിവാദ വിഷയങ്ങളിൽ നിന്നും വിട്ട് നിൽക്കണം. ഫെബ്രുവരി 24, 25 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.

(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം)



ധന പരമായ പ്രതിസന്ധികൾ നേരിടേണ്ടി വരാവുന്നതിനാൽ സാമ്പത്തിക വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ട കാലമാണ്. പ്രശ്നങ്ങൾശ്വാസകോശ സംബന്ധമായ ഉള്ളവർ രോഗം രൂക്ഷമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് ഫെബ്രുവരി 27, 28 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.

(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി )




വിദ്യാർത്ഥി കൾക്ക് അനുകൂല ഫലങ്ങളും ഭാഗ്യാനുഭവങ്ങളും ഉണ്ടാകാം. അപ്രതിക്ഷിത ധനലാഭം പ്രതീക്ഷിക്കാം. ദാമ്പത്യ കലഹത്തിന് സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. അലർജി സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ ശ്രദ്ധിക്കണം. ഫെബ്രുവരി 29, മാർച്ച് 1 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***

# MANGALYAM MATRIMONIAL
# വധുവിനെ ആവശ്യമുണ്ട്

Nambiar-Nair Boy, 33yrs, 170cm, Karthika 3/4(Edavam),B.Tech-MBA, Teritorry Manager - Sales Marketing with an MNC Electrical Industry placed at Ernakulam,Pref: Girls from Nambiar family, Professionally qualified and preferably employed, Mob:91+ 09449596908, 9380115593


Email:ppcnambiar@gmail.com
Date of Birth:23-8-1989(2.04pm)
Sishta Dasa: Ravi : 4-1-29




Contact Address:
Parents Originally from Kannur and Presently living in Bangalore

Nair/Menon/ Boy, 36yrs/167cm, Chithira ,Wheatish,BA, LLB(Hons) (JMU,Delhi), Advocate,Ernakulam ,Divorcee, Pref: Educated,homeloving girls,Divorced without issues, Mob:9605001951, 9645664446


Email:rudraputhrar@gmail.com
Date of Birth:17-3-1987(6.08pm)
Sishta Dasa:Kuja:5-3-3




Contact Address:
SMT.K GAYATHRI
RADHAKRISHNAN
VIGNEASWARA
PALLIYIL LANE, DIWANS ROAD
ERNAKULAM, KOCHI 682016

Nair Boy, 30/170cm,Bharani,B.Tech-Mechanical, Design Engineer,M/s. Applied Materials, Bangalore, Pref:Graduate/Professionals Mob:9447875427, 9995564469

Email:gokulanek@gmail.com
Date of Birth:6-9-1993(9.04pm)
Sishta Dasa:Venus:8-10-9




Contact Address:
MR.GOKULAN E. K
PISHARAM
TEMPLE ROAD,
KADAVANTHARA
KOCHI 682020

*(പേജ് 39ന്റെ തുടർച്ച)*

ദ്രാവകവും ടിഷ്യൂ പരിശോധനകളും നടത്താവുന്നതാണ്.

**ചികിത്സ**- ശസ്ത്രക്രിയ, റേഡിയേഷൻ, ഔഷധപ്രയോഗം ഇവയാണ് ഈ രോഗത്തിന്റെ പ്രതിവിധികൾ. രോഗം ആരംഭത്തിൽ തന്നേ കണ്ടുപിടിയ്ക്കാൻ സാധിച്ചാൽ, ശസ്ത്രക്രിയയാണ് ഏറ്റവും നല്ല മാർഗ്ഗം. രോഗത്തിന്റെ സ്ഥാനവും വ്രണത്തിന്റെ വലിപ്പവും അനുസരിച്ച് ഒരു ശ്വാസകോശത്തിന്റെ ഒരു ഭാഗമോ, ഒരു ശ്വാസകോശം മുഴുവനായോ നീക്കം ചെയ്യാം.

ശസ്ത്രക്രിയയ്ക്കു പറ്റാത്ത രോഗികളേയാണ് റേഡിയേഷനും, ഔഷധപ്രയോഗത്തിനും, വിധേയരാക്കുന്നത്. ഇവയെല്ലാം കൊണ്ട്, രോഗിയ്ക്ക് വളരെ അധികം ആശ്വാസം നൽകുന്നതിനും, ഒരു ചെറിയ ശതമാനം രോഗികളിൽ രോഗം പരിപൂർണ്ണമായും സുഖപ്പെടുത്തുന്നതിനും സാധിയ്ക്കുന്നതാണ്.

**റേഡിയേഷൻ ചികിത്സയ്ക്കുള്ള പ്രധാന മാർഗ്ഗങ്ങൾ**

പണ്ടുകാലത്ത് ഡീപ്പ് എക്സറേ റേഡിയം സൂചി അവയവങ്ങളിൽ കുത്തിവയ്ക്കുകയും മറ്റുമായിരുന്നു.

ഇപ്പോൾ പ്രധാനമായി കോബോൾട്ട് മറ്റു തരം ഐസോടോപ്പുകൾ മുതലായവയാണ്.

എങ്കിലും രോഗം നേരത്തേ കണ്ടുപിടിയ്ക്കുന്നതിലുള്ള സാമർത്ഥ്യവും, രോഗി ആകാതിരിയ്ക്കുവാൻ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിയ്ക്കുകയുമാണ് ആ മഹാമാരിയിൽ നിന്നു രക്ഷനേടാനുള്ള ഏക മാർഗ്ഗം.

*****



### എറണാകുളം കരയോഗത്തിന്റെ 37-ാമത്

# ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം

**ടി ഡി എം ഹാളിൽ, 2024 ഫെബ്രുവരി 18 ഞായറാഴ്ച മുതൽ 25 ഞായറാഴ്ച വരെ**



## യജ്ഞാചാര്യൻ : വിദ്യാവാചസ്പതി ജ്ഞാനഹംസം

## ബ്രഹ്മശ്രീ കിഴക്കുമ്പാട്ട് വിനോദകുമാരശർമ്മ

### നാരായണീയ സർവ്വൈശ്വര്യപൂജ (വിളക്കുപൂജ)

**18-02-2024 ഞായറാഴ്ച രാവിലെ 8.00 ന്**

എറണാകുളം കരയോഗം, ടി.ഡി.എം. ഹാൾ കോംപ്ലക്സ്,
ഡി.എ.ച്ച്. റോഡ്, കൊച്ചി - 682016, ഫോൺ- +91-484 2361160
E-mail:ekmkgm@gmail.com, Web:- www.ernakulamkarayogam.com

---



2024 ജനുവരി 26 റിപ്പബ്ലിക്ക് ദിനത്തിൽ എറണാകുളം കരയോഗം, ടി.ഡി.എം. ഹാളിൽ ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) പതാക ഉയർത്തുന്നു.




2024 ജനുവരി 23ന് എറണാകുളം ശിവക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടന്ന ആറാട്ട് എഴുന്നള്ളത്തിന് എറണാകുളം കരയോഗം, ടി.ഡി.എം. ഹാളിൽ നൽകിയ സ്വീകരണത്തിൽ നിന്ന്

DATE OF PUBLICATION: 10-02-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 | FEBRUARY 2024 | Issue No. 2

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

കൊച്ചിയെ UNESCO പൈതൃക പട്ടികയിൽ ഉൾക്കൊള്ളിക്കുവാൻ വേണ്ടിയുള്ള
**'നമ്മുടെ കൊച്ചി'**
എന്ന പ്രൊജക്റ്റിനെക്കുറിച്ചുള്ള ചർച്ച 17-02-2024 ശനിയാഴ്ച 4 മണി മുതൽ 6 മണി വരെ ടിഡിഎം ഹാളിൽ നടത്തുന്നു.
**ഏവർക്കും സ്വാഗതം.**

## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

### അകായിലെ സംഗീതം

18 - 02 - 2024 വൈകിട്ട് 4 മണിക്ക്
ടി.ഡി.എം. ഹാളിൽ

**വിദ്യാസാഗറിന്റെ പാട്ടുകൾ**
**ഏവർക്കും സ്വാഗതം.**

## ബീം ഫെബ്രുവരി മാസ പരിപാടി

### ഭരതനാട്യം

**അമൃത ജയശങ്കർ**

**23 - 02 - 2024 വെള്ളിയാഴ്ച**
**വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ**
**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം